ശ്രീ. പാറയിൽ ഷംസുദ്ദീൻ: ഇപ്പോഴം അതിന്റെ പണി തുടർന്നു നടക്കാതിരിക്കുന്നതു് ഫണ്ടു്സിന്റെ കുറവുകൊണ്ടാണെന്നു കേൾക്കുന്നതു ശരിയാണോ? അതു ശരിയാണെങ്കിൽ ഇതിനുവേണ്ടി അലാട്ടുചെയ്തിരുന്ന ഫണ്ടിനു എന്തു പറ്റി?

ശ്രീ. എം. പി. ഗോവിന്ദൻനായർ: ഫണ്ടിനു് ഒന്നും പറ്റിയിട്ടില്ല. ഇതിനാവശ്യമായ സ്ഥലം അകപയർ ചെയ്തു കിട്ടിയില്ല. അതു കിട്ടിയാൽ ഉടനെ പണി തുടർന്നു നടത്താവുന്നതാണു്.

LEGISLATIVE BUSINESS

The Kerala Land Reforms Bill, 1963--(*contd.*)

ശ്രീ. ആർ. കൃഷ്ണൻ: 80 (1) ഏ എടുത്തുകളയണമെന്നുള്ളതാണു് എന്റെ ഭേദഗതി. കല്യാണം കഴിച്ചിട്ടില്ലാത്ത പ്രായപൂത്തിവന്ന ഒരാളെ ഒരു കുടുംബമായി കണക്കാക്കിയാൽ പരിധിയുടെ കാര്യത്തിൽ വളരെയധികം പാകപ്പിഴകം ഉണ്ടാകാൻ കാരണമാകും. വായിച്ചാൽ അത്ര ദോഷകരമായി തോന്നുന്നില്ലെങ്കിലും ഫലത്തിൽ അങ്ങനെയാണു വരാൻ പോകുന്നതു്. മുൻനിയമത്തിലാണെങ്കിൽ പ്രായപൂർത്തിവന്നിട്ടുള്ള ഇത്തരം ആളിനു് സീലിംഗിന്റെ പകുതിയാണു അനുവദിച്ചിരുന്നതു്. ഇപ്പോഴം അതു മുഴവനുമാകുന്നു. ഇതിന്റെ പ്രത്യാഘാതം സ്റ്റാൻഡോർഡു് ഏക്കറായിട്ടുകൂടി കണക്കാക്കുമ്പോഴം വളരെയധികം വ്യത്യാസം മുൻനിയമത്തിലും ഈ ബില്ലിലുമായി വരാൻ ഇടയുണ്ടെന്നുള്ളതു് വ്യക്തമാണു്. മുൻനിയമമനുസരിച്ചു് അച്ചൻ, അമ്മ, മൈനർ കുട്ടികളം എന്നിവരുടെ കൂട്ടത്തിൽ ഒരു പ്രായപൂത്തിവന്ന മകനും ഉണ്ടെന്നിരിക്കട്ടെ. അവർക്കു് കിട്ടാൻ പോകുന്നതു് പരിധിയിൽ പകുതി ഇരുപ്പുനിലവും ബാക്കി ഒരുപ്പുനിലവുമായാൽ മുപ്പത്തിമുന്നേമുക്കാൽ ഏക്കറാണു്. ഈ ബില്ലനുസരിച്ചു് അതു് അറുപതു ഏക്കറാകും. ഇതുമാത്രമല്ല ഇതിന്റെ ആപത്തു്. ഇതിനുമുൻപു നാം അംഗീകരിച്ചിട്ടുള്ള വകുപ്പുകളം അനുസരിച്ചു് കുടിയാന്റെ കയ്യിൽ മിച്ചംവരുന്നഭൂമി പരിധിവരെ ഒഴിപ്പിച്ചെടുക്കാൻ ഭൂവുടമസ്ഥന്മാർക്കു് അവകാശം കൊടുത്തിട്ടുണ്ടു്. മുൻനിയമത്തിലാണെങ്കിൽ എങ്ങനെയായാലും അഞ്ചേക്കറിൽ അധികം എടുക്കാൻ പാടില്ലായിരുന്നു. ഇപ്പോഴം പരിധിവരെ ഒഴിപ്പിച്ചെടുക്കാൻ ഉടമസ്ഥന്മാർക്കു് അവകാശമുണ്ടു്. വളരെയധികം കുടിയാന്മാരുള്ള ജന്മിമാർ നമ്മുടെ നാട്ടിലുണ്ടു്. തിരുവിതാംകൂറിൽഉണ്ടോഎന്നു്എനിക്കറിഞ്ഞുകൂടാ. ഏതായാലും മലബാറിലും കൊച്ചിയിലും ധാരാളം കാണും. അവരുടെ കുടുംബത്തിലുള്ള പ്രായപൂത്തിയായിട്ടുള്ള ഓരോരുത്തർക്കും പരിധിവരെ ഭൂമി ഒഴിപ്പിച്ചു കൈവശം വയ്ക്കാനുള്ള അവസരം കൊടുക്കുകയാണെങ്കിൽ, വലിയ ജന്മി തറവാടുകളിലെ പ്രായപൂത്തിവന്നവരുടെ എണ്ണം കണക്കാക്കി ഞാൻ പറഞ്ഞ തോതിലുള്ള ഏതാണ്ടു 60 ഏക്കർവരെ ഓരോരുത്തർക്കും ഒഴിപ്പിക്കാനുള്ള സൗകര്യം കൊടുക്കുകയാണെങ്കിൽ പിന്നെ മിച്ചഭൂമി എവിടുന്നുണ്ടാകാനാണു്. മിച്ചഭൂമിയുടെ കാര്യത്തിൽ മാത്രമല്ല' കുഴപ്പംവരുന്നതു്. കുടിയാന്മാർ പരിധിവരെ കൈവശംവച്ചു ബാക്കി ഭൂമി ജന്മിക്കു് പരിധിവരെ എടുക്കാൻ അവസരം കൊടുക്കുമ്പോഴം കുടിയാനു കിട്ടുന്ന പ്രതിഫലവും വളരെ കുറവാണു്.

മുൻനിയമം അനുസരിച്ചു്കുടിയാൻ മിച്ചഭൂമി സറണ്ടർചെയ്യുന്ന സമയത്തു് കുടിയാൻ എന്നുള്ള അവകാശത്തിന്റെ വില കിട്ടുമായിരുന്നു. ഇന്നത്തെ നിയമപ്രകാരം അതു കുടിയാനു നഷ്ടപ്പെട്ടിരിക്കുകയാണു്. പ്രതിഫലം കുടിയാനു കുടിയായ്മാവകാശത്തിന്റെ തോതനുസരിച്ചു് കിട്ടാത്ത തരത്തിലാണു് ഇപ്പോഴത്തെ നിയമം. ഇതൊക്കെ ദൂരവ്യാപകമായ ഫലം ഉണ്ടാക്കുന്നതാണു്. പരിധി നിശ്ചയിച്ചു് മിച്ചഭൂമി വിതരണം ചെയ്യണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ.ആർ. കൃഷ്ണൻ]

ള്ളതാണ് ഭൂപരിഷ്കരണത്തിന്റെ മുഖ്യമായ ഉദ്ദേശമെന്നും പ്ലാനിംഗ് കമ്മിഷൻ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഭൂപരിഷ്കരണനിയമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദ്ദേശങ്ങളിൽ ഒന്നാണ്, ഇൻകൺസീവ് കംപ്പിറ്റീവേഷൻ. വലിയ തോതിൽ കൃഷിഭൂമി കൈവശമുള്ളവർ എത്രതന്നെ പരിശ്രമിച്ചാലും, ഇൻറൻസീവായിട്ട കൃഷിചെയ്ത് വിജയിപ്പിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ഭൂമിയുടെ പരിധി കുറച്ച്, ഉള്ള ഭൂമി നന്നായിട്ട കൃഷി ചെയ്യാൻ അവസരം കൊടുക്കുകയായിരിക്കും നല്ലത്. ഏറ്റവും ചുരുങ്ങിയ പരിധിയിൽ, ഏറ്റവും നന്നായി വിളയിക്കാൻ ശ്രമിക്കുക എന്നതാണ് ഈ കാര്യത്തിൽ പ്രധാന തത്വമായി സ്വീകരിച്ചിട്ടുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം നമുക്ക് ഭൂമി വളരെ കുറവാണ്; ജനസംഖ്യ വളരെ കൂടുതലും. നമ്മുടെ നാട്ടിലെ ആളുകളും ഭൂരിപക്ഷവും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. ഭൂരിപക്ഷം തൊഴിലില്ലാത്തവരിൽ ഒരു നല്ല വിഭാഗം കർഷകത്തൊഴിലാളികളാണ്. അങ്ങനെയുള്ളവർക്ക് തൊഴിൽ കിട്ടാൻ പരിധി കുറച്ച ബാക്കിയുള്ള ഭൂമി വിതരണം ചെയ്യാൻ സാധിക്കണം. അങ്ങനെ പരിധി ന്യായമായി നിശ്ചയിച്ച് മിച്ചഭൂമി വിതരണംചെയ്ത് നല്ലപോലെ കൃഷി ചെയ്യാൻ സാധിച്ചാൽ കൊച്ചു കേരളത്തിലെ സാമ്പത്തികനില അഭിവൃദ്ധിപ്പെടുന്നതാണ്. ഇതുതന്നെയാണ് ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലും ഉണ്ടാകേണ്ടത്. അതുകൊണ്ടാണ് പ്ലാനിംഗ് കമ്മിഷൻ റിപ്പോർട്ടിൽ, പരിധിവരെ കൈവശം വച്ചിട്ട മിച്ചഭൂമി വിതരണം ചെയ്യണമെന്ന നിർദ്ദേശിച്ചിട്ടുള്ളത്. കൃഷിമൂലം അധികം ആളുകൾക്കും തൊഴിൽ കിട്ടുക, ഉൽപാദനം കൂടുതൽ വർദ്ധിക്കുക, നമ്മുടെ ക്ഷേമൈശ്വര്യം കഴിയുന്നതും ഇല്ലായ്മചെയ്യുക, മിച്ചഭൂമി ഗവണ്മെന്റ് ഏറ്റെടുക്കുമ്പോൾ ജന്മിമാർക്ക് കൊടുക്കുന്ന പ്രതിഫലം രാജ്യത്തിന് ഏതെങ്കിലും വ്യവസായങ്ങൾക്ക് മുടക്കി ആ വിധത്തിൽ കുറേ തൊഴിലാളികൾക്ക് പണി നൽകുക എന്നിങ്ങനെ പല നല്ല ഉദ്ദേശങ്ങളും കാർഷികപരിഷ്കരണത്തിൽ മുഖ്യമായിട്ടുള്ളതാണെന്ന പ്ലാനിംഗ് കമ്മിഷന്റെ റിപ്പോർട്ടിൽ കാണാം. ഈ നല്ല ഉദ്ദേശങ്ങളെയെല്ലാം തകർക്കുകയാണ് ഈ പുതിയ നിയമം. ഇതു കരുതിക്കൂട്ടി ചെയ്തിട്ടുള്ളതാണെന്ന ഇവിടെ നടന്ന ചർച്ചകളിൽ പലപ്പോഴും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്, ഞാൻ ആ ഭാഗത്തേക്ക് കടക്കുന്നില്ല. അങ്ങനെ പ്ലാനിംഗ് കമ്മിഷന്റെയും, രാജ്യത്തിന്റെയും, ജനങ്ങളുടെയും നിർദ്ദേശങ്ങൾക്കും, ആവശ്യങ്ങൾക്കും കടകവിരുദ്ധമായിട്ടുള്ള വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ സംസ്ഥാനം ഒരു ഭൂപരിഷ്കരണനിയമം നടപ്പാക്കിയതെന്ന് അവകാശപ്പെടാൻ പോകുന്നത്. കേന്ദ്രഗവണ്മെൻറിനെയും, പ്ലാനിംഗ് കമ്മിഷനെയും, നാട്ടുകാരെയും തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ജന്മിമാരെ ആകാവുന്നിടത്തോളം സഹായിക്കാൻ പറ്റിയ രീതിയിൽ, അവർക്ക് ഭൂമി കൈവശം വയ്ക്കാനും, കൂടുതൽ പ്രതിഫലം കിട്ടാനും സൗകര്യകരം വർദ്ധിപ്പിച്ച് ഇങ്ങനെയൊരു നിയമം കൊണ്ടുവന്നിരിക്കുകയാണ്. സർ, എന്റെ ദേഹത്തിന് നിർദ്ദോഷമാണ്. അതു സ്വീകരിക്കാതിരുന്നാൽ കൂടുതൽ കഴപ്പത്തിനു കാരണമുണ്ടാകും. ഗവണ്മെൻറ് ഈ കാര്യത്തിൽ ഒരു പുനഃപരിശോധന ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, ഇതിൽ ഒഴിപ്പിക്കാനുള്ള അവസരം കൂടുതൽ കൊടുത്തിട്ടുള്ളത് കൂടുതൽ അപകടകരമായി വരാൻ പോവുകയാണ്. ഒഴിപ്പിക്കാനുള്ള സൗകര്യം ജന്മിമാർക്ക് കൂടുതൽ കൊടുക്കുന്നുണ്ട്. ലീഗലായിട്ട് രണ്ടു ഭാര്യമാരുണ്ടെങ്കിൽ, ഒരു ഭാര്യയും, തീർത്താവിനും കുട്ടികൾക്കും സീലിംഗുവരെയും, മറേറ ഭാര്യയ്ക്ക് കുട്ടികളുണ്ടെങ്കിൽ അതിൽ പകുതിവരെയും ആയിരുന്നു മുൻ നിയമത്തിലെ വ്യവസ്ഥ. ഇതിൽ രണ്ടും സീലിംഗുവരെ ആകാമെന്നാണ് വ്യവസ്ഥ. അതുപോലെതന്നെ രണ്ടുമൂന്നു മക്കളും അവിവാഹിതരായിട്ടുണ്ടെങ്കിൽ, അവർക്ക് ഓരോ സീലിംഗ് വയ്ക്കാം. കല്യാണം കഴിയുമ്പോഴും അവരുടെ സീലിംഗ് കൈവശം വയ്ക്കാം. കൂടിയാലും കല്യാണം കഴിക്കാത്ത മുതിർന്നതായ മക്കളുണ്ടെങ്കിൽ അവർക്ക് ഓരോരുത്തർക്കും പ്രത്യേകം സീലിംഗ്

LIBRARY ARCHIVES Kerala Legislative Assembly

വരെ അനുവദിക്കാൻ ഈ വകുപ്പ് വ്യവസ്ഥ ചെയ്തിട്ട്, ഇന്നലെ ഇവിടെ അംഗീകരിച്ച ഒരു വകുപ്പ പ്രകാരം വലിയവലിയ തോട്ടം ഉടമകൾക്ക കുടികിടപ്പുകാരെ ഒഴിപ്പിക്കാനുള്ള സൗകര്യംകൂടി കൊടുത്തിരിക്കുകയാണ്. ഗവണ്മെൻറ് പ്രത്യേകിച്ച് മന്ത്രി ഈ കാര്യത്തിൽ സ്വീകരിച്ച നിലപാട് വളരെ വ്യക്തമാണ്. 'അച്ഛന്റെ മടിയിൽ ഇരിക്കുകയും വേണം, അമ്മയുടെ പാലു കുടിക്കുകയുംവേണം' എന്ന മട്ടിലാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അതിന്റെ അർത്ഥം ഒന്നു വ്യക്തമാക്കണം.

ശ്രീ. ആർ. കൃഷ്ണൻ: കുട്ടി കരയാൻ തുടങ്ങി, കരച്ചിൽ നിറുത്തണമെങ്കിൽ അച്ഛൻ എടുക്കണം. അതേ അവസരത്തിൽ അമ്മയുടെ മുലപ്പാൽ കുടിക്കുകയും വേണം. അതുപോലെയാണ് ഈ ഭൂപരിഷ്ക്കരണനിയമത്തിൽ ബഹു: മന്ത്രി കൈക്കൊള്ളുന്ന നിലപാട്.

ശ്രീ. പി. ടി. ചാക്കോ : ഈ പറഞ്ഞതു അത്ര അസാദ്ധ്യമായ കാര്യമാണോ ?

ശ്രീ. ആർ. കൃഷ്ണൻ : സാധ്യമാണ് ; അച്ഛൻ എപ്പോഴും അമ്മയുടെ അടുത്തിരുന്നു കൊടുത്താൽ മതി. ഇവിടെ ജന്മിയെ പ്രീണിപ്പിക്കുകയും വേണം, പ്ലാനിംഗ് കമ്മിഷന്റെയും, കേന്ദ്രഗവണ്മെൻറിന്റെയും നിർദ്ദേശാനുസരണം ഭൂപരിഷ്ക്കരണനിയമം നടപ്പിലാക്കിയെന്നു ധരിപ്പിക്കുകയും വേണം. സർ, ഇന്നലത്തെ പത്രത്തിൽ നമ്മുടെ പ്രധാനമന്ത്രി, സംസ്ഥാന ഗവണ്മെൻറുകൾ ഭൂപരിഷ്ക്കരണനിയമം നടപ്പാക്കാനുള്ള നീക്കം വളരെ തിടുക്കത്തിൽ ആരംഭിക്കേണ്ടിയിരിക്കുന്നു, പലരും അതിനെ തടസ്സപ്പെടുത്തുന്ന നയം സ്വീകരിച്ചിട്ടുണ്ട് എന്നൊരു വിരൽചൂണ്ടൽ നടത്തിയിട്ടുണ്ട്. അതു കേരളസംസ്ഥാനത്തിന്റെ നേരെയാണോ എന്നാണ് എന്റെ സംശയം. സ്വതന്ത്രാപാർട്ടിയുടെ താൽപ്പര്യത്തിനനുസരണമായി, ജന്മിമാർക്ക് കൂട്ടുതൽ ഗ്രഹണം ചെയ്യത്തക്ക രീതിയിലാണ് ഈ നിയമത്തിന്റെ പോക്ക്. പ്ലാനിംഗ് കമ്മിഷന്റെ ഉദ്ദേശത്തെ മുഴുവൻ തകർത്തുകൊണ്ട്, ഈ നാട്ടിലെ കുടിയാന്മാരേയും, കുടികിടപ്പുകാരെയും അമ്പേ പരാജയപ്പെടുത്തിക്കൊണ്ടുള്ള ഈ പോക്ക്, ജന്മിത്വത്തെ ഈ നാട്ടിൽ അരക്കിട്ടുറപ്പിക്കാനുള്ളതാണെന്നു ആർക്കും മനസ്സിലാകും.

സർ, ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി, ഈ നിയമത്തിനു ജനങ്ങളുടെ വളർച്ചയ്ക്കനുസരണമായ മാറ്റം മേലിലും വരുത്തുമെന്നു. മലബാറിലെ ആളുകൾ 1929-ൽ നേടി, അനുഭവിച്ചുകൊണ്ടിരുന്ന അവകാശങ്ങളും, 1963-ൽ നഷ്ടപ്പെടുകയാണെങ്കിൽ, കാലം മാറുമ്പോൾ നിയമത്തിനു മാറ്റം വരുമെന്നു പറയുന്നതിന്റെ അർത്ഥം എന്താണെന്നു വ്യക്തമാകുന്നില്ല. തിരുവിതാംകൂറിലെ കാര്യം എനിക്കു നല്ല നിശ്ചയമില്ല. കേരളത്തിൽ കുടികിടപ്പുകാർക്കും കർഷകർക്കും വളരെയേറെ ആനുകൂല്യങ്ങൾ കിട്ടിയിട്ടുള്ളതു് മലബാറിലെ കർഷകരുടെ സംഘടിതമായ പ്രക്ഷോഭണം കൊണ്ടാണ്. കൊച്ചിയിലും കുറെ കൊല്ലങ്ങൾക്കുമുമ്പ് ഈ ആനുകൂല്യങ്ങൾ കിട്ടിയിരുന്നു. അങ്ങനെ അവർ നേടി അനുഭവിച്ചുവന്ന ആനുകൂല്യങ്ങൾ ഇന്നു് നഷ്ടപ്പെടുത്തിയിട്ട്, ജനങ്ങളുടെയും കാലത്തിന്റെയും വളർച്ചയ്ക്കൊപ്പം നിയമം പരിഷ്ക്കരിക്കാതെ, ഇന്നത്തേതിൽനിന്നു വളരെയധികം പുറകോട്ടു പോയി, എല്ലാം ജന്മിമാർക്ക് അടിയറവച്ചിട്ട്; കുടിയാന്മാരെ ദ്രോഹിപ്പെടുത്തുന്ന പഴയ സംപ്രദായത്തിലേക്ക് പോകാതെ, എന്റെ ഈ ഭേദഗതി സ്വീകരിക്കണമെന്നു് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഒ. കോരൻ : സർ, 885, 890, 901 ഈ മൂന്നു ഭേദഗതികളാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ളതു്.

ആദ്യത്തെ ഭേദഗതി, അവിവാഹിതനായ പ്രായപൂർത്തിയായ ഒരംഗത്തിനോ, അഞ്ചംഗങ്ങളിൽ കവിയാത്ത ഒരു കുടുംബത്തിനോ 12 സ്റ്റാൻഡേർഡ് ഏക്കർ എന്നതിനു പകരം, 10 സ്റ്റാൻഡേർഡ് ഏക്കർ എന്നാക്കണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഓ. കോരൻ]

രണ്ടാമത്തെ ഭേദഗതി, അഞ്ചിൽ കൂടുതൽ അംഗങ്ങളുള്ള ഒരു കുടുംബത്തിനു് 12 സ്റ്റാന്റേഡു് ഏക്കർ എന്ന കണക്കിൽ, അധികം വരുന്ന ഓരോ അംഗത്തിനും ഓരോ ഏക്കർ കണക്കാക്കി മൊത്തം ഇരുപതു സ്റ്റാന്റേർഡു് ഏക്കറിൽ കവിയാതെ എന്നുള്ളതു്, പതിനെട്ടാക്കണമെന്നും, പരമാവധി വിസ്തീർണ്ണം കുറഞ്ഞതു് 15 ഏക്കർ എന്നുള്ളതു് 8 ഏക്കറെന്നും, കൂടുതൽ 36 ഏക്കർ എന്നുള്ളതു് 30 ഏക്കറെന്നും മാറ്റണമെന്നുമാണു്.

സർ, ഞാൻ ഇപ്രകാരം ഒരു ഭേദഗതി അവതരിപ്പിക്കാൻ കാരണം ഈ ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം ഭൂമിയുടെ പരിധിനിർണ്ണയം ആണെന്നുള്ളതാണു്. ഭൂമിയുടെ പരിധി നിശ്ചയിച്ചു്, മിച്ചഭൂമി, ഭൂമി ഇല്ലാത്ത ആളുകൾക്കു കൊടുക്കുക, നമ്മുടെ നാട്ടിലെ തൊഴിലില്ലാത്ത ആളുകൾക്കു് തൊഴിലുണ്ടാക്കാൻ വഴികാണുക, സാമ്പത്തികമായി ആ വിഭാഗത്തെ മുമ്പോട്ടു കൊണ്ടുവരികയും, ജീവിക്കാനുള്ള ഒരു സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക ഇതെല്ലാം ഈ നിയമത്തിന്റെ പ്രധാന ലക്ഷ്യങ്ങളാണു്. മറ്റു രാജ്യങ്ങളിലാണെങ്കിൽ വളരെയധികം ഭൂമി കൈവശം വയ്ക്കുന്നതിനുള്ള വിധം ഭൂമിയുണ്ടു്. വ്യാവസായികമായി വളരെ അഭിവൃദ്ധിയും ഉണ്ടായിട്ടുണ്ടു്. കേരളത്തിലെ സ്ഥിതി അതല്ല. നമ്മുടെ രാജ്യം വ്യാവസായികമായി അഭിവൃദ്ധിപ്പെട്ടിട്ടില്ല ; കൃഷിയെ ആശ്രയിച്ചു മാത്രമാണു നാം ജീവിക്കുന്നതു്. അതുകൊണ്ടു് വ്യത്യസ്തമായ ഒരു സമീപനം നമുക്കു് നിയമനിർമ്മാണത്തിൽ ആവശ്യമാണു്. വളരെക്കാലമായി ഇവിടെ ഭൂമിയെ ആശ്രയിച്ചു ജീവിക്കുന്ന ആളുകളെ സംരക്ഷിക്കണമെന്നു് ഒരു നയം ഗവണ്മെന്റു് അംഗീകരിച്ചാൽ മാത്രമേ കേരളത്തിൽ ഈ പ്രശ്നത്തിനു കുറച്ചെങ്കിലും പരിഹാരം കാണാൻ സാധിക്കുകയുള്ളൂ, വ്യാവസായികമായി നാം വളർന്നുവരാൻ കുറേ കാലം പിടിക്കും. കർഷകത്തൊഴിലാളികളുടെ കാര്യത്തെ സംബന്ധിച്ചു് ഈ സഭയിൽ ഒരു പ്രമേയം ചർച്ചചെയ്തപ്പോൾ കഷ്ടിച്ചു ഒരു കൊല്ലത്തിൽ ആറു മാസം മാത്രമേ തൊഴിൽ കിട്ടാൻ അവർക്കു് സൗകര്യമുള്ളൂ എന്നു് വ്യക്തമാക്കപ്പെട്ടിരുന്നു. കർഷകത്തൊഴിലാളികളെ സംബന്ധിച്ചു് ഗവണ്മെന്റു് ഒരു പരിഹാരം എന്ന നിലയിൽ ചെയ്യാൻ ഉദ്ദേശിക്കുന്നതു്, ഭൂപരിഷ്ക്കരണംമൂലം മിച്ചഭൂമി എടുത്തു് അവർക്കു വിതരണംചെയ്തു് അവരുടെ സാമ്പത്തികനില നന്നാക്കുന്നതാണു്.

ഇവിടെ നാം നിയമം നടപ്പിൽ വരുത്തുന്നതിന്റെ ഫലമായിട്ടു് കഴിയുന്നത്ര മിച്ചഭൂമി സംഭരിക്കാനുള്ള പരിശ്രമമാണു നടത്തേണ്ടതെങ്കിൽ, ഈ നിയമ പ്രകാരം കൂടുതൽ ഭൂമിയുള്ളവനു കൂടുതൽ കൂടുതൽ കൊടുക്കുകയും, ഇല്ലാത്തവനെ തീരെയില്ലാത്തവനാക്കുകയും ചെയ്യുന്ന ചില വകുപ്പുകളാണു് ഉൾക്കൊള്ളിച്ചിരിക്കുന്നതു്. എന്തുദ്ദേശത്തോടുകൂടിയാണോ നാം ഒരു നിയമം കൊണ്ടുവരുന്നതു് ആ ഉദ്ദേശത്തെ തികച്ചും പരാജയപ്പെടുത്തുന്ന ഒരു വ്യവസ്ഥിതിയിലേക്കു് കൊണ്ടുപോകുന്നതു് കഷ്ടമാണു്. അതുകൊണ്ടു് കിട്ടാൻ സാധിക്കുന്ന മിച്ചഭൂമി സംഭരിച്ചു വിതരണം ചെയ്യുന്ന സംപ്രദായമാണു അനുകരിക്കേണ്ടതും, അംഗീകരിക്കേണ്ടതും. പ്രത്യേകിച്ചും ഒരു കാർഷിക പരിഷ്കരണബിൽ ചർച്ചചെയ്തുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ നാം പല വികസനപ്രവർത്തനങ്ങളെ സംബന്ധിച്ചും ആവശ്യമുള്ള നടപടികളും കൈക്കൊണ്ടിരിക്കുകയാണു്. കാർഷികമായിട്ടും സാമ്പത്തികമായിട്ടും അഭിവൃദ്ധ്യുന്മുഖമായ പദ്ധതികളും ആവിഷ്കരിച്ചു നടപ്പിൽ വരുത്തുമ്പോൾ ഈ കാർഷികബന്ധനിയമം ഒരു കാരണവശാലും അവയുടെ മുമ്പിൽ തടസ്സമായി നിൽക്കരുതു് എന്നു മാത്രമാണു് എന്റെ അഭിപ്രായം. ഒരു പ്രശ്ന സംസ്ഥാനമായ കേരളത്തിന്റെ പ്രത്യേക പരിതസ്ഥിതിയെ അടിസ്ഥാനപ്പെടുത്തി നോക്കുകയാണെങ്കിൽ, നമ്മുടെ സംസ്ഥാനത്തെ കർഷകരുടേയും തൊഴിലാളികളുടേയും, അതുപോലെ മറ്റുള്ളവരുടേയും വരുമാനത്തെ സംബന്ധിച്ചിടത്തോളം വലിയ ഒരന്തരമാണുള്ളതു്. സർ. ബർളായുടെ ജനറൽ മാനേജർക്കു് പ്രതിമാസം മുപ്പതിനായിരം

9 A.M.]

LIBRARY ARCHIVES Kerala Legislative Assembly

രൂപാ ശമ്പളം നൽകുമ്പോഴും ഇവിടത്തെ ഒരു കൂലിക്കാരനു് കിട്ടുന്നതു് ദിവസേന മൂന്നര അണവീതമാണു്. സാമ്പത്തിക വരുമാനത്തിൽ മനുഷ്യരുടെയിടയിൽ സംഭവിച്ചിട്ടുള്ള വ്യത്യസ്തനിലവാരത്തിനു ഏകദേശമെങ്കിലും ഒരു ക്രമീകരണം വരുത്തേണ്ടതിനെപ്പറ്റി ആലോചിക്കേണ്ടതാണു്. നമ്മുടെ സംസ്ഥാനം ഒരു സോഷ്യലിസ്റ്റിക്കു് വ്യവസ്ഥിതിയിലേക്കു് നീങ്ങിക്കൊണ്ടിരിക്കുകയാണു്. എന്നിട്ടും മനുഷ്യരും മനുഷ്യരും തമ്മിലുള്ള അന്തരത്തിനു വ്യത്യാസം വന്നിട്ടില്ല. പണ്ടത്തെ അടിമക്കച്ചവടത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും നമ്മുടെ നാട്ടിലുണ്ടു്. സർ, വയനാട്ടിലുള്ള മാനന്തവാടിക്കടുത്തു് വള്ളർക്കാവു് ക്ഷേത്രത്തിൽ ഉത്സവം നടക്കുന്ന അവസരത്തിൽ പണക്കാരായ ജന്മികൾ സ്ഥലത്തു് എത്തി ലേലത്തിൽ പങ്കുകൊണ്ടു് അടിമകളെ വാങ്ങിക്കുന്നുണ്ടു്. കൂടുതൽ പണം ആരു കൊടുക്കുന്നുവോ അയാളായിരിക്കും ലേലത്തിൽ വിജയിക്കുന്നതു്. കൂടുതൽ പണം കൊടുത്തു അടിമകളെ വാങ്ങിക്കുന്നതു് നിബന്ധനയുടെ വിധേയമാക്കിക്കൊണ്ടാണു്. ഒരു അടിമയെ വില കൊടുത്തു വാങ്ങിച്ചാൽ ഉടൻതന്നെ ആ ഭഗവതിയുടെ സാന്നിദ്ധ്യത്തിൽവച്ചു് ഒരു വർഷത്തേക്കു ജന്മിതരുന്ന കൂലിവാങ്ങിക്കൊണ്ടു് ജോലി ചെയ്യാൻ താൻ തയാറാണെന്നുള്ള ഒരു വാഗ്ദാനം നിറവേറ്റേണ്ടിയിരിക്കുന്നു. അപ്രകാരമുള്ള ഒരു സത്യപ്രതിജ്ഞയുടെ ശേഷമാണു് അടിമയെ കൂട്ടിക്കൊണ്ടു പോകുന്നതു്. ഈ വ്യാപാരം നടക്കുന്നതുതന്നെ അവിടത്തെ ഉത്സവദിവസങ്ങളിലാണു്. ഉത്സവം കാണുന്നതിനുവേണ്ടി ധാരാളം ആളുകളും അവിടെ കൂടാറുണ്ടു്. അതിനിടയിലാണു് ഈ ലേലംവിളിയും നടക്കുന്നതു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഉത്സവം കാണാൻവേണ്ടി പോകുന്നവരെ ലേലത്തിൽ വിൽക്കുന്നു എന്നാണോ മെമ്പർ പറയുന്നതു് ?

ശ്രീ. ഒ. കോരൻ : കാണാൻവേണ്ടി പോകുന്നവരെ ലേലം ചെയ്യുകയില്ല. അതിനു വേറെ ആളുകളും ഉണ്ടു്. അവരെയാണു് ഉത്സവദിവസങ്ങളിൽ ലേലം ചെയ്യുന്നതു്.

ശ്രീ. പി. ടി. ചാക്കോ : ബഹുമാനപ്പെട്ട മെംബർ ഈ കാര്യം സംബന്ധിച്ചു് വളരെ വ്യക്തമായ തെളിവുകളും നൽകാമെങ്കിൽ ഇപ്പോൾതന്നെ ആവശ്യമുള്ള നടപടികളും എടുക്കാമെന്നു ഞാൻ ഉറപ്പു നൽകുകയാണു്.

ശ്രീ. ഒ. കോരൻ : സർ, വള്ളർക്കാവിൽവച്ചു് ഉത്സവദിവസങ്ങളിൽ നടക്കുന്ന ഒരു സമ്പ്രദായത്തെ പറ്റിയാണു ഞാൻ പറയുന്നതു്.

ശ്രീ. പി. ടി. ചാക്കോ : അതുതന്നെ ഞാനും പറയുന്നതു്. ഇന്നാരു് ഇന്ന ആളെ ഇത്ര രൂപയ്ക്കു അടിമയാക്കി ഒരു കൊല്ലത്തേക്കു് ജോലിചെയ്യിക്കൊള്ളാമെന്നുള്ള കരാറിൽ ഏറ്റു വാങ്ങിയതായി ഒന്നോ രണ്ടോ പണക്കാരുടെ പേരുകളും തരാൻ തയാറാണോ ? അങ്ങനെയാണെങ്കിൽ ഉടൻ നടപടികളും എടുക്കാമെന്നാണു ഞാൻ പറയുന്നതു്.

ശ്രീ. ഒ. കോരൻ : മാനന്തവാടി എന്ന സ്ഥലത്തിനടുത്തു് വള്ളർക്കാവു് ക്ഷേത്രത്തിലെ ഉത്സവ വേളയിൽ നടക്കുന്ന സംഭവങ്ങളെപ്പറ്റി ഇവിടെ ഉദാഹരിച്ചു എന്നേയുള്ളൂ.

ശ്രീ. പി. ടി. ചാക്കോ : അങ്ങനെയുള്ള സംഭവങ്ങളും വെളിപ്പെടുത്താൻ ഇത്രത്തോളം താമസമുണ്ടായതെന്തുകൊണ്ടാണു് ? രണ്ടാളുടെ പേരു പറയാനാണല്ലോ ഞാൻ പറഞ്ഞതു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ബഹുമാനപ്പെട്ട മെംബർക്കു് രണ്ടാളുകളുടെ പേരു പറഞ്ഞുകൊടുക്കാമെങ്കിൽ നടപടികളെടുക്കാമെന്നു മന്ത്രി പറയുകയുണ്ടായി. അതിനെന്താ പ്രതിബന്ധമുള്ളതു് ?

ശ്രീ. ഒ. കോരൻ : സർ, പേരു വേണമെങ്കിൽ കൊടുക്കാം. പക്ഷേ ഇപ്പോൾ....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : പേരു വേണമെങ്കിൽ കൊടുക്കാമെന്നും മറ്റും പറഞ്ഞു് സമയംപോക്കേണ്ട കാര്യമില്ല. മെംബറിന്റെ പ്രസ്താവന അനുസരിച്ചു് കേരളത്തിൽ അടിമക്കച്ചവടം നടക്കുന്നു എന്നുള്ളതു് നാളത്തെ എല്ലാം പത്രങ്ങളിലും വന്നേക്കാനിടയുണ്ടു്. ആയതിനാൽ ഒന്നുകിൽ ഈ വസ്തുത ശരിയാണെന്നുള്ളതിലേക്കു് ആവശ്യപ്പെട്ട രേഖകളും ഹാജരാക്കണം. അല്ലെങ്കിൽ പിൻവലിക്കണം.

ശ്രീ. ഓ. കോരൻ : അങ്ങനെയുള്ളവരുടെ പേരുകളും പറയാമെന്നാണല്ലോ ഞാൻ പറഞ്ഞതും.

ശ്രീ. ആർ. രാഘവമേനോൻ : ഒരു ചോദ്യം. സർ, അടിമവ്യാപാരം വള്ളുവർക്കാവിൽ ഉത്സവവേളയിൽ നടക്കുന്നുണ്ടെന്നുള്ള വസ്തുത മെംബർതന്നെ നേരിട്ടു അന്വേഷിച്ചറിഞ്ഞിട്ടുള്ളതാണോ ?

(ഉത്തരമില്ല)

ശ്രീ. കെ. കുഞ്ഞമ്പു : സർ, വയനാടു് എന്ന സ്ഥലം കോഴിക്കോടു്, കണ്ണൂർ ഈ ജില്ലകളിൽപ്പെട്ട കിടക്കുകയാണു്. കഴിഞ്ഞ ഒരു അഞ്ചാറു വർഷങ്ങളായി ആ ജില്ലകളിൽ താലൂക്കു് വെൽഫെയർ ആഫീസറന്മാരും ഡിസ്ട്രിക്ടു് വെൽഫെയർ ആഫീസറന്മാരും നിയമിക്കപ്പെട്ടിട്ടുണ്ടു്. അവരാരുംതന്നെ ഇത്തരത്തിൽ ഉള്ള ഒരു അടിമക്കച്ചവടം അവിടെ നടക്കുന്നതായി റിപ്പോർട്ടു ചെയ്തിട്ടില്ല. ആ കാരണത്താൽ ഇതിന്റെ വാസ്തവികതയെ ചോദ്യം ചെയ്യാതിരിക്കാൻ നിവൃത്തിയില്ല.

മിസ്റ്റർ സ്പീക്കർ : ബഹുമാനപ്പെട്ട മെംബർ ശ്രീ കോരൻ പ്രസ്താവിച്ച കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഉത്തരവാദിത്വം വഹിക്കുന്നുണ്ടോ ?

ശ്രീ. ഓ. കോരൻ : സർ, ഞാൻ ഉത്തരവാദിത്വത്തോടുകൂടി പറയുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടെ?

ശ്രീ. ഓ. കോരൻ : ഞാൻ വഴങ്ങുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : സർ, ഒരു പോയിന്റു് ആഫ് ഓർഡർ. ഈ നിയമസഭയിൽവച്ചു് ശരിയായിരിക്കുമെന്നു് വിശ്വസിക്കാൻ കൊള്ളാത്തതായ പ്രസ്താവനകളും നടത്തുന്നതുതന്നെ ശരിയാണെന്നു തോന്നുന്നില്ല. പ്രത്യേകിച്ചു് ബഹുമാനപ്പെട്ട മെംബർ മദ്ദര വയനാടിനെ പ്രതിനിധീകരിക്കുന്ന ഒരു മെംബറാണു്. ഇതുപോലെയുള്ള വല്ല അനാശാസ്യസംഭവങ്ങളും നടക്കുന്നുണ്ടെങ്കിൽ അതേപ്പറ്റി നിയമസഭയിൽ ഉന്നയിക്കേണ്ട കടമ അദ്ദേഹത്തിനിരിക്കെ മറ്റൊരു ബഹുമാനപ്പെട്ട മെംബർ വയനാട്ടിൽ നടക്കുന്ന സംഭവങ്ങൾ ആണെന്നു പറഞ്ഞുകൊണ്ടു് ചില അഭ്യൂഹങ്ങൾ വെളിച്ചത്തു കൊണ്ടുവരുമ്പോൾ സംശയത്തിന്റെ പേരിൽ ചോദിക്കാൻ തുടങ്ങുന്ന ഒരു ചോദ്യത്തിനു ഉത്തരം പറയാൻ സന്നദ്ധത പ്രകടിപ്പിക്കാതെ, ഞാൻ വഴങ്ങുന്നില്ല എന്നു പറയുകയാണോ വേണ്ടതു് ?

മിസ്റ്റർ സ്പീക്കർ : ഉത്തരം പറയാൻ സന്നദ്ധനാകേണ്ടതാണു്.

ശ്രീ. പി. മദ്ദര : സർ, ബഹുമാനപ്പെട്ട മെംബർ അടിമക്കച്ചവടം എന്നു പറഞ്ഞതു്, ഉത്സവ സമയത്തു് ക്ഷേത്രംവക കാര്യങ്ങളും നടത്തുന്നതിനുവേണ്ടി കുറെ ആളുകളുടെ ആവശ്യം ഉണ്ടാകുന്നുണ്ടു്. ആ സന്ദർഭങ്ങളിൽ അതിലേക്കു് നിയോഗിക്കപ്പെട്ടവർ ആ ജോലി ചെയ്യുകയും കൂലിവാങ്ങുകയും ചെയ്യുകയാണു് പതിവു്. അങ്ങനെ ക്ഷേത്രംവക കാര്യങ്ങളും നടത്തുന്നതിനുവേണ്ടി അവിടത്തെ പ്രധാനികളും ചിലരെയൊക്കെ പിടികൂടി ജോലികളും ചെയ്യിക്കാറുണ്ടു്. അത്തരത്തിലല്ലാതെ മറ്റൊരു വിധത്തിൽ അടിമക്കച്ചവടം [illegible] നടക്കുന്നതായി എനിക്കറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ബഹുമാനപ്പെട്ട മെംബർ ശ്രീ. കോരനു് അദ്ദേഹത്തിന്റെ പ്രസ്താവന ശരിയാണെന്നുള്ളതിലേക്കു് ആവശ്യമായ തെളിവുകൂടി ശേഖരിക്കുന്നതിനുള്ള സൗകര്യംകൂടി കൊടുക്കുന്ന പക്ഷം, ആ കാര്യം അദ്ദേഹം നിവ്വഹിച്ചുകൊള്ളുമെന്നാണു തോന്നുന്നതു്.

ശ്രീ. പി. ടി. ചാക്കോ : മലബാർ ജില്ലയിലെ വയനാടൻ പ്രദേശങ്ങളിൽ ഉത്സവസമയത്തു് പണക്കാരായ ആളുകൾ അവിടെ വന്നു് മനുഷ്യരെ ലേലത്തിൽ വിളികേട്ടു് അടിമകളാക്കി കൊണ്ടുപോകുന്നു എന്നാണു് അദ്ദേഹം പറഞ്ഞതു്. അങ്ങനെയാണെങ്കിൽ, ആവശ്യമുള്ള തെളിവുകൾ ചോദിക്കുന്നപക്ഷം, ഹാജരാക്കാനുംകൂടി അദ്ദേഹം നിർബന്ധിതനല്ലേ ?

ശ്രീ. ഒ. കോരൻ : എന്റെ പ്രസ്താവനയുടെ ഗൗരവം പരിപൂർണ്ണമായി മനസ്സിലാക്കിക്കൊണ്ടുതന്നെയാണു് ഞാൻ വീണ്ടും സംസാരിക്കാൻ തുടങ്ങുന്നതു്. നിലവിലുള്ള നിയമപ്രകാരം ഉപരിധി നിശ്ചയിക്കുമ്പോഴും, ഞാൻ മുമ്പു പറഞ്ഞതുപോലെയുള്ള പാവപ്പെട്ട ആളുകൾ വീടു തൊഴിലും ചെയ്യാൻ സന്നദ്ധതയും, ദേഹശക്തിയും ഉള്ള ആളുകൾ നാട്ടിന്റെ നാനാഭാഗങ്ങളിലും വയനാടൻ പ്രദേശങ്ങളിലും മറ്റും ഉണ്ടെങ്കിൽ അവരെക്കൂടി കണക്കിലെടുത്തുകൊണ്ടു് ഈ ബിൽ മുഖേന അവരുടെ ജീവിതം ഒരുവിധമെങ്കിലും സുഖമായി നയിക്കുന്നതിനുവേണ്ടി ഉള്ള തൊഴിൽ കൊടുക്കുകയും അതോടൊപ്പം മിച്ചഭൂമി വിതരണം ചെയ്യുകയും മറ്റും ചെയ്യാനുള്ള സംരംഭങ്ങൾകൂടി ഈ ബിൽ മുഖേന ഉണ്ടാക്കിക്കൊടുക്കേണ്ടതായിരുന്നു എന്നാണു എന്റെ അഭിപ്രായം. അങ്ങനെയുള്ള വല്ല അനുകൂല സാഹചര്യങ്ങളും ഉണ്ടാകുന്നു എങ്കിൽ ഞാൻ മുമ്പു പൂണ്ടിക്കാണിച്ച തരത്തിലുള്ള അടിമജീവിതം നയിക്കാതെ സ്വതന്ത്രമായി ജീവിക്കാനുള്ള സൗകര്യം പാവപ്പെട്ടവർക്കു് ലഭിക്കുമായിരുന്നു.

ശ്രീ. പി. ടി. ചാക്കോ : നമ്മുടെ സംസ്ഥാനത്തുള്ള ഗിരിവർഗ്ഗക്കാർ, വിശേഷിച്ചും ഹരിജനങ്ങൾ തുടങ്ങിയവർ സാമ്പത്തികമായും, വിദ്യാഭ്യാസപരമായും ഇതിനകം എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്നുള്ളതു് അറിയുന്നതിനുവേണ്ടി ഗവർമെന്റു് നിയമിച്ചിട്ടുള്ള ഇവാലുവേഷൻ കമ്മിറ്റി ഈ കാര്യങ്ങളൊക്കെ വേണ്ടതുപോലെ അന്വേഷണം നടത്തിയിട്ടുണ്ടു്. അക്കൂട്ടത്തിൽ ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെയുള്ള സംഭവം ഉണ്ടായിട്ടുണ്ടെങ്കിൽ കമ്മിറ്റി റിപ്പോർട്ടു ചെയ്യുമായിരുന്നു, അല്ലെങ്കിൽ ആ കമ്മിറ്റിയിലെ ഒരംഗംകൂടിയായ ബഹുമാനപ്പെട്ട മെംബർക്കു് ഇതുസംബന്ധിച്ചു് മൊഴികൊടുക്കാമായിരുന്നു. അതും അല്ലെങ്കിൽ, ഈ കാര്യങ്ങളൊക്കെ ഹരിജന ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽ പെടുത്താമായിരുന്നു. എന്നാൽ അവയൊന്നുംതന്നെ ചെയ്തിട്ടില്ലല്ലൊ.

ശ്രീ. ഒ. കോരൻ : ഉത്സവം നടക്കുന്ന സമയത്തുള്ളതിനെപ്പറ്റിയാണു് ഞാൻ പറഞ്ഞതു്. അവിടെയുള്ള ഗിരിവർഗ്ഗക്കാർക്കു് എങ്ങനെയെങ്കിലും ഉത്സവം നടത്തണമെന്നേയുള്ള. അതിനാവശ്യമായ പണം വലിയ ജന്മിമാരുടെ പക്കൽനിന്നും വാങ്ങുന്നു. അതു് വാങ്ങുന്നതിനു മുമ്പു അവർ വാങ്ങുന്ന പണത്തിനു് ജന്മിക്കു് ജോലിചെയ്തുകൊടുക്കാമെന്നു സത്യം ചെയ്യണം. അതിനുശേഷമാണു് പണം വാങ്ങി ഉത്സവം നടത്തുന്നതു്. ഇങ്ങനെയുള്ളവർക്കു് സാമ്പത്തികമായ കഴിവോ ഇവാലുവേഷൻ കമ്മിറ്റിയോടു് ശുപാർശ ചെയ്യുന്നതിനുള്ള കഴിവോ ഇല്ല.

ശ്രീ. പി. ടി. ചാക്കോ : ബഹുമാനപ്പെട്ട മെമ്പർ ആ കമ്മിറ്റിയിലെ ഒരംഗമല്ലേ ? ഇതിനെപ്പറ്റി മെമ്പർ ഇവാലുവേഷൻ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. ഒ. കോരൻ : ഇതു് പരസ്യമായി നടത്തുന്ന ഒരു ഉത്സവമാണു്. ഈ സമ്പ്രദായം എല്ലാവർക്കും അറിയാവുന്നതുമാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഇവാലുവേഷൻ കമ്മിറ്റിയുടെ ചെയർമാൻ ഞാനായിരുന്നു. ഇങ്ങനെ ഒരേർപ്പാടു് അവിടെ നിലവിലുള്ളതായി അറിയിച്ചിരുന്നുവെങ്കിൽ അതു് അവസാനിപ്പിക്കുന്നതിനുള്ള ശുപാർശ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. കോരൻ : ഏതായാലും എനിക്കു് പറയുവാനുള്ളതു് കാർഷിക പരിഷ്കരണം നടപ്പിൽ വരുത്തുമ്പോഴും കുറച്ചെങ്കിലും മിച്ചഭൂമി ഭൂമിയില്ലാത്ത പാവപ്പെട്ടവർക്കു് കൊടുക്കുന്നതിനുള്ള സാഹചര്യമെങ്കിലും ഉണ്ടാക്കണമെന്നാണു്. ഇതിൽ പരിധിയെപ്പറ്റി വ്യവസ്ഥ ചെയ്തിരിക്കുന്ന വകുപ്പു് ഇവിടെ ചർച്ചയ്ക്കു വരികയും അതിനെപ്പറ്റി പലരും അഭിപ്രായങ്ങൾ പറയുകയും ചെയ്തിട്ടുണ്ടു്. എനിക്കു പറയുവാനുള്ളതു്, ഈ പരിധി നിർണ്ണയത്തിന്റെ കാര്യത്തിൽ ഒരു മാറ്റം വരുത്തി ഞാൻ പറഞ്ഞ ഗിരിവർഗ്ഗക്കാരെ സ്വതന്ത്രമാക്കാനുള്ള ഒരു സ്ഥിതി കൈവരുത്തിയാൽ മാത്രമേ സോഷ്യലിസ്റ്റു വ്യവസ്ഥിതി കെട്ടിപ്പടുക്കുവാൻ സാധിക്കുകയുള്ളു എന്നാണു്. നമ്മുടെനാട്ടിൽ കുറച്ചെങ്കിലും മിച്ചഭൂമി ഉണ്ടാക്കാനുള്ള സാഹചര്യം ഈ നിയമം കൊണ്ടു് സൃഷ്ടിക്കേണ്ടതു് ഏറ്റവും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്. ഈ വക കാര്യങ്ങളെ സംബന്ധിച്ചു് കൂടുതൽ സംസാരിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല.

ഞാൻ പറഞ്ഞിട്ടുള്ള സംഗതികളും ഇവാലുവേഷൻ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നു് ശ്രീ. വിശ്വനാഥൻ പറയുകയുണ്ടായി. ഇവാലുവേഷൻ കമ്മിറ്റി സ്ഥലത്തു ചെന്നപ്പോൾ വൃക്ഷങ്ങളുടെ കമ്പുകളും ഇലകളുംകൊണ്ടു് പണ്ടശാലകളും പോലുള്ള കുടിലുകളും കെട്ടി ശ്രീരാമനും സീതയും താമസിച്ചിട്ടുള്ളതുപോലെ ഗിരിവർഗ്ഗക്കാർ താമസിക്കുന്നതു കണ്ടില്ലേ? സോഷ്യലിസ്റ്റു വ്യവസ്ഥിതിയും ഭൂപരിഷ്കരണവുമെല്ലാം വരുത്തുന്ന ഈ കാലഘട്ടത്തിലും അവർ പെറിയ കുടിലുകളും കെട്ടി വൃക്ഷങ്ങളുടെ ഇലകളും കൊണ്ടു് മറച്ചു് അതിനുള്ളിലാണു് ജീവിക്കുന്നതു്. അങ്ങനെയുള്ളവർക്കു് സ്വതന്ത്രമായും സൈ്വരമായും താമസിക്കുന്നതിനുള്ള സ്ഥലമെങ്കിലും കൊടുക്കേണ്ടതു് ഈ കാലഘട്ടത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്. അതു് കണക്കിലെടുത്തുകൊണ്ടു് പരിധിനിർണ്ണയത്തിന്റെ കാര്യത്തിൽ കുറെക്കൂടി മാറ്റങ്ങൾ വരുത്തി മിച്ചഭൂമി ഉണ്ടാക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ശ്രീ. ടി. കൃഷ്ണൻ : സർ, ഒരു പോയിന്റു് ഓഫ് ഓർഡർ, 1112–ലാണു് ചരിത്രപ്രസിദ്ധമായ ക്ഷേത്രപ്രവേശന വിളംബരം തിരുവിതാംകൂർ മഹാരാജാവു് ശ്രീ. ചിത്തിര തിരുനാൾ തിരുമനസ്സുകൊണ്ടു് വിളംബരം ചെയ്തതു്. ആ സ്ഥിതിക്കു് ശ്രീ. കോരൻ ഇവിടെ പറഞ്ഞിട്ടുള്ളതു് അവാസ്തവമാണു്. അതു് ഈ സഭയിൽ പറയുന്നതു് ശരിയാണോ? ഇങ്ങനെയുള്ള അവാസ്തവങ്ങൾ ഈ സഭയിൽ പറഞ്ഞിട്ടുള്ളതു് നീക്കം ചെയ്യേണ്ടതു് ആവശ്യമാണെന്നാണു് എനിക്കു് പറയുവാനുള്ളതു്.

മി. സ്പീക്കർ : ഇത്രയെല്ലാം പറഞ്ഞിട്ടും ഇതിനകത്തു് ഒരു പോയിന്റും ഇല്ലായെന്നുള്ളതാണു് വാസ്തവം.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ശ്രീ. ടി. കൃഷ്ണൻ പറഞ്ഞതു് എന്താണെന്നു് ഞങ്ങൾക്കു് ഒരക്ഷരംപോലും മനസ്സിലായില്ല. ഒരു മുഴക്കം മാത്രം ഇവിടെ കേട്ടു.

ശ്രീ. ഒ. കോരൻ : ഏതായാലും ഈ വകുപ്പിൽ ഒരു ഭേദഗതി വരുത്തണമെന്ന മാത്രം പറഞ്ഞുകൊണ്ടു് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു. ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി സ്വീകരിക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

Mr. Speaker : We need not have any further discussion on this. Mr. Koran will furnish definite informotion with regard to the allegationhe raised and necessary enquiries will be made by the Government.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : സർ, ഒരു കുടുംബത്തിനു് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി പന്ത്രണ്ടു് ഏക്കർ എന്നുള്ളതു് പതിനഞ്ചു് ഏക്കർ എന്നാക്കണമെന്നാണു് എന്റെ ഭേദഗതികൊണ്ടു് ആവശ്യപ്പെടുന്നതു് ശ്രീ. ഒ. കോരൻ ഇവിടെ അവതരിപ്പിച്ച ഭേദഗതിമൂലം ഈ സഭാതലത്തിൽ കുറെയധികം കൂടി പിടിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ പ്രദേശത്തെ സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മൊയ്തീൻകുട്ടി ഹാജി]

ച്ചിടത്തോളമുള്ള പ്രശ്നം എന്തായാലും ശരി, അദ്ദേഹത്തിന്റെ ആവേശം ഒരു പ്രത്യേക കാര്യത്തിനുവേണ്ടി ഉണ്ടായിട്ടുള്ളതാണെന്ന് കണക്കിലെടുക്കേണ്ടതാണ്. അതേപോലെയുള്ള ഒരു കാര്യത്തിനുവേണ്ടിയാണ് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി പതിനഞ്ച് ഏക്കർ ആക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നത്. കാരണം ഒരു കുടുംബത്തിലെ കുഞ്ഞുങ്ങളെ മാനമായും മര്യാദയായും വിദ്യാഭ്യാസം ചെയ്യിപ്പിക്കുന്നതിനും അവർക്ക് ഒരു ജോലി ഉണ്ടാക്കിക്കൊടുത്ത് അവരെ ജീവിതത്തിന തയാറാക്കിക്കൊടുക്കണമെങ്കിലും ഇന്ന് കൈവശമുള്ള ഭൂമിയുടെതന്നെ ആദായംകൊണ്ട് മതിയാകാത്ത ഒരു പരിതഃസ്ഥിതിയാണ് ഉള്ളത്. പന്ത്രണ്ട് ഏക്കർ വീതമെന്നു എഴുതി വച്ചിട്ടുള്ള നാലാം ഷെഡ്യൂൾ എടുത്തു നോക്കിയാൽ പല സ്ഥലങ്ങളിലും സ്റ്റാൻഡേർഡു ഏക്കറിന്റെ വിസ്തീർണ്ണം ചുരുങ്ങി ചുരുങ്ങി വരുന്നതായിട്ട് കാണാം. തിരുവനന്തപുരത്തു ഒരു സ്റ്റാൻഡേർഡു ഏക്കർ എന്നു പറയുന്നതു ഒന്നര സാധാരണ ഏക്കർ ആണ്. എന്നാൽ കോഴിക്കോട്ടു ജില്ലയെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ ഒരു സ്റ്റാൻഡേർഡു ഏക്കർ എന്നു പറയുന്നതു വെറും എഴുപത്തിയഞ്ചു സെന്റു മാത്രമേ വരികയുള്ള. അങ്ങനെ വരുമ്പോൾ പന്ത്രണ്ടു സ്റ്റാൻഡേർഡു ഏക്കർ എന്നുള്ളതു സ്വാഭാവികമായിട്ടു ഒൻപതു ഏക്കറോളമേ വരികയുള്ള. അതുകൊണ്ടാണ് ഞാൻ പറയുന്നതു പന്ത്രണ്ടു ഏക്കർ എന്നുള്ളതു മാറ്റിയിട്ടു പതിനഞ്ചു ഏക്കർ വയ്ക്കണമെന്നു. എങ്കിൽമാത്രമേ പതിനൊന്നു പതിനൊന്നര ഏക്കറോളമെങ്കിലും വരികയുള്ള. ഞാൻ അധികം കാര്യങ്ങൾ പറഞ്ഞു സമയം കളയണമെന്നുദ്ദേശിക്കുന്നില്ല. ഒരു കുടുംബത്തിനും അതിലെ കുട്ടികൾക്കും മാനമായും മര്യാദയായും ജീവിക്കുന്നതിനും വിദ്യാഭ്യാസം ചെയ്യുന്നതിനും വസ്തുവിന്റെ വരുമാനത്തെ ആശ്രയിക്കുന്നവർക്കു ഒരു പതിനഞ്ചു സ്റ്റാൻഡേർഡു ഏക്കറെങ്കിലും കൈവശം വയ്ക്കണമെന്നുള്ളതു നാം കണക്കിലെടുക്കേണ്ടതാണ്. അതുമാത്രമേ ഞാൻ എന്റെ ഭേദഗതിയിൽക്കൂടി ആവശ്യപ്പെട്ടിട്ടുള്ള. അല്ലാതെ ഇതൊരു ബൂർഷ്വാ ഭേദഗതിയെന്നുള്ള ഉദ്ദേശത്തിലൊന്നുമല്ല കൊണ്ടുവന്നിട്ടുള്ളതു. ഇതൊന്നാവശ്യമാണെന്നു കരുതുന്നതുകൊണ്ടാണ് ഞാൻ കൊണ്ടുവന്നിട്ടുള്ളതു. എന്റെ ഈ ഭേദഗതി അംഗീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയാറായില്ലെങ്കിൽ ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യർ കൊണ്ടുവന്നിട്ടുള്ള 872-ാം നമ്പർ ഭേദഗതിയിലുള്ള തത്വമെങ്കിലും അംഗീകരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

Shri Hamid Ali Shemnad : Speaker Sir, I support the amendment moved by Shri P. M. Kunhiraman Nambiar i. e. amendment No. 872.

The amendment says : In clause 80, delete the present provisions and insert instead:

"(1) The ceiling area of the land shall be in the case of a family 15 acres of double crop nilam or its equivalent, and an additional extent of one acre of double crop nilam or its equivalent for each member in cases of the five members in a family, the total extent so held not exceeding 25 acres of double crop nilam or its equivalent; and in the case of an adult unmarried person 7½ acres of double crop nilam or its equivalent."

This is the amendment moved by Shri P. M. Kunhiraman Nambiar. I support it mainly because even though the ceiling has been fixed as 12 standard acres, the extent has not been reduced because the standard acre has been fixed quite undesirably and unscientifically. We may speak about the suggestions given by the Statistics Department. But in practice, when we see with our own eyes, when we hear with our own ears, it is not true. We will have to

LIBRARY ARCHIVES Kerala Legislative Assembly

[Shri Hamid Ali Shemnad]

believe our own eyes first, we will have to believe our own ears first. Then only we can go to the theoretical part of the subject. Now, when we see things with our own eyes, we can see that the standard acre fixed here in this Bill has become unreasonable. Just to give one example, today we have fixed the standard acre. As far as the cocoanut gardens are concerned, as far as the parambu is concerned, in Cannanore District, it has been fixed as one standard acre equal to 75 cents. In Trivandrum District, one standard acre has been fixed as 1½ acres. The best cocoanut gardens are in Trivandrum District. And according to the Statistics Department's report, I understand, the yield is less in Cannanore District. That is the information I have got from the Statistics Department. The hon. Revenue Minister expressed the opinion in the Select Committee that the production of arecanut in Trivandrum District is very poor. He says the output of cocoanut produce in 12 acres was much more than in Cannanore District. The yield in arecanut garden is more in Cannanore District. How could you fix a lower standard for cocoanut garden there? You have to take the average output of cocoaunt, the average output of pepper, and the average output of arecanut. This is the way in which that is to be calculated. In this connection, I submit Sir, in Cannanore District, you cannot find a single cocoanut garden mixed with arecanut garden or an arecanut garden mixed with pepper. There, the pepper gardens are separate, and cocoanut gardens are separate. An arecanut planter will be only having arecanut plantation; a cocoanut planter will be only having cocoanut plantation; and pepper cultivators will be having only pepper plantations so taking the output of arecanut, taking the output of pepper, and taking the output of cocoanut, it is meaningless to fix a uniform standard acre. The best produce in arecanut is in the Cannanore District. Everybody knows that the best produce in cocoanut is in Trivandrum. It is much more than in Cannanore. But arecanut is very poor here. You cannot give 1½ acres for cocoanut, because arecanut is very poor here. You say that cocoanut plantation should be 1½ acres for one standard acre. That is meaningless. In the Malabar area, especially in Cannanore District, these three products are different categories. The arecanut plantation is separate so also the cocoanut plantation is separate. An arecanut planter will never have pepper plantation. That is why I say that this is an unscientific, unreasonable and insensible calculation and that is why I am supporting this amendment.

ശ്രീ. ഇ. പി. ഗോപാലൻ: ഇതിൽ, സ്റ്റാൻഡേർഡ് ഏക്കർ എന്ന സമ്പ്രദായം സ്വീകരിച്ചിരിക്കുന്നതു തെറ്റാണെന്നും, കാർഷിക ബന്ധനിയമത്തിലെ ഡബ്ബിം ക്രോപ്പുനിലം സ്വീകരിക്കേണ്ടതാണെന്നുമുള്ള ശ്രീ.കഞ്ഞിരാമൻ നമ്പ്യാരുടെ ഭേദഗതിയെ സപ്പോർട്ടുചെയ്യുകയാണെന്നാണോ മനസ്സിലാക്കേണ്ടതു?

Shri Hamid Ali Shemnad: Shri E. P. Gopalan can draw his own conclusions, I have no objection to that. I support the amendment because I feel that the standard acre has been fixed in an unscientific way. If the standard acre has been fixed in a more reasonable, scientific and practical way, I could have supported it.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ.പി. ഗോപാലൻ: കോഴിക്കോട് ഡിസ്ട്രിക്റ്റിലും, കണ്ണൂർ ഡിസ്ട്രിക്റ്റിലും തെങ്ങിൻതോപ്പ് മുക്കാൽ മാറിയിട്ട്, ഒന്നരയോ രണ്ടോ ഏക്കറാണെന്ന പറഞ്ഞാൽ, സ്റ്റാൻഡേർഡ് ഏക്കർ സമ്പ്രദായം കൂടുതൽ സയൻറിഫിക്കാവുമോ മെമ്പറുടെ അഭിപ്രായത്തിൽ?

Shri Hamid Ali Shemnad: I don't agree to that. Because even in Calicut District or in Trivandrum District—in the coastal belt –we have good cocoanut production. But when we go to the eastern sides, away from the sea side, we can see that the yield is very very poor. I know about Taliparamba side. There the trees are like T.B. patients. So we must at least differentiate between the coastal belt and the eastern side. We have to consider the hilly parts also. So we must differentiate it on the above basis and not on the district-wise basis.

ശ്രീ. ഈ. പി. ഗോപാലൻ: ബഹുമാനപ്പെട്ട മെമ്പർ പറയുന്ന പ്രദേശങ്ങൾ എനിക്കറിയാം. തളിപ്പറമ്പ മുതലായ സ്ഥലങ്ങളിൽ കടൽതീരത്തെ തെങ്ങ് മോശമാണ്. ബഹുമാനപ്പെട്ട മെമ്പർ പ്രതിനിധീകരിക്കുന്ന നാദാപുരത്തെ കോസ്റ്റൽ പ്രദേശങ്ങളെക്കാൾ താരതമ്യേന മെച്ചമാണ് കിഴക്കൻ പ്രദേശങ്ങളിലെ തെങ്ങുകൾ എന്ന വസ്തുത മെമ്പറുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? കുറിയാടി പ്രദേശത്തെ തെങ്ങുകളുടെ വിളവ് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

Shri Hamid Ali Shemnad: Yes,in Kuttiyadi side the yield is good. I do not dispute that. In my own constituency, Nadapuram, the yield is also good. But we should not classify the whole Calicut District. I hope at least some members from the Calicut district will certainly agree with me. So, I could have supported it if the standard acre is fixed in a more scientific, more reasonable and more practical way.

I should like to point out one more thing. Yesterday Mr. Kunhiraman Nambiar, a prominent leader of the P. S.P. Party, stated in the House that discrimination had been made between minors and majors;discrimination between the major children and minor children of the same parent. An 18 year old boy gets the full ceiling area. He becomes member of a family. But the 17 year old boy gets none. Disparity is shown between the major son and minor son. That should not happen. The 17 year old boy, who is younger by one year, has to step into the shoes of his father, mother and other members. Mr. Kunhiraman Nambiar clearly stated the matter and I support it. It is too late to say, but even then, I suggest to the Government one thing. Instead of 7½ acres of double crop nilam or its equivalent, I suggest 4 acres of double crop nilam or its equivalent for each member without any discrimination between major and minor children, so that chaos and confusion between brothers of the same family can be avoided. I once again support the amendment.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പഴയ കാർഷികബന്ധ നിയമത്തിൽ കൊടുത്തിരുന്ന പരിധിതന്നെ മതിയെന്നുള്ളതാണ് എൻറെ ഭേദഗതി. ആ നിയമത്തിൽനിന്നും വ്യത്യസ്തമായി സ്റ്റാൻറേർഡ് ഏക്കറിൻറെ അടിസ്ഥാനത്തിൽ പരിധി നിർണ്ണയിക്കേണ്ട കാര്യം എന്താണെന്നുള്ളതിനെക്കുറിച്ച് പൊതുചർച്ചയിൽ മുപടി പറഞ്ഞപ്പോഴും മറ്റും എത്ര വിശദീകരിച്ചു കേട്ടിട്ടും മനസ്സിലാക്കാൻ സാധിക്കുന്നില്ല. സ്റ്റാൻഡേർഡ് ഏക്കറിൻറെ അടിസ്ഥാനത്തിലുള്ള പരിധി നിർണ്ണയം ശാസ്ത്രീയമാണ്, ശാസ്ത്രീയമാണെന്ന ശാസ്ത്രീയതയെ ചൊല്ലിയുള്ള വാദം എന്നുള്ളതിൽ കവിഞ്ഞ് കഴമ്പുള്ള വാദമാണെന്ന മനസ്സി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

ലാക്കാൻ സാധിക്കുന്നില്ല. അതിലേക്കു് കടക്കുന്നതിനുമുമ്പു് ഈ പരിധി നിർണ്ണയതത്വംതന്നെ കൊണ്ടുവന്നിട്ടുള്ളതു് കാർഷിക ബന്ധ നിയമങ്ങളും തയ്യാറാക്കുന്ന സമ്പ്രദായത്തിൽ ഉൽപ്പാദനത്തിനു വളരെയധികം അഭിവൃദ്ധിയുണ്ടാകണമെന്നതിന്റെ അടിസ്ഥാനത്തിലാണു്. ഇന്നലെ നാം ഇവിടെസ്വീകരിച്ചതും പാസ്സാക്കിയിട്ടുള്ളതുമായ വകുപ്പുകളനുസരിച്ചു് നോക്കുകയാണെങ്കിൽ പരിധിനിർണ്ണയത്തിന്റെ കാര്യം വലിയ പ്രശ്നമായി നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അവശേഷിക്കുന്നില്ല. പരിധിനിർണ്ണയത്തിനു പുറത്തുവരുന്ന ഭൂമിയുടെ പ്രശ്നമാണു് നാം ഇവിടെ ചർച്ച ചെയ്യുന്നതു്. പരിധി നിർണ്ണയത്തിനു പുറത്തുവരുന്ന ഒട്ടേറെ ഭൂമിയുടെ പ്രശ്നം പരിശോധിച്ചാൽതന്നെ ഈ പരിധി നിർണ്ണയത്തെ സംബന്ധിച്ചു് ഇത്രയധികം ചർച്ച ചെയ്യേണ്ടതില്ലെന്നു മനസ്സിലാകും. ഇപ്പോഴും ഇവിടെ ചർച്ച ചെയ്യുന്നതു് പരിധി എത്രത്തോളം നിർണ്ണയിക്കാം. എന്നുള്ളതിനെ ആസ്പദമാക്കിയാണു്. പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാലും ഉൽപ്പാദനത്തെ അഭിവൃദ്ധിപ്പെടുത്തുക എന്നുള്ള നിലയിലല്ല ഇവിടെ ഭൂപരിധി നിശ്ചയിച്ചിട്ടുള്ളതു്. പിന്നെ ഇവിടെ ശ്രീ. ഹാജി ഉന്നയിച്ച വാദവും, കാർഷികബന്ധനിയമത്തിന്റെ ചർച്ചാ വേളയിൽ അന്നത്തെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നൊക്കെ ഉയർന്നുവന്നിട്ടുള്ള വാദഗതികളും പരിശോധിച്ചാൽ ഒരു കുടുംബത്തിനു് മാനമായി ജീവിക്കുന്നതിനു് അവരുടെ ആവശ്യം നടക്കുന്നതിനു് വേണ്ടി എത്രത്തോളം ഭൂമി കൈവശം വയ്ക്കണമോ അത്രത്തോളം ഭൂമി കൈവശം വയ്ക്കുന്നതിനുള്ള സൗകര്യം കിട്ടണമെന്നാണു്. അതു് ഒരു ഭാഗം മാത്രമാണു്. പരിധി നിർണ്ണയം കഴിച്ചാൽ നിശ്ചിത പരിധിക്കപ്പുറത്തു എത്രത്തോളം ജാസ്തി ഭൂമി ഉണ്ടാക്കാൻ സാധിക്കും, അങ്ങനെ ഉണ്ടാക്കുന്ന ഭൂമി അർഹിക്കുന്ന ആളുകൾക്കു് കൊടുക്കുന്ന കാര്യത്തിൽ എത്രത്തോളം ഭൂമി മിച്ചംവരുത്താൻ കഴിയുമെന്നുള്ളതു് രണ്ടാമത്തെ ഭാഗമാണു്. ആദ്യത്തെ ഭാഗവും രണ്ടാമത്തെ ഭാഗവും തമ്മിൽ ബന്ധപ്പെടുത്താൻ ഉൽപ്പാദനത്തിന്റെ വർദ്ധനവിന്റെ അടിസ്ഥാനത്തിലാണു് ചിന്തിക്കേണ്ടതു്. നമ്മുടെ രാജ്യത്തു് ജനങ്ങളും ജാസ്തിയും, ഭൂമി കുറവുമാണു്. കൈവശമിരിക്കുന്ന ഭൂമി കൊണ്ടു് ഒരു കുടുംബത്തിനു് ജീവിക്കാൻ സാധിക്കണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അങ്ങനെ ഒരു കുടുംബത്തിനു് ജീവിക്കാൻ സാധിക്കുന്നത്രമാത്രം ഭൂമി ഒരു കുടുംബത്തിനു് നിലനിറുത്തി ബാക്കിഭൂമി വിതരണം ചെയ്യാവുന്നത്രയും മിച്ചം വരുത്തുകയും വേണം. അങ്ങനെ മിച്ചം വരുത്തുന്ന ഭൂമി നേരിട്ടു് അദ്ധ്വാനിച്ചു് നേരിട്ടു മണ്ണുമായി ബന്ധമുള്ളവർക്കു് കൊടുത്താൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കും. അതിനു ഇടവരുത്തണം. ഭൂമിയിൽ നേരിട്ടു അദ്ധ്വാനിക്കുന്നവർക്കു് കൈവശം ഭൂമിയില്ലാതിരിക്കുകയും നേരിട്ടു് അദ്ധ്വാനിക്കാൻ സാധിക്കാത്തവരുടെ കയ്യിൽ ഭൂമി ജാസ്തിയിരിക്കുകയും ചെയ്യുന്നതുകൊണ്ടു് കാർഷികോൽപ്പാദനത്തിനു് തടസ്സം നേരിടുന്നു. കാർഷികോൽപാദനത്തിനു നേരിട്ടിരിക്കുന്ന തടസ്സം നീക്കണമെങ്കിൽ അദ്ധ്വാനിക്കാൻ കഴിവുള്ളവർക്കു്, മണ്ണിനോടു മല്ലിടുന്നവർക്കു് ഭൂമി കിട്ടണം. അതിനു മുൻപു് ഭൂമി കൈവശമിരിക്കുന്ന ആറംക്കാരുടെ ജീവിത സൗകര്യങ്ങളും തടസ്സപ്പെടാനും പാടില്ല. ഈ രണ്ടു വാദത്തെ അടിസ്ഥാനപ്പെടുത്തി നോക്കിയാലും നമ്മുടെ ഈ നിയമത്തിൽ സ്വീകരിച്ചിരിക്കുന്ന പരിധിതത്വം അങ്ങേയറ്റം ഈ തത്വത്തിന്റെ നിഷേധമാണെന്നു പറയുവാൻ സാധിക്കും. ഒന്നുരണ്ടു ഉദാഹരണങ്ങളുംകൊണ്ടു് ഞാൻ അതു പരിശോധിക്കാം.

ഇപ്പോഴും പരിധി നിർണ്ണയിക്കുന്ന സമയത്തു് കൂടുതൽ ഭൂമി വേണമെന്നുള്ള വാദമാണല്ലോ. കുട്ടികളെ പഠിപ്പിക്കാനും അധികരിച്ചുവരുന്ന ആവശ്യം നിർവഹിക്കാനും പറയുന്ന ഭൂമി ഒരു കുടുംബത്തിനു കൈവശം വേണമെന്നാണു് പറയുന്നതു്. പഴയ കാർഷിക ബന്ധനിയമത്തിൽ 15 ഏക്കർ ഭൂമി അതായതു് 15 ഏക്കർ ഇരുപ്പുനിലമോ, അതിൽ തുല്യമായ തെങ്ങിൻതോപ്പോ, മറ്റു പ്രദേശങ്ങളോ ഒരു കുടുംബത്തിനു് കൈവശം

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കാമെന്ന വ്യവസ്ഥ നിലനിറുത്തിയിരുന്നു. ആ പരിധികൊണ്ടു പറ്റാതെ വരുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണല്ലോ ഇപ്പോഴത്തെ പരിധി നിർണ്ണയം. അതിലും കൂടുതലായി ചില അംഗങ്ങൾക്ക് കൂടുതൽ ഭൂമി കൈവശംവയ്ക്കുന്നതിനു സൗകര്യം ഇതിൽ കൊടുക്കുന്നുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ്: 1348–ാംനമ്പർ ഭേദഗതിയെപ്പറ്റിയാണല്ലോ ബഹുമാനപ്പെട്ട മെംബർ സംസാരിക്കുന്നതു്. അതിൽ double crop nilam or its equivalent എന്നു പറഞ്ഞിട്ടുണ്ടു്. അതിനെ വിശദീകരിക്കുന്നായിട്ടു് ഇവിടെ വേറെ യാതൊരു ഭേദഗതിയുമില്ല. അപ്പോൾ ഇതേപ്പറ്റി വിശദീകരിക്കുന്നതിനാവശ്യമായിട്ടുള്ള മറ്റു ഭേദഗതികളൊന്നുമില്ലാത്ത സ്ഥിതിക്കു് ഇത്രത്തോളം ചർച്ചചെയ്യണമോ? ആദ്യം നമ്മൾ ഡബിൾ ക്രോപ്പ് നിലം എന്നുള്ളതു് തള്ളിക്കളഞ്ഞതാണു്. ഈ ഭേദഗതി സ്വീകരിച്ചാൽ തന്നെ അർത്ഥശൂന്യമാണു്. ആ കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മിസ്റ്റർ കുറുപ്പ് വേണമെങ്കിൽ എതിർത്തു സംസാരിച്ചുകൊള്ളണം. ഒരു മെംബർ സംസാരിച്ചുകൊണ്ടുനിൽക്കുമ്പോൾ സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യത്തെക്കുറിച്ചു് പറയണമെങ്കിൽ അതിനു പോയിന്റ് ഓഫ് ആർഡർ raise ചെയ്യണം.

ശ്രീ. എം. നാരായണക്കുറുപ്പ്: ഞാൻ പറഞ്ഞതു അങ്ങനെ ഒരു ഭേദഗതി ആർഡറിലാണോ എന്നുള്ളതാണു്.

Mr. Speaker: Anyway Mr. Ramakrishnan has moved the amendment. The hon. Member may continue.

Shri K. Bhargavan: We have to define what a double crop nilam is. ഇത്രയല്ലേ ഉള്ളൂ, വേറെ എന്താണു് സംശയം.

ശ്രീ. എം. നാരായണക്കുറുപ്പ്: 'or its equivalent' എന്നു പറഞ്ഞിട്ടുണ്ടു്. അതാണു ഞാൻ പറഞ്ഞതു്.

Mr. Speaker: Mr. Ramakrishnan, please explain your amendment.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 'equivlaent' എന്നുള്ളതിൽ പട്ടിക മുഴുവൻ എടുത്തുചേർത്തില്ലെന്നാണോ ആക്ഷേപം. അതിൽ ഈ തത്വം സ്വീകരിച്ചാൽ പിന്നെ അതിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവരുന്നതിനു് ബുദ്ധിമുട്ടുണ്ടാകുകയില്ലല്ലോ. ഭൂപരിധി 15 ഏക്കർ എന്നുള്ളതുനിലയിൽ തത്വം അംഗീകരിച്ചുകഴിഞ്ഞാൽ അതിൽപിന്നാലേ ഭേദഗതി കൊണ്ടുവന്നു പോക്കുവരുന്നതാണു്.

ഞാൻ പറഞ്ഞുവന്നതു് 15 ഏക്കർ ഭൂമി കൈവശമുണ്ടായാൽ ഒരു കുടുംബത്തിനു് ജീവിക്കാൻ സാധിക്കുമോ ഇല്ലയോ എന്നുള്ള കാര്യത്തെ സംബന്ധിച്ചാണു്. ഒരു കുടുംബത്തിനു് അധികം ഭൂമി വരുകയാണെങ്കിൽ ഉൽപ്പാദനം കൂടുതൽ വർദ്ധിപ്പിക്കാനും ആദായം വർദ്ധിപ്പിക്കാനും സാധിക്കുമെന്നുള്ള തത്വം ശരിയല്ല. പ്ലാനിംഗ് കമ്മീഷൻതന്നെ പരിധിനിർണ്ണയത്തെ സംബന്ധിച്ചുള്ള നിയമനിർമ്മാണങ്ങളും നടപ്പിൽ വരുത്തുന്നതിനു് വേണ്ട നിർദ്ദേശങ്ങളും കൊടുക്കുകയും, അതേപ്പറ്റി പരിശോധിക്കുകയും ചെയ്തിട്ടുണ്ടു്. ആ നിർദ്ദേശങ്ങളെ സംബന്ധിച്ചു് ആക്ഷേപമുള്ള കക്ഷികളും പരിശോധിച്ചിട്ടുണ്ടു്. ആ പരിശോധിച്ച റിപ്പോർട്ടുകളിൽ ചിലതെങ്കിലും എനിക്കു് കാണാൻ സാധിച്ചിട്ടുണ്ടു്. അതിലൊക്കെ പറയുന്നതു് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചായാലും കൊള്ളാം, ഇൻഡ്യയിലെ മറ്റു രംഗങ്ങളെ സംബന്ധിച്ചായാലും കൊള്ളാം, ലോകത്തെവിടെയായാലും ശരി, കൂടുതൽ ഭൂമിയിൽ ഉൽപ്പാദനം കുറയും, കുറഞ്ഞ ഭൂമിയിൽ ഉൽപ്പാദനം കൂടുകയും ചെയ്യുമെന്നാണു്. കുറച്ചു ഭൂമി കൈവശംവച്ചു അതിൽകൂടുതൽ അദ്ധ്വാനിച്ചാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കും. നേരെമറിച്ചു് വളരെയധികം ഭൂമിയിൽ ഉൽപ്പാദനം വർദ്ധിക്കുകയില്ല. ഈ നിയമസഭയിലുള്ള ബഹുമാനപ്പെട്ട മെംബർ ശ്രീമാൻ കെ. വി. ജോൺ പറഞ്ഞു ഞാൻ കേട്ടതു്, ഒരു പറ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

വിത്തിൽനിന്നു് 150 പറ നെല്ലു് ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചു എന്നാണു്. നല്ല വിത്തു്, കൃഷി നടത്തുന്നതിനുവേണ്ടി നേരിട്ടുള്ള പരിശ്രമം ഇതിന്റെയൊക്കെ ഫലമായി ഒരുപറ വിത്തിൽനിന്നു് 150 പറ നെല്ലു് ഉൽപ്പാദിപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചു. വളരെയധികം ഭൂമി കൈവശമിരിക്കുന്ന കൃഷിക്കാർക്കു് നേരിട്ടു് ഭൂമിയിൽ ഇത്രയധികം കാര്യമായി കൃഷിചെയ്യാനോ ഉൽപ്പാദനം വർദ്ധിപ്പിക്കാനോ സാദ്ധ്യമല്ല. അതു് വളരെയധികം ഭൂമി കൈവശമിരിക്കുന്ന ആൾക്കാരുടെ അനുഭവം പരിശോധിച്ചാൽ കാണാൻ സാധിക്കുന്നതാണു്. ഭൂമിയിൽ നേരിട്ടു ശ്രദ്ധിക്കാനോ, ഉൽപ്പാദനം എങ്ങനെ വർദ്ധിപ്പിക്കണമെന്നുള്ളതിനെ സംബന്ധിച്ചു് ആലോചിക്കുവാനോ അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാനോ സാധിക്കുന്നില്ല. നേരേമറിച്ചു് ഒരാളിന്റെ കൈവശം ഒന്നോ രണ്ടോ ഏക്കർ ഭൂമി ഉണ്ടെന്നുവയ്ക്കുക, അങ്ങനെവന്നാൽ നല്ല മണ്ണാണോ എന്നു പരിശോധിക്കും, കൂടുതൽ വളം ചേർക്കും, നല്ല വിത്തു ഉണ്ടാക്കാൻ നോക്കും, അങ്ങനെ അയാളുടെ ചുമതലയിൽ ഭൂമി കൂടുതൽ നന്നാക്കും.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ശ്രീ. കെ. വി. ജോണിനെ സംബന്ധിച്ചിടത്തോളം പറഞ്ഞു. അദ്ദേഹത്തിനു് രണ്ടേക്കർ ഭൂമിയേ ഉള്ളുവെന്നാണോ പറയുന്നതു്? രണ്ടേക്കറിൽ മാത്രമായി കൃഷിചെയ്യുന്നു എന്നാണോ പറയുന്നതു്? എന്റെ അറിവിൽപെട്ടിടത്തോളം അദ്ദേഹത്തിനു്.....

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എന്റെ പായിന്റു് അതല്ല. അദ്ദേഹം ഇവിടെതന്നെയുണ്ടു്. ഒരു പറ വിത്തിൽനിന്നു് 150 പറ നെല്ലു് അദ്ദേഹം ഉൽപ്പാദിപ്പിച്ചു എന്നാണു് ഞാൻ പറഞ്ഞതു്. അദ്ദേഹത്തിനു് കൂടുതൽ ഭൂമിയുണ്ടോ എന്നുള്ളതിനെപ്പറ്റിയല്ല ഞാൻ പറഞ്ഞതു്. ഞാൻ പറഞ്ഞ പായിന്റു എന്താണെന്നു വച്ചാൽ ഇന്നുള്ള ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കാൻ ആവശ്യമായ പരിശ്രമം നേരിട്ടു നടത്തുന്നതിനുള്ള സൗകര്യം കൃഷിക്കാർക്കു് ചെയ്തുകൊടുക്കണം. അതു് കൂടുതൽ ഭൂമിയുണ്ടെങ്കിൽ സാധിക്കുകയില്ല. കൂടുതൽ ഭൂമി ഉണ്ടായാൽ സാധാരണ ഗതിയിൽ യന്ത്രവൽകൃത കൃഷിചെയ്യുന്നതിനുവേണ്ടിയുള്ള സൗകര്യമുണ്ടെന്നും അങ്ങനെ രാജ്യത്തു് ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്നുമാണു് മറെറാരു വാദം. അങ്ങനെ യന്ത്രവൽക്കരിച്ച കൃഷി ഇവിടെയില്ലല്ലോ. കൂടുതൽ പരീഷ്കൃത രീതിയിൽ കൃഷിയിൽ നേരിട്ടു ശ്രദ്ധിച്ചാൽ കൂടുതൽ നെല്ലു് ഉൽപ്പാദിപ്പിക്കാൻ സാധിക്കും. നമ്മുടെ രാജ്യത്തു് അഭിവൃദ്ധിപ്പെടണം, പരീക്ഷിച്ചു നോക്കേണ്ടതും, മാതൃകയായിരിക്കുന്നതും, പരിഷ്കൃത രീതിയിലുള്ളതാണല്ലോ ജപ്പാൻ കൃഷി സമ്പ്രദായം. അതിലൊന്നിലും യന്ത്രത്തിന്റെ ആവശ്യം വരുന്നില്ല. ജപ്പാൻ കൃഷി സമ്പ്രദായം ഏർപ്പെടുത്തുന്നതിനുവേണ്ടി ബ്ലോക്കുകളും പരിശ്രമം നടത്തിവരുന്നുണ്ടു്. ജപ്പാനിൽ 7½ ഏക്കറാണു് പരിധിയെന്നാണെന്റെ അറിവു്. അപ്പോഴും കൃഷിയുമായി നേരിട്ടു ബന്ധംവേണം, കൂടുതൽ ശ്രദ്ധവേണം, നല്ല വളംവേണം, ഇങ്ങനെയൊക്കെ വരുമ്പോഴും കൂടുതൽ ഭൂമി വന്നാൽ ഇതൊന്നും ചെയ്യാൻ കഴിയുകയില്ല.

എന്റെ പോയിന്റിനെപ്പറ്റി തന്നെയാണു് ഞാൻ പറയുന്നതു്. കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നിശ്ചയിച്ചു എന്നാണു് മനസ്സിലാക്കാൻ കഴിയുന്നതു്, ഏതായാലും 15 ഏക്കർ അല്ലെങ്കിൽ അതിനപ്പുറത്തു് ശാസ്ത്രീയത്തിന്റെ പേരിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കുന്നതിനുള്ള സൗകര്യം കൊടുത്തു അതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാമെന്ന പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശം നടപ്പിൽ വരുത്തുന്നു എന്നു പറയുന്നതു് ശുദ്ധ ഭോഷ്കാണു്. ഇതു് യഥാർത്ഥത്തിൽ പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശം നടപ്പിൽ വരുത്തുകയല്ല; കൂടുതൽ ഭൂമി കൈവശം വയ്ക്കുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കുക എന്നുള്ളതിൽ കവിഞ്ഞു് യാതൊന്നും ഇതിൽ കാണാനില്ല എന്നുള്ളതാണു് എന്റെ വാദം. അതുകൊണ്ടു് സ്റ്റാൻഡേർഡ് ഏക്കറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കുന്നതിനു് സൗകര്യം ചെയ്തു കൊടുക്കുന്നതിൽ വിശ്വാസമില്ലെങ്കിലും, പരിധി നിർണ്ണയത്തിന്റെ കാര്യത്തിൽ നാം സ്വീകരിക്കേണ്ട തത്വത്തിന്റെ കഴുത്തിൽ കത്തിവയ്ക്കുന്ന ഒരേർപ്പാടായതുകൊണ്ടു് ആ സമ്പ്രദായം തുടരാൻ പാടില്ലെന്നും പരിമിതമായിട്ടുള്ള ഭൂമിമാത്രം കൈവശംവച്ചു് മിച്ചഭൂമി വർദ്ധിപ്പിക്കാനുള്ള തത്വം അംഗീകരിക്കണമെന്നുമാണു് എനിക്കു് പറയാനുള്ളതു്. അങ്ങനെ ചെയ്യുകിൽ മാത്രമേ നേരിട്ട ഭൂമിയിൽ അദ്ധ്വാനിക്കുന്നവർക്കു് കുറച്ചെങ്കിലും ഭൂമി കൊടുക്കാൻ സാധിക്കുകയുള്ളു. കൈവശമുള്ള ചുരുങ്ങിയ ഭൂമിയിൽ നേരിട്ട അദ്ധ്വാനിക്കുന്നവർക്കുള്ള ആദായത്തെക്കാളും കുറവായിരിക്കും കൂടുതൽ ഭൂമിയുള്ളവർക്കു്. കൈവശമുള്ള ഭൂമി ചുരുങ്ങിവരുന്നതോടുകൂടി അതിൽനിന്നു് കൂടുതൽ ആദായമുണ്ടാക്കാനും ഉള്ള ഭൂമിയെ സ്നേഹിക്കാനും ശ്രമിക്കും. ഇന്നു് കൊല്ലത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം കൃഷിഭൂമിയിൽ എന്തെങ്കിലും ചെയ്തുകഴിഞ്ഞാൽ കൃഷിക്കാർ പിന്നെ ബാക്കിയുള്ള സമയം വെറുതേ ഇരിക്കുകയാണു്. അയാൾ പിന്നെ കാര്യമായി പരിശ്രമിക്കാറില്ല. വ്യാവസായിക രംഗത്തെന്നപോലെ കാർഷിക രംഗത്തും നിരന്തരം പരിശ്രമിച്ചാൽ കൂടുതൽ വിളവു് വർദ്ധിപ്പിക്കാൻ കഴിയും. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് നമ്മുടെ രാജ്യത്തെ കൃഷിക്കാരാണെങ്കിൽ വളരെ മിടുക്കന്മാരാണു്. ഒരിഞ്ചു ഭൂമിപോലും തരിശായിട്ടിടാത്ത കൃഷിക്കാരാണു് നമ്മുടെ രാജ്യത്തുള്ളതു്. പക്ഷേ കൂടുതൽ ഭൂമിയുള്ളവൻ ഈ പ്രയത്നത്തിന്റെ അടുത്തൊന്നും എത്തുന്നില്ല. അവർ ഈ പ്രയത്നത്തിൽ പിന്നോക്കം നിൽക്കുകയാണു്. അവർക്കു് പരിധിക്കുമാത്രം ഭൂമിയുണ്ടായിരുന്നാൽ ആ ഭൂമിയിൽ നല്ലതുപോലെ അദ്ധ്വാനിച്ചു് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു് വളരെയധികം സംഭാവന ചെയ്യാൻ സാധിക്കും. അല്ലാതെ വസ്തുനിഷ്ഠമായി കൂടുതൽ ഭൂമി കൈവശം വയ്ക്കാൻ സൗകര്യം കൊടുക്കണമെന്നുള്ള അടിസ്ഥാനത്തിൽ ചിന്തിക്കരുതെന്നും ഞാൻ മുമ്പു സൂചിപ്പിച്ച അടിസ്ഥാനത്തിൽ ചിന്തിച്ചാൽ ബുദ്ധിമുട്ടുണ്ടാവുകയില്ലെന്നും ആണു എനിക്കു പറയുവാനുള്ളതു്. ആ അടിസ്ഥാനത്തിൽ എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : എന്റെ ഭേദഗതി അഡൽറ്റു് അൺമാരീഡായിട്ടുള്ളവർക്കു് 5 സ്റ്റാൻഡേർഡു് ഏക്കറും, 5 അംഗങ്ങംവരെയുള്ള കുടുംബത്തിനു് 10 സ്റ്റാൻഡേർഡു് ഏക്കറുമായി സീലിംഗിന്റെ കാര്യത്തിൽ കുറവു വരുത്തണമെന്നാണു്. സ്റ്റാൻഡേർഡു് ഏക്കർ നിശ്ചയിക്കുന്നതിനു സ്വീകരിച്ച മാനദണ്ഡം എന്താണെന്നു് ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞു. അതിൽ സ്റ്റാറ്റിസ്റ്റിക്കു് ഡിപ്പാർട്ടുമെന്റു കൊടുത്ത കണക്കാണു് ആധാരമായിട്ടെടുത്തിട്ടുള്ളതു്. അതു് വളരെയേറെ ശാസ്ത്രീയമാണു് എന്നാണു് പറഞ്ഞിട്ടുള്ളതു്. പക്ഷേ ശാസ്ത്രീയമാണെന്നു പറഞ്ഞാൽ അനുഭവമായിട്ടു ബന്ധപ്പെടണം. അനുഭവം തെറ്റാണെങ്കിൽ അതു് ശാസ്ത്രീയമാണെന്നു പറഞ്ഞിട്ടു കാര്യമില്ല. സ്റ്റാറ്റിസ്റ്റിക്കു് ഡിപ്പാർട്ടുമെന്റു് സാധാരണ നടത്തുന്നതു് റാൻഡം സാമ്പിൾ സർവ്വേയാണു്. അതുവച്ചാണു് കണക്കുകൂട്ടുന്നതു്. അതുതന്നെ എത്രതവണ സാമ്പിൾ സർവ്വേ നടത്തി അതിന്റെ ആവറേജു് എടുത്തിട്ടാണു് സ്റ്റാൻഡേർഡു് ഏക്കർ ഫിക്സു് ചെയ്തതു്, ഉള്ള കണക്കുകൂടി തയ്യാറാക്കിയതു് എന്നു മനസ്സിലായില്ല. ഞാൻ എന്റെ ഡിസ്ട്രിക്റ്റിൽതന്നെ നോക്കിയപ്പോൾ ഒരു സ്റ്റാൻഡേർഡു് ഏക്കറിനു് സമമായിട്ടുള്ളതു് റബ്ബർ പ്ലാന്റേഷനാണെങ്കിൽ ഒന്നേമുക്കാലേക്കറാണു്, ചെങ്ങന്നൂർ, തിരുവല്ല, കുട്ടനാടു് ഈ പ്രദേശങ്ങളിലെ ഡബിംക്രോപ്പു് നിലമാണെങ്കിൽ ഒന്നരയേക്കർ, സിംഗിംക്രോപ്പു് നിലമാണെങ്കിൽ 2 ഏക്കർ എന്നാണു് പറഞ്ഞിരിക്കുന്നതു്. ഒന്നരയേക്കർ ഡബിംക്രോപ്പു നിലത്തിൽനിന്നു കിട്ടുന്ന ആദായത്തിനു സമമാണു് ഒന്നേമുക്കാലേക്കർ റബ്ബർ പ്ലാന്റേഷനിൽനിന്നു കിട്ടുന്ന ആദായമെന്നു പറഞ്ഞാൽ നാട്ടുകാർ വിശ്വസിക്കുകയില്ല. വസ്തുതയുമായിട്ടു് പൊരുത്തപ്പെടുകയില്ല. കാരണം ഒന്നരയേക്കർ ഡബിംക്രോപ്പു നിലത്തേക്കാളും വളരെക്കൂടുതൽ ആദായം ഒന്നേമുക്കാലേക്കർ റബ്ബർതോട്ടത്തിൽനിന്നു കിട്ടുമെന്നുള്ളതു് സത്യസന്ധമായ കാര്യമാണു്. അപ്പോൾ ഇങ്ങനെ സ്റ്റാൻഡേർഡു് ഏക്കർ നിശ്ചയിച്ചിരിക്കുന്നതു് വസ്തുതകളുമായിട്ടു് തട്ടിച്ചുനോക്കുമ്പോൾ ശരി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞച്ചൻ]

യല്ല എന്നു കാണാൻ കഴിയും. ഇതുപോലെ ഒട്ടനവധി കാര്യങ്ങൾ പറയാനുണ്ട്. ഒക്കെക്കൊ പ്ലാന്റേഷനും സ്റ്റാൻഡേർഡും ഏക്കർ നിശ്ചയിച്ചിരിക്കുന്നതു് അതുയേറെ ശാസ്ത്രീയമായ രീതിയിലാണെന്നു് നമുക്കു് തീരുമാനിക്കാൻ കഴിയുകയില്ല. ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചതിന്റെ പ്രധാന കാരണം സാധാരണഗതിയിൽ മാനമായി ജീവിക്കുന്നതിനു് എത്ര സ്ഥലം വേണമെന്നു നോക്കി അതു നിജ്ജം ചെയ്യണം. 5 സ്റ്റാന്റേർഡു് ഏക്കർ എന്നാണു് ഞാൻ പറഞ്ഞിരിക്കുന്നതു്. 5 സ്റ്റാന്റേർഡു് ഏക്കർ എന്നു പറഞ്ഞാൽ ആലപ്പുഴ ഡിസ്ട്രിക്ടിലാണെങ്കിൽ ഒരുപ്പു നിലമാണെങ്കിൽ പത്തേക്കർ വരും. ഇരുപ്പു നിലമാണെങ്കിൽ $7\frac{1}{2}$ ഏക്കർ വരും. ഏഴരയേക്കർ ഇരുപ്പു നിലത്തിൽനിന്നും കിട്ടുന്ന ആദായംകൊണ്ടു് മാന്യമായി ജീവിക്കാൻ സാധിക്കുകയില്ല എന്നു പറയുന്നതു ശരിയല്ല. ചെങ്ങന്നൂർ, തിരുവല്ല, കുട്ടനാടു് ഈ താലൂക്കുകളിൽ കണിശമായും ഏഴരയേക്കർ ഇരുപ്പു നിലത്തിൽനിന്നു കിട്ടുന്ന ആദായംകൊണ്ടു് മാനമായി ജീവിക്കാൻ സാധിക്കും. ഭൂമി കൂടുതൽ ഉണ്ടെങ്കിലേ ഉൽപ്പാദനം വർദ്ധിക്കുകയുള്ളു എന്നു പറയുന്നതു ശരിയല്ല. കൂടുതൽ ഭൂമി കൃഷിചെയ്യുന്ന അപൂവ്വം ചിലരുമുണ്ടു് നമ്മുടെ രാജ്യത്തു്. ഇങ്ങനെയുള്ള എല്ലാ ആളുകളും ശേഗിയായി കൃഷി ചെയ്യുമെങ്കിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും. പ്ലാന്റേഷൻ വളരെ വിപുലമായ രീതിയിൽ നടത്തുന്ന ആളുകളും നല്ല രീതിയിൽ കൃഷിചെയ്യുകയാണെങ്കിൽ നല്ല ആദായം ഉണ്ടാക്കാൻ കഴിയും. അതേ സമയത്തു് കൂടുതൽ ഭൂമി കൊടുത്താൽ അവർ കൃഷിചെയ്തു് കൂടുതൽ ആദായം ഉണ്ടാക്കുമെന്നു പറയുന്നതു ശരിയല്ല. ആ നിലയ്ക്കു കൂടുതൽ ഭൂമി കൊടുക്കുന്നതുകൊണ്ടുമാത്രം കൂടുതൽ ആദായമുണ്ടാക്കാമെന്നും നല്ല രീതിയിൽ കൃഷി ചെയ്യാമെന്നുമുള്ള ധാരണയും ശരിയല്ല. പക്ഷേ നമ്മൾ ഒരു ലെജിസ്ലേഷൻ ഉണ്ടാക്കുമ്പോൾ ന്യായമായി ഒരു കുടുംബത്തിനോ, അല്ലെങ്കിൽ ഒരു വ്യക്തിക്കോ ജീവിക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്ന കാര്യത്തിൽ സംശയമില്ല. അതിനു് 10 സ്റ്റാൻഡേർഡു് ഏക്കർവരെ ആണെങ്കിൽ 5 മെമ്പന്മാരുള്ള കുടുംബത്തിനു ജീവിക്കാനുള്ള സൗകര്യം കിട്ടും. വലിയ രീതിയിൽ വലിയ സൗകര്യത്തോടുകൂടി ജീവിക്കാനുള്ള സൗകര്യമുണ്ടാവുമെന്നുള്ള വിശ്വാസമില്ല. എങ്കിലും നമ്മുടെ രാജ്യത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതിയുമായി തിട്ടപ്പെടുത്തി നോക്കുമ്പോൾ മാന്യമായി ജീവിക്കാനുള്ള സൗകര്യം കിട്ടും. അതാണു് അഞ്ചു് മെമ്പറന്മാരുള്ള ഫാമിലിക്കു് 10 സ്റ്റാൻഡേർഡു് ഏക്കർവരെയാകാമെന്നു ഞാൻ പറഞ്ഞതു്. ഇതു് ഏറ്റവും കുറഞ്ഞതു് സാധാരണയുള്ള ഏഴര ഏക്കറും ഏറ്റവും കൂടിയതു് 30 ഏക്കറുമായിരിക്കണമെന്നും ആണു് എന്റെ ഭേദഗതി. 79, 80, 81 ഈ വകുപ്പുകൾ പാസായിക്കഴിയുമ്പോൾ നമ്മുടെ രാജ്യത്തു് മിച്ചഭൂമി ഉണ്ടാവുകയില്ല. ഈ ബില്ലിന്റെ എക്സ്പ്ലനേഷനിൽ പറഞ്ഞിരിക്കുന്നതു്

"For the purposes of this section, where a person has two or more legally wedded wives living, the husband, one of the wives named by him for the purpose and their unmarried minor children shall be deemed to be one family ; and the other wife or each of the other wives and her unmarried minor children shall be deemed to be a separate family"

ഇതാണു്. അഗ്രേറിയൻ റിലേഷൻസു് ബില്ലിലാണെങ്കിൽ ഇതിൽ നിന്നും വ്യത്യാസമാണു്. അതിൽ പറഞ്ഞിരിക്കുന്നതു്

"For the purposes of this section where any person has two or more living wives and such plurality of wives is recognised by the personal law governing the parties, such person together with the wife he chooses and her minor unmarried children shall be deemed to be a family and each of the other wives togther with her minor unmarried children shall be deemed to be an adult unmarried person."

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെയാണ്. പഴയ ബില്ലനുസരിച്ച് ഒരു പ്രത്യേക കുടുംബമാകുന്നില്ല. പുതിയ ബില്ലനുസരിച്ചാണെങ്കിൽ ഒരു സെപ്പറേറ്റു ഫാമിലിയുണ്ടാകുന്നു. അപ്പോൾ പ്രത്യേക ഒരു ഫാമിലി എന്ന നിലയ്ക്ക് അവർക്ക് സീലിംഗിന്റെ അതിത്തിവരെയുള്ള ഭൂമി കൈവശം വയ്ക്കാൻ അവകാശംകിട്ടും. അങ്ങനെ രണ്ടോ മൂന്നോ ഭാര്യമാരുള്ള ആളുകളുണ്ട്. അവർക്ക് പ്രത്യേകം പ്രത്യേകം സീലിംഗ് ശാസ്ത്രീയമായി വരാനിടയുണ്ട്. അതും മിച്ചഭൂമി ഉണ്ടാക്കാൻ ഇടയുള്ളതിനെ തടസ്സപ്പെടുത്താനിടയുണ്ട്. അതുകൊണ്ട് എന്റെ ഭേദഗതി അംഗീകരിക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. കെ. അനിരുദ്ധൻ : സർ, ഞാൻ ക്ലാസ് 80–ൽ സബ്ക്ലാസ് 1–ൽ ഏ. 12 സ്റ്റാന്റേർഡ് ഏക്കർ എന്നതിനു പകരം 8 സ്റ്റാന്റേർഡ് ഏക്കർ എന്നുള്ളതാണു 1695-ാം നമ്പർ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. അതുപോലെ 1696-ൽ സബ്ക്ലാസ് ബി (1) Substitute 'nine acres' for 'fifteen acres' എന്നതിനു പകരം 9 ഏക്കർ എന്നാണു് ഉദ്ദേശിക്കുന്നതു്. അതുപോലെ

In clause 80 (i) (b) (ii), substitute 'twenty acres' for 'thirty-six acres'

എന്നുദ്ദേശിക്കുന്നുണ്ട്. ഞാൻ ഇതു പറയാൻ കാരണം, നാം ഭൂനയപരിഷ്ക്കാരത്തെ സംബന്ധിച്ച ഒരു നിയമം ഉണ്ടാക്കുന്നതിൽ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. ഈ കാലഘട്ടത്തിൽ സോഷ്യലിസത്തെപ്പറ്റി പരിശോധിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ മുഖ്യമായും ചില കാര്യങ്ങൾ ഉദ്ദേശിച്ചാണു് ഇത്തരത്തിലൊരു നിയമം കൊണ്ടുവരുന്നതു്. ചില പരിഷ്ക്കാരങ്ങളാണു് ആ ഉദ്ദേശത്തിൽ അടങ്ങിയിട്ടുള്ളതു്. ആ പരിഷ്ക്കാരങ്ങളിൽ പ്രധാനമായി കാണുന്നതു്, എല്ലാ പാർട്ടികളും അംഗീകരിക്കുന്നതു, സ്വതന്ത്രാപാർട്ടി ഒഴികെ, ഇന്നു ചിലരുടെ കയ്യിൽ കുന്നുകൂടിയിരിക്കുന്ന ഭൂമി അതിനു ഒരു തടസ്സം വരുത്തുന്നു എന്നുള്ളതാണു്. രണ്ടാമതു്, ഇനി ഭാവിയിൽ വ്യക്തികളുടെ കയ്യിൽ കുന്നുകൂടാൻ അനുവദിക്കരുതു എന്നുള്ളതാണു്. മൂന്നാമതു്, ഈ ആളുകളുടെ കയ്യിലുള്ള ഭൂമി, പതിനായിരക്കണക്കിനേക്കർ ഭൂമി കയ്യിലിരിക്കുന്നവരുടെ ഭൂമി കൂടി, അതിനു സീലിംഗ് ഏർപ്പെടുത്തുകയും അതിന്റെ ഫലമായി ലഭിക്കുന്ന മിച്ചഭൂമി കൃഷിക്കാർക്ക് അല്ലെങ്കിൽ കൃഷിക്കാരുടെ സഹകരണസംഘങ്ങൾക്കു അല്ലെങ്കിൽ കൃഷി നടത്താൻപറ്റുന്ന സ്റ്റേറ്റുഫാമുകൾക്കു ഏതുരീതിയിൽ വിതരണം ചെയ്യാമോ അതുപോലെ വിതരണം ചെയ്യാനാണു്. ഈ മൂന്നുകാര്യങ്ങളേയും അടിസ്ഥാനമാക്കി ഇന്നത്തെ ഈ പ്രത്യേക സാഹചര്യത്തിൽ ഇൻഡ്യയിൽ പ്രത്യേകിച്ചു കേരളത്തിൽ ക്ഷ്യകാര്യത്തിൽ വളരെ പ്രയാസമുള്ളപ്പോൾ കൂടുതൽ ഭക്ഷ്യോൽപാദനം ഉണ്ടാക്കുക എന്നുള്ളതാണു്. അപ്പോൾ മുഖ്യമായും നമ്മുടെ കൃഷിയെ ആസ്പദമാക്കിയാണു സോഷ്യലിസത്തെപ്പറ്റി ചിന്തിക്കേണ്ട ഒരു കാലഘട്ടം. 1960-ൽ ഒരു കാർഷികബന്ധ നിയമം ഇവിടെ ഉണ്ടായി. ആ ആക്റ്റിൽ വളരെ പോരായ്മകൾ ഉണ്ടെന്നു വാദത്തിനു വേണ്ടി സമ്മതിക്കാം. അതു കോടതിയിൽ പോയാൽ നടപ്പാകാൻ പ്രയാസമുണ്ടെന്നു പറയും. അതുതന്നെ പുരോഗമന സ്വഭാവമുള്ളതാണോ ? സോഷ്യലിസം ഉൾക്കൊള്ളുന്നതാണോ എന്നുള്ള ആക്ഷേപമുണ്ട്. ഇവിടെ ആളുകൾ എന്തു ഉദ്ദേശിച്ചു. ഇവിടെ കൃഷിക്കാർക്കു കൂടുതൽ പ്രയോജനകരമായ ഒരു നിയമം വരാൻപോകുന്നു എന്നു ജനങ്ങൾ സംശയിച്ചു. അങ്ങനെ ഒരു നിയമം വന്നോ. നാം 80 ക്ലാസുവരെ ഇവിടെ ഈ നിയമത്തിൽ ചർച്ചചെയ്തു. അതുപോലെ ഇതും ചർച്ചചെയ്യുമ്പോൾ നിയമസഭയുടെ പല ഭാഗത്തുനിന്നും വന്ന ചോദ്യങ്ങളും പ്രസംഗങ്ങളും മന്ത്രിയുടെ മറുപടിയും കേട്ടപ്പോൾ അതിൽനിന്നും ഇവിടെ ഭക്ഷ്യോൽപാദനം കൂടുതൽ ഉണ്ടാകുമെന്നു പറയാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ല. അതു മാത്രമല്ല, ഈത്തരത്തിലൊരു നിയമം കൊണ്ടുവരുമ്പോൾ അതുമൂലം പ്രത്യേകമായി ചില ആളുകളെ ഒഴിവാക്കണമെന്നുള്ള ഒരു ദുർവാശി ഇവിടെ പ്രകടിപ്പിച്ചുകണ്ടു. ഇന്നലെ അതേക്കുറിച്ചു ഇവിടെ ചർച്ചചെയ്തപ്പോൾ ഉദാഹരണത്തിനു ഈ കായൽനിലങ്ങളെക്കുറിച്ചുഅദ്ദേഹം പരാമർശിച്ചു. എട്ടടിതാഴെ വെള്ളത്തിലാണു് അവർ കൃഷി നടത്തുന്നതെന്നും, അവർ കെട്ടും തോറും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നും, അവർ ഏതു രാഷ്ട്രീയ പാർട്ടിയോടു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. അനിരുദ്ധൻ]

വിരോധമുള്ളവരാണെങ്കിൽതന്നെയും പണത്തിന്റെ കാര്യത്തിൽ ഗവണ്മെന്റ് അവർക്ക് സഹായം നൽകേണ്ടതാണെന്നും ഇനിയും അവരെ സഹായിക്കുമെന്നും പറയുകയുണ്ടായി. രാജ്യത്തെ ഭക്ഷ്യകാര്യത്തിൽ സൂക്ഷിക്കേണ്ടതാവശ്യമാണ്. ഞങ്ങളും കമ്മ്യൂണിസ്റ്റുകാരായാലും അതു ചെയ്യേണ്ടതാണ്. പക്ഷേ, അവരെ സഹായിക്കുന്നതു മാത്രമാണോ ഉദ്ദേശം.

Mr. Speaker : Please try to conclude.

Shri K. Anirudhan : Yes. I am concluding. അപ്പോഴും അതുമാത്രം പറയാൻ അവകാശമില്ല. എന്തുകൊണ്ടവകാശമില്ല, അദ്ദേഹം പറയുന്നതിന്റെ ആവശ്യം കൊള്ളാമോ നല്ലതാണോ എന്നുള്ളതു ഈ നിയമസഭയെ ബോദ്ധ്യപ്പെടുത്തണം. അങ്ങനെ അദ്ദേഹം മാത്രം നിശ്ചയിച്ചാൽ മതിയോ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതികൂടി നോക്കണ്ടേ. അദ്ദേഹം അതു ചെയ്യുമെന്നു പറയും. ഞാൻ ഒരു കാര്യം പറയാം. അവിടെ എട്ടടി താഴ്ചയുള്ള കായലുകളിൽ കൃഷിചെയ്യുന്നു. അവിടെ വെള്ളക്കുടുതലാണ് അതുകൊണ്ടു കൃഷി നഷ്ടത്തിലാണ് എന്നാണ് പറയുന്നതെങ്കിൽ നമ്മുടെ രാജ്യത്തെപ്പോലെതന്നെ രാജസ്ഥാനിൽ ക്ഷ്യക്ഷാമം വളരെയുള്ള സ്ഥലമാണ്. രാജസ്ഥാനിൽ നാൽപ്പതിനായിരം അൻപതിനായിരം ഏക്കർ വെള്ളം കണ്ടിട്ടില്ലാത്ത ഭൂമിയിൽ സ്റ്റേറ്റു കൃഷിചെയ്യുന്നു. അങ്ങനെ അവിടെ സ്റ്റേറ്റു കൃഷിചെയ്യുന്നതു അവിടെയുള്ള മൂന്നോ നാലോ പേരെ സഹായിക്കാൻ വേണ്ടിയല്ല. അതിനു പകരം രാജസ്ഥാനിലും ഇൻഡ്യയിലുള്ള മറ്റു സംസ്ഥാനങ്ങളേയും കഴിയുമെങ്കിൽ സഹായിക്കാം എന്നുള്ള വിചാരത്തോടുകൂടിയാണ്. അതല്ലാതെ വ്യക്തികളെ സഹായിക്കുകയല്ല ഉദ്ദേശം. ഞാനീ സബ്സെക്ഷനെ ഉദ്ദേശിച്ചാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്.

ഭൂമിയുടെ പരിധി എട്ടു സ്റ്റാൻഡേർഡ് ഏക്കറിൽ കൂടാൻ പാടില്ലാ എന്നുള്ളതാണ്. അതായതു്, തിരുവനന്തപുരം ജില്ലയിൽ എട്ടു സ്റ്റാൻഡേർഡ് ഏക്കർ ലഭിക്കുമെന്നുണ്ടെങ്കിൽ അതു യഥാർത്ഥത്തിൽ 12 ഏക്കർ വരും. ഈ 12 ഏക്കർ തെങ്ങിൻതോപ്പ് എന്നു പറഞ്ഞാൽ നമ്മുടെ റവന്യൂ മന്ത്രിയുടെ തൊട്ടടുത്തിരിക്കുന്ന മുഖ്യമന്ത്രിക്കറിയാം ഒരേക്കർ തെങ്ങിൻതോപ്പ് നല്ലവണ്ണം കൃഷിചെയ്താൽ ഒരാണ്ടിൽ നാലായിരം രൂപ കിട്ടും. അതിൽ ചെലവു കഴിച്ചു രണ്ടായിരത്തിഅഞ്ഞൂറും രണ്ടായിരത്തി ഇരുന്നൂററി അൻപതും രൂപവരെ മിച്ചം കിട്ടും. അപ്പോൾ രണ്ടേക്കർ തെങ്ങിൻതോപ്പ് ഉണ്ടെങ്കിൽ അതു നല്ലവണ്ണം കൃഷിചെയ്താൽ അയ്യായിരം രൂപ ഒരു കൊല്ലം വരുമാനം കിട്ടും. ഒരു എൻ. ജി. ഒ. യേക്കാൾ അധികം സുഖമായിക്കഴിഞ്ഞുകൂടാം. അപ്പോൾ ഇവിടെ ഒരു ഫാമിലിക്ക് എട്ടു സ്റ്റാൻഡേർഡ് ഏക്കറിൽ കൂടുതൽ ഭൂമി ആവശ്യമില്ല. അതിനാണ് ഞാൻ ആ ഭേദഗതി കൊണ്ടുവന്നതു്. സർ, ഈക്കാര്യത്തെക്കുറിച്ചു സംസാരിക്കുമ്പോൾ അതിന്റെ ഉദ്ദേശത്തെക്കുറിച്ചു ചോദ്യംചെയ്യുന്നില്ല. നാം ഒരു നിയമം കൊണ്ടുവരുന്നു. ഭൂമിയുടെ പരിധി നിശ്ചയിക്കാൻ ഒരു നിയമം കൊണ്ടുവരുന്നു. അപ്പോൾ പറയുകയാണ് ഭൂമി കൈവശക്കാരുടെ കയ്യിലാണോ അതു ഒഴിപ്പിച്ചെടുക്കാൻ നിവൃത്തിയില്ല എന്നു പറയുന്നു. ഞാൻ ഒരു ദാഹരണം പറയാം. ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട അംഗം ആഗ്രികൾച്ചറൽ ഇൻകംടാക്സ് കൊടുക്കുന്നു. അതുപോലെ പത്തേക്കർ നല്ല ഭൂമിയുള്ള വനും ആഗ്രികൾച്ചറൽ ഇൻകംടാക്സ് കൊടുക്കുന്നു. 20 ഏക്കർ ഭൂമിയുള്ളയാളും ഇൻകംടാക്സ് കൊടുക്കുന്നു. ഇങ്ങനെ ഒരു വിഭാഗം ആളുകൾമാത്രം ഇൻകംടാക്സ് മുതലായവ ഗവണ്മെന്റിലേക്കു കൊടുക്കുകയും ഒരു വിഭാഗത്തിനു ഭൂമിയില്ലാതിരിക്കുകയും, ഒരു വിഭാഗത്തിന്റെ കയ്യിൽ ഭൂമി കുന്നുകൂടിയിരിക്കുകയുമാണ്. അപ്പോൾ ഈ നിയമത്തിന്റെ ഉദ്ദേശം എന്താണ്. ഭൂമി ഇനിയും ഉള്ള ആളുകളിൽ കുന്നുകൂടരുതു് എന്നാണ് ഇതിന്റെ ഉദ്ദേശമെങ്കിൽ അങ്ങനെ അതിലേക്കു നമ്മുടെ റവന്യൂ മന്ത്രി പരിശ്രമം നടത്തികൊണ്ടിരിക്കുമ്പോൾ ഒരു ലക്ഷത്തി നാല്പതിനായിരം ഏക്കർ ഭൂമിയുള്ള ഒരു ജന്മിയുടെ കയ്യിൽ നിന്നു ഒരു ദിവസം ഞാനെന്റെ ഭാര്യയുടെ പേരിലോ, ഭാര്യയുടെ ബന്ധു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽപെട്ട അംഗത്തിന്റെ പേരിലോ, എന്റെ ബന്ധുക്കളിൽപെട്ടവരുടെ പേരിലോ, അവരുടെ പരിചയക്കാരുടെ പേരിലോ ആയിരക്കണക്കിനേക്കർ ഭൂമി എഴുതിവാങ്ങാൻ ധൈര്യപ്പെട്ടിട്ടുണ്ടെങ്കിൽ ഈ നിയമം കൊണ്ടുവന്നതിന്റെ ഉദ്ദേശത്തിൽ ആത്മാർത്ഥതയില്ലായ്മയാണ് കാണിക്കുന്നത്. അപ്പോഴും ആ ജന്മിയുടെ കയ്യിൽനിന്നും മിച്ചഭൂമി എടുക്കാൻ നടക്കുക വിഷമമാണ് എന്നു പറഞ്ഞാൽ അതു് ആത്മാർത്ഥതയില്ലായ്മയാണ്. ഇനിയും കൂടുതൽ ഭൂമിയുണ്ടാക്കുക എന്നുള്ളതിനെ നിലനിറുത്തിക്കൊണ്ടാണ് ഇവിടെ നാം ഈ നിയമം അംഗീകരിച്ചിരിക്കുന്നത്. അതുകൊണ്ടാണ് ഭൂമി ആഗ്രഹിക്കുന്നവക്കുവേണ്ടി കമ്മ്യൂണിസ്റ്റുകാരും പറയും, ഭൂമിവേണം, മിച്ചഭൂമി വേണം ഞങ്ങളും വേഴാമ്പലിനെപ്പോലെ കാത്തിരിക്കുകയാണ് ഇനിയും മിച്ചഭൂമി വേണം എന്നു്. ഒരാളിനു് അഞ്ചുസെന്റു ഭൂമിയെങ്കിലും കൊടുക്കാൻ കഴിയേണ്ടതാണു്. അഗ്രേറിയൻ റിലേഷൻസ് ബില്ലിൽ പരിധി നിശ്ചയിച്ചിരുന്നതു് 15 ഏക്കറായിരുന്നു. അന്നതന്നെ അതിനുവേണ്ടി ഭേദഗതി അവതരിപ്പിച്ചു അതു ഭേദഗതി ചെയ്യേണ്ടതായിരുന്നു. അന്നതു സാധിക്കാതെ വന്നതുകൊണ്ടാണു് ഇന്നീ നിയമത്തിൽ ഭേദഗതി അവതരിപ്പിച്ചുകൊണ്ടു് സംസാരിക്കുന്നതു്. അതുകൊണ്ടു് എട്ടു സ്റ്റാൻഡേർഡു് ഏക്കറിനു അപ്പുറത്തു പോകേണ്ട ആവശ്യമില്ല. പരിധി നിശ്ചയിക്കാതെ എടുത്തുകൊണ്ടു പരിധി കുറഞ്ഞുകുറഞ്ഞു വരണമെന്നു് പറയുന്നു. അങ്ങനെ അതിനു പരിധി കൂട്ടുന്നതുകൊണ്ടു കാര്യമില്ല. അതുകൊണ്ടു വിളവുകൂടി വർദ്ധിക്കുകയില്ല. അതൊരു എക്കണോമിക്കു് ഹോൾഡിംഗ് ആണെന്നു പറയാം. എന്താണു് ഈ എക്കണോമിക്കു് ഹോൾഡിംഗ് എന്നു പറഞ്ഞാൽ പ്ലാന്റേഷൻ ആക്ടിൽ മൂന്നു കാര്യങ്ങളെക്കുറിച്ചാണു പറയുന്നതു്. അതിൽ ഒന്നു്, ടീ, മറ്റൊന്നു് റബ്ബർ, കാഫി. എന്തുകൊണ്ടാണു് ഇതെല്ലാം പ്ലാന്റേഷനിൽ പെടുത്തിയിരിക്കുന്നതു്. ആളുകൂടി ഈ കൃഷികൂടി നടത്തുന്നതിനു മാക്സിമം ക്യാപ്പിറ്റൽ ഇൻവെസ്റ്റു ചെയ്യുക, മാക്സിമം ലേബർ ഉപയോഗപ്പെടുത്തുക എന്നുള്ളതുകൊണ്ടാണു്, രണ്ടാമതു്, അതിൽനിന്നും പ്രൊഡക്ഷൻ കൂടുതൽ കിട്ടും. അപ്പോഴും ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഈ റബ്ബർ, ടീ, കാഫി എന്നീ കൃഷികൂടിക്കു തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഉദാഹരണത്തിനു ഒരേക്കർ തേയില പ്ലാന്റു ചെയ്യുന്നിടത്തു ഒന്നേകാൽ മനുഷ്യനെ 365 ദിവസം പ്രയോജനപ്പെടുത്താൻ കഴിയും. മറിച്ചു കുരുമുളകു അല്ലെങ്കിൽ തെങ്ങിൻ തോട്ടത്തിൽ ഒരുപ്പൂവോ, ഇരുപ്പൂവോ പത്തേക്കർ നിലത്തിൽ, ഒരാളെ മാത്രമേ ഒരു വർഷം എംപ്ലോയ് ചെയ്യാൻ കഴിയൂ. ആകാര്യംകൂടി കണക്കിലെടുത്തുകൊണ്ടാണു് റബ്ബർ, കാഫി പ്ലാന്റേഷൻസ് ഇതെല്ലാം പരിധിയിൽനിന്നും ഒഴിവാക്കണമെന്നു നിർദ്ദേശിച്ചിട്ടുള്ളതു്. സർ, ഇവിടെ എക്സ്റ്റൻസീവു് കൾട്ടിവേഷനാണു് ഇൻറൻസീവു് കൾട്ടിവേഷനു പകരം പ്രോത്സാഹിപ്പിക്കുന്നതു്, അതിന്റെഫലമായി കൂടിയാന്മാർ ന്യായമായി അലസന്മാരായിരിക്കുന്നതിനു പ്രേരണ കൊടുക്കുകയാണു്.

ഞാൻ നേരത്തെ പറഞ്ഞതുപോലെ ആയിരം ഏക്കർ ഭൂമി പാട്ടത്തിനു ചാർത്തിവാങ്ങി അതിൽ അൻപതു ചാക്കു കശുഅണ്ടി വാരി എറിഞ്ഞാൽ അതു രണ്ടുകൊല്ലം കഴിയുമ്പോഴും പ്യൂവർ കാഷ്യൂ ഗാർഡനായിരിക്കും. അങ്ങനെ ഞാൻ ചാർത്തിവാങ്ങിച്ച ആയിരം ഏക്കറിൽ അൻപതു ചാക്കു കശുഅണ്ടി വാരിഎറിഞ്ഞു അഞ്ചുകൊല്ലം കഴിയുമ്പോഴും അതു പ്രായമാകുന്നു. അതിൽനിന്നും ആദായം എടുക്കുന്നു. അപ്പോഴും അതു കശുഅണ്ടി തോട്ടമായിരിക്കും. ഏതായാലും ഞാൻ അതിനെക്കുറിച്ചു കൂടുതൽ സംസാരിക്കുന്നില്ല. ഈ പരിധിയിൽ കുറച്ചു മാറ്റം വേണം. ഇൻറൻസീവായിട്ടു കൾട്ടിവേഷൻ നടത്തുന്നതിനു പരിധി കുറഞ്ഞിരിക്കുന്നതാണു നല്ലതു്. അങ്ങനെ പരിധികുറഞ്ഞിരിക്കുന്നതുകൊണ്ടേ രാജ്യത്തിനു പ്രയോജനമുണ്ടാകൂ. അതുകൊണ്ടു മാത്രമേ കൂടുതൽ കൃഷിയുണ്ടാകൂ. കൃഷിയെ സംബന്ധിച്ചിടത്തോളം എനിക്കു മുമ്പു പ്രസംഗിച്ച ശ്രീമാൻ രാമകൃഷ്ണൻ പറഞ്ഞു വളരെ കൂടുതൽ യന്ത്രങ്ങളും ഉപയോഗിക്കാതെ ഇവിടെ ജപ്പാൻ കൃഷി സമ്പ്രദായം നടപ്പാക്കണമെന്നും അതു കൂടുതൽ ഫലപ്രദമാണെന്നും. ഞാൻ മനസ്സിലാക്കിയിരിക്കുന്നതു ജപ്പാനിലെ ഹോൾഡിംഗ് ഏഴര ഏക്കറും സ്വിറ്റ്സർലൻറിൽ 9 ഏക്കറുമാണു്.

ശ്രീ. കെ. എം. ജോർജ് : ഈ സ്വിറ്റ്സർലണ്ടിലേയും ജപ്പാനിലെയും കണക്കു പറഞ്ഞതു ഏതു അതാറിട്ടിയിൽനിന്നാണെന്നു പറയാമോ ?

ശ്രീ. കെ. ഭാർഗ്ഗവൻ : പ്രധാനമന്ത്രിതന്നെ പറഞ്ഞിട്ടുണ്ട്, ജപ്പാനിലെ ഹോൾഡിംഗ് ഏഴര ഏക്കറാണെന്നു്.

ശ്രീ. കെ. അനിരുദ്ധൻ: ഞാൻ ജപ്പാനിലേയും സ്വിറ്റ്സർലണ്ടിലേയും കാര്യം എടുത്തുപറഞ്ഞു എന്നേയുള്ളൂ. അതല്ലാ ഞാൻ പറഞ്ഞതിൽ തൊ പറവീട്ടുണ്ടെങ്കിൽ ഞാൻ തിരുത്താം. അതല്ല മുഖ്യമായ കാര്യം.

Mr. Speaker : Please do not enter into controversial matters.

ശ്രീ. കെ. അനിരുദ്ധൻ : മാക്സിമം ഹോൾഡിംഗ്സും എക്സ്സൻസീവ് കം പെൻസേഷനും പ്രയോജനമില്ലെന്നുള്ളതുകൊണ്ടാണു് ഞാനീ ഭേദഗതി അവതരിപ്പിക്കുന്നതു്. ഭൂമിയുടെ പരിധി നിർണ്ണയിക്കേണ്ടതാണു്. കാർഷികബന്ധ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ളതിൽനിന്നും താഴോട്ടു വരികയാണു്. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിരിക്കുന്ന നിയമത്തിലും സ്റ്റാൻഡേർഡു ഏക്കറിന്റെ പരിധി കൂടിയിരിക്കയാണു്. ഈ ഒളിച്ചുകളി വെളിയിലുള്ളവർ കേട്ടാൽ ആക്ഷേപിക്കും. അതുകൊണ്ടു എന്റെ ഭേദഗതി അംഗീകരിക്കണമെന്നും, ആ ഭേദഗതിയെക്കുറിച്ചു ആലോചിക്കണമെന്നും ഞാനാവശ്യപ്പെടുന്നു. കാരണം, പരിധി ഏറ്റവും കുറയ്ക്കണം. മിച്ചഭൂമി വിതരണം ചെയ്യണമെന്നും വിതരണം ചെയ്യുന്ന ഭൂമിയിൽ കൂടുതൽ വിളവു വർദ്ധിപ്പിക്കുകയും വേണം.

ശ്രീ. ടി. എ. തൊമ്മൻ : എന്റെ ഭേദഗതി 995 ഇങ്ങനെയാണു്.

"In clause 80 (3), insert the following Explanation II after numbering the present Explanation as Explanation I:

Explanation II: For the purpose of this section, an adult unmarried person shall include a divorced husband or divorced wife who has not remarried,

Provided that if such divorced husband or divorced wife is the guardian of any unmarried minor child, he or she together with such unmarried child shall be deemed to be a family."

പരിധിയുടെ കാര്യത്തിൽ രണ്ടു യൂണിറ്റാണു് നിശ്ചയിച്ചിരിക്കുന്നതു്. ഒന്നു് ഒരു കുടുംബത്തിനു കൈവശം വയ്ക്കാവുന്ന ഭൂമി. രണ്ടു് കല്യാണം കഴിക്കാത്ത പ്രായപൂർത്തിയായ ഒരാൾക്കു് കൈവശം വയ്ക്കാവുന്നഭൂമി. കുടുംബത്തെ സംബന്ധിച്ചു നാം നേരത്തെ പാസ്സാക്കിയിട്ടുള്ള നിർവചനത്തിൽ ഭാര്യയും ഭർത്താവും മൈനർ കുട്ടികളും എന്നാണു പറയുന്നതു്. വിവാഹമോചനം സിദ്ധിച്ച ഒരാൾ കുടുംബത്തിലെ പ്രായപൂർത്തിയായ വിവാഹം കഴിക്കാത്ത ആളാണെന്നു വരുന്നുമില്ല. അതുകൊണ്ടാണു് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചതു്. ഇതിനെപ്പറ്റി കൂടുതൽ പറയണമെന്നു വിചാരിക്കുന്നില്ല. വളരെ വിശദമായി പറയണമെങ്കിൽ വിവാഹം എന്താണെന്നും, വിവാഹമോചനം എന്താണെന്നും ഏതെല്ലാം വിധത്തിലുള്ള വിവാഹങ്ങളാണു നടക്കുന്നതെന്നും പറയേണ്ടിവരും. ആർക്കൊക്കെ ഒന്നിലധികം ഭാര്യമാരെ വച്ചുകൊണ്ടിരിക്കാം, ഇതുകൊണ്ടുണ്ടാകുന്ന ഗുണദോഷങ്ങൾക്കൊക്കെയാണു്, ഈ നിയമസഭയിൽ വിവാഹമോചനം കഴിഞ്ഞ ആരെങ്കിലും ഉണ്ടോ എന്നൊക്കെ പറയേണ്ട ആവശ്യമില്ലാത്തതുകൊണ്ടു് ഞാൻ ഇതിലേക്കു ഒന്നും കടക്കുന്നില്ല. ഈ വ്യവസ്ഥ നേരത്തെയുള്ള ആക്ടിലുള്ളതാണു്. ഇതിനു മുൻപു് കാർഷികബന്ധ നിയമം പ്രസിഡന്റു് ഇങ്ങോട്ടു തിരിച്ചയക്കുന്നതിനു മുൻപുതന്നെ ശ്രീമതി ഗൗരി അവതരിപ്പിക്കുകയും, പാസ്സാക്കുകയുംചെയ്ത ബില്ലിലും ഈ വകുപ്പു് ചേർത്തിരുന്നതാണു്. ആ നിലയിൽ ഭേദഗതി സ്വീകരിക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

Shri V. R. Krishna Iyer : Sir, I have to make a submission, I warmly support Mr. Thomman's sympathy for divorcees. I also support the amendment tabled by my friend Shri K. Anirudhan. There are a few facts which are involved in this question of ceiling, surplus land and all that. I could not help observing that there is a fundamental difference in regard to this chapter and, particularly in regard to this clause and the clauses that have gone by.

Now, what is the idea of ceiling? The object obviously is to see that some surplus lands are made available to the State either for it to use for public purposes or to distribute it according to certain priorities set out in this Bill. The idea of getting surplus land by fixing the ceiling has become part of our agrarian thinking. The great difficulty that I find in regard to this measure is that it pays only lip-service to this idea. In fact, I must say it sabotages it. It is unfortunate for me to put it that way; but that is the reality. I do not want to say anything regarding the bona fides of the matter. I find in this House a distressful exchange of bona fides and mala fides; and it is not for me to augment it by imputing motives.

In the Kerala context, this ceiling idea can be implemented only by a rigorous clamping down of certain restrictions. It may be harsh in certain instances but it is inescapable. Are we going to accept ceiling as part of the idea of agrarian reforms? That is the basic question. If there is an unreserved answer to that question, then there is an end of it. Then there may not be minor differences. But then the whole difficulty arises because we are not in a position to answer it in a straightforward manner, whether we really want ceiling and really want the surplus lands to be distributed among the land hungry peasants of this State. My submission to this House is as has already been indicated in yesterdays debate on clause 79 there was a two pronged attack upon ceiling. One if I may say so, is that the ceiling limit has got expanded. The other is that big chunks of land are altogether exempted from the ceiling. These two processes virtually nullify the intentions of the entire chapte,' however much we write down in complicated manner what we mean. That is why with an amount of pain, I record my opinion and I am repeating it here, that if we believe that there should be ceiling, then this chapter is self deception. If we do not believe in a ceiling, then the mere acceptance of this clause in its modified form is either an eye wash or self deception. This would certainly be unworkable and unhelpful to achieve the object. I do not want to go into the details of the clause, which the House has passed yesterday. Suffice it to say, the exemptions are the large, that what is left out is husk and nothing more. The whole grain being taken away, the quarrel in the subsequent sections regarding what is a standard acre, is really a quarrel over the chaff. The main thing have already been taken away. Huge plantations have been exempted from ceiling; the Kuttanad Kayal padasekharams, lands mortgaged to the Land Mortgage Banks, Co-operative Societies etc. are exempted from ceiling, and there is absolutely very little left. May be, there may not be much left even under the earlier Act. But there is little left under this measure. As I said, I don't want to go into the details. What I want is, the House should realize the seriousness of the matter

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

and the need for restricting the maximum extent of ceiling sternly. Otherwise, in Kerala with the pressure of population and land hunger and the limited available territory of cultivable land, we may not be able to achieve anything at all of our desideratum. There will be surplus land if we clamp down severely the ceiling. My humble submission to this House is that this has not been done, and that is why I raise my objection to it.

Now, whatever the limit that may be fixed, 10 acres or 12 acres or 15 acres as suggested in the earlier Bill, there will be an amount of arbitrariness, because we have to draw the line somewhere, but the approach that should be made is to reduce the limit to the maximum extent. Now, we have got, as a part of our mental approach to this question, Act IV of 1961, where it was prescribed that it should be 15 acres and the maximum, 25 acres. Whatever that be, the question now here is, can we increase it under the guise of standard acres ? In fact I find from the explanation that this idea of standard acre is a process for rationalising the entire concept of ceiling, Unfortunately, a casual turn to the schedule and a study of the provisions of this clause would indicate that this is an exemplary provision of irrationality rather than a streamlining or rationalising of the whole process. Of course, it is said that the standard acre gives an income of Rs. 450. But then it is imaginary and in a large sense, it depends on the caprice of those who furnished the data. The Statistics Department of the State is supposed to have furnished it—a very dignified name, and we have to accept that there is some substance in what they say. But I can say that even a casual perusal of the schedule by an uninstructed man would show that there is anything like science or sense in it. It is purely arbitrary.

What is the hope of Kerala if there is no surplus land? Do we want more and more people to be driven to intensive cultivation? If the food production in Kerala State is to be augmented, it cannot be done through big land holders, but only through intensive cultivation by small holders. A large number of people are interested in intensive cultivation and that is why there is a great fascination in Kerala for Japanese cultivation. The hope of food production lies therefore not in large farms necessarily but in farms where intensive cultivation is done. Large farms may be possible, as has been pointed out yesterday, if we can have co-operative farms voluntarily pooling together all the resources and endeavour. If that is not possible, we may have to postpone it. The experiments may not be successful. But we may have to make repeated experiments. The question of ceiling really depends not so much upon co-operative farming but upon the necessity for intensive cultivation in Kerala. Therefore, we must see that we have not provided large extents of land in the hands of families. Small extents of lands should be in the hands of families to make them cultivate intensively.

I find in clauses 3 and 4 that if a single crop land is subsequently converted into a double crop land, only the single crop is taken into account. That is a good incentive to people to improve their land. It assures them that we will not penalise them through land legislation. The same incentive, in my opinion, should run right through the

LIBRARY ARCHIVES Kerala Legislative Assembly

Chapter on ceiling. We must exhort people to cultivate intensively and produce more by necessary incentives. Can this be done if people have a feeling that the entire lands are in the hands of a few and landless peasants are allowed to continue in the same condition?

I would therefore suggest to the House to restrict and reduce the ceiling for two reasons. One, in Kerala, land is scarce and lands have to be distributed; surplus lands above the ceiling are an in-alienable part of our agrarian thinking. Secondly, food production can be increased in the State only by intensive cultivation and not by having large extents of lands where one man or one family holds 100 acres or 150 acres. May not be 100 acres theoretically, but it is possible that the ceiling may go above 36 acres limit, because one man holds a number of ceilings and there is the proliferation of the ceiling limit and an adult member can be considered as a separate entity. What we really want is to evolve a pattern, where large number of small holders may put their plough to the soil and cultivate more. It is not the large holders who will do so. That should be the line of thinking in our State where land is so scarce and the people so large in number and are willing to cultivate. Then the agrarian community will be able to produce more. But land is scarce and it is not possible to extract surplus land if we fix the ceiling as it is. For this reason, I support the amendment of Shri K. Anirudhan.

Mr. Speaker : The hon. Minister may reply :

Shri P. T. Chacko : Sir,.....

Shri V. R. Krishna Iyer : I can see the impatience on the part of the hon. Minister to wind up the discussions.

Shri P. T. Chacko : Sir, on a point of order. That observation is uncalled for. Sir, that is an insinuation against the Chair. I did not show any impatience. I was called and I stood up. The hon. member's observation is uncalled for and an insinuation against the Chair.

Mr. Speaker : I had called the hon. Minister on the impression that you have finished your speech.

Shri V. R. Krishna Iyer : At this distance I did not hear you, Sir. It was not meant as an insinuation against anybody, much less against the Chair. I only meant that getting things done quickly is a good thing. I thought it was perfectly in order. I do not know how this remark is uncalled for.

What I want to mention is this. Let us get into this business with a sense of seriousness. Here, what is left out above the ceiling limit is pretty little. Having a realisation of this we must sit and think whether it is not a workable suggestion to have the limit at 9 acres which has been put forward by the hon. Member Shri K. Anirudhan. It is fairly enough for a middle class family to get on well in life in the Kerala State. A workable suggestion has been put forth in the amendment, which will be suitable to the conditions of Kerala. As there is in keeping with the genius of intensive cultivation and fitting into the All-India pattern of agrarian reforms. I commend this amendment for the acceptance of this House.

LIBRARY ARCHIVES Kerala Legislative Assembly

Shri P. T. Chacko : Sir a large number of amendments have been tabled and actually moved. But, by and large, these amendments can be classified into three categories. The first category consists of amendments, which seek to delete the entire scheme regarding the fixation of the ceiling in standard acres. The second category of amendments seek reduce the ceiling area, and the third category seeks to enhance the ceiling area. But I must admit that the observations that were made in the House were not only regarding these three categories of amendments. Even my friend Mr. Krishna Iyer thought it necessary at this very late hour, to offer his very valuable comments regarding certain clauses which have been accepted by the House. He was making observations generally on all the provisions regarding ceiling and the entire scheme underlying this Chapter. He was also trying to offer his criticisms regarding exemptions that were provided for in clause 79 which was accepted yesterday.

I am grateful to Shri V. R. Krishna Iyer and also to my other friends who have been very kind to remind me again and again, even after the legislature accepted some of the provisions, regarding the drawbacks according to them in the provisions which were accepted here. But of course, such observations are all practically of no use in a legislature, especially when this observations are in relation to matters which were accepted by the House. However, my thanks are due to them, Sir.

Regarding this scheme, I do not think that I should make any observation now because, according to me, at least twice this matter was elaborately discussed in this House and the scheme was accepted by the House the scheme of limiting the holdings by way of expressing it in standard acres. I have never claimed, Sir that the scheme is perfect, I have never claimed that as regards every person in this State this would mete out justice completely and I have never claimed that there is no element of arbitrariness in this seheme. But I have claimed that the Government have examined the question with sincerity and have adopted, as far as possible, a line which appeared to the Government to be more rational and more scientific. It is possible, Sir, to criticise the working of any Government or any department, or even any officer. It is possible to criticise and find the draw backs in the working of the Statistics Department. Taking every holding and comparing one holding with the other with the Statistics supplied, no doubt, it would be possible to point out that there is an amount of arbitrariness in it. With all that, Sir, the Statistics Department is working under certain rules and regulations and under certain accepted norms. Probably it will be possible for us to improve the quality of working in future years. But what is now available is only the statistics supplied by this Department. It is being relied on for many things not only by this State, Sir, but by the entire nation. And the statistics supplied, which are taken as the basis even for our plans, are all collected mainly by the same machinery under the same rules and regulations. Therefore, it is very cruel to accuse me or accuse t he Government of having deliberately brought in a provision to do some favour to 'A' or 'B' Government thought that instead of saying that ceiling should be 15 acres of double crop nilam or its equivalent which was completely arbitrary, an

LIBRARY ARCHIVES Kerala Legislative Assembly

element of rationalism could be brought in, and the only possible method was to rely on statistics. I can proudly say, Sir, this seheme is much more rational much more just than the scheme, which was adopted as basis for the the Agrarian Relations Act for limiting the ceiling.

As regards the minimum and the maximum fixed I do not think anybody can complain. The minimum fixed under the Agrarian Relations Act was 15 acres of double crop nilam. The minimum fixed under this Bill is 15 acres in extent. An acre of double crop nilam in the Trivandrum District, when examined in the light of the statistics that were available, was not found to be the equivalent of an acre of double crop nilam in some other district. Therefore, when equivalents were laid down on the basis of the statistics available, variations occurred. These variations have remedied certain defects which worked hardships on certain people. In some cases, these variations may have worked adversely to the interest of the people. But still, Sir, the minimum is 15 acres, and the maximum is 36 acres. Under the Agrararian Relations Act, the maximum was 7½ acres. In between the 36 acres and 15 acres, it is quite possible that there are variations. Because the equivalents were based on a more rational basis, it is bound to be so. Because of these reasons, I do not know how anybody can say that by the seheme adopted in this Bill the ceiling is made practically illusory. It was stated on the floor of this House, atleast by some members, that by this scheme the ceiling limit is enhanced. It is not correct. Many of the hon. Members want to bring down this ceiling limit. Some to 9 acres, some to 10 acres, some to 11 acres and some to what not?

Many amendments were moved with this idea in view. I do not think, Sir, that every member who has moved an amendment would hold the view that the ceiling limit should be brought down to the extent which is stated in the amendment, if he had atleast thought over the matter. As a practice in this House, probably, some of the Members thought that they should get a chance to speak:

ശ്രീ. ഇ. പി. ഗോപാലൻ: സർ, ഇതു് insinuation കലർന്ന ഒരു പ്രസ്താവനയാണു്.

Shri P. T. Chacko: I said that without meaning any insinuation to anybody. The main Opposition party is a political party, Sir, It is true that they will have a view, and there can be Sir, variations; there can be difference of opinion between members. But how can it be possible that the Communist Party in Wynad should hold one view, and the Communist Party in Trivandrnm a different view and the Communist Party in Kottayam yet another one. It is not possible. I do not know much about the Communist Party but I know that they are people who are capable of taking decisions.

ശ്രീ. ഇ. പി. ഗോപാലൻ : ബഹുമാനപ്പെട്ട മന്ത്രി, ഈ അവസരത്തിൽ, കാർഷിക ബന്ധനിയമത്തിന്റെ കാര്യം കൂടി ഓർക്കണം. ഭാരതത്തിൽ, പാണ്ഡവർക്കു് 5 പേർക്കുകൂടി അഞ്ചുവീടോ അതു സാധിക്കുന്നില്ലെങ്കിൽ ഒരു വീടെങ്കിലുമോ അനുവദിക്കണമെന്ന അവകാശം ഉന്നയിച്ചതുപോലെ, കാർഷികബന്ധ നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്ന ആനുകൂല്യങ്ങളും സാധിച്ചുകിട്ടാൻ ഈ ഭാഗത്തെ മെമ്പറന്മാർ പലരും പലതരത്തിലുള്ള ഭേദഗതികളും അവതരിപ്പിച്ചിരിക്കും, അതു കണ്ടിട്ടു്, വയനാട്ടിലെ കമ്മ്യൂണിസ്റ്റു മെമ്പ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]

റും, തിരുവനന്തപുരത്തെ കമ്മ്യൂണിസ്റ്റ് മെമ്പറും ഭിന്നത്രുപത്തിൽ അഭിപ്രായം പറയുന്നു എന്നു വ്യാഖ്യാനിക്കുന്നതു ശരിയല്ല. അതു ആ ഭേഗതികളും അവതരിപ്പിച്ചു സംസാരിച്ചവരെ മാത്രമല്ല, ഈ നിയമസഭയെ ആകെ ബാധിക്കുമെന്നു കരുതണം.

Shri P. T. Chacko: I do not mean that way. My friend was referring to '5 persons' or something like that. That is not the practice anywhere in the country. I have heard that there is such a practice in some other places.

Sir, therefore, there is practically no meaning.....

ശ്രീ. കെ. അനിരുദ്ധൻ: ഞാൻ ഭേഗതി അവതരിപ്പിച്ചു പ്രസംഗിച്ചതു കോട്ടയത്തെയും തിരുവനന്തപുരത്തെയും മണ്ണിന്റെ വ്യത്യാസംകൊണ്ടു, ഒരു പ്രത്യേക തരംതിരിവു വേണമെന്നുള്ള അടിസ്ഥാനത്തിലാണു്. അതു് പാർട്ടിയിൽത്തന്നെ ഭിന്നരീതിയിലുള്ള അഭിപ്രായം വന്നതാണെന്നുള്ള ത്രുപത്തിൽ സംസാരിക്കുന്നതു ശരിയല്ല.

ശ്രീ. പി. ടി. ചാക്കോ: മണ്ണിനു വ്യത്യാസം വരാവുന്നതുപോലെ, മണ്ണുകൊണ്ടു നിർമ്മിക്കപ്പെട്ടന മനുഷ്യക്കും വ്യത്യാസം വരാം.

Therefore, Sir, I do not see much force in the amendments and much sincerity. I am not questioning the bonafides behind all these amendments. One member of such a rigid and disciplined party atleast till sometime back is coming and saying that the ceiling should be 9 acres. Some one else says 'No it should be 9½ acres'.

Shri K. Anirudhan: Sir, a Question.

Mr. P. T. Chacko: I am not speaking about your activities. Don'ts be afraid of it.

ശ്രീ. കെ. അനിരുദ്ധൻ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നതു്, ഭേഗതിയെക്കുറിച്ചോ, കമ്മ്യൂണിസ്റ്റ് പാർട്ടിയെക്കുറിച്ചോ?

ശ്രീ. പി. ടി. ചാക്കോ: ഇവിടെ ഒരാൾ 9 ഏക്കറെന്നും, മറെറാരാൾ 9½ ഏക്കറെന്നും, പിന്നൊരാൾ 10 ഏക്കറെന്നും, വേറൊരാൾ പതിനൊന്നേകാൽ ഏക്കറെന്നും പല ത്രുപത്തിലുള്ള ഭേഗതികളും ആ ഭാഗത്തുനിന്നു് അവതരിപ്പിച്ചിരുന്നു.

ശ്രീ. കെ. അനിരുദ്ധൻ: ഏതെങ്കിലും പാർലമെൻറിറി പ്രാക്ടീസിൽ, അങ്ങനെ ഭിന്ന ത്രുപത്തിലുള്ള ഭേഗതികളും അവതരിപ്പിച്ചുകൂടാ എന്നു വ്യവസ്ഥയുള്ളതായി പറയാമോ?

Shri P. T. Chacko: Sir, I am not yielding. I did not say that the members do not have the freedom. They have the freedom; they have exercised the freedom. I am only looking at it from my point of view. I said that when a large number of Members belonging to such a main opposition group bring forward such amendments my feeling is that there is not much force behind any of these argument. Therefore, regarding each of the amendments, which state that the ceiling should be limited to 9, 10 or 11 acres, I should not make observations.

Just like that is the position regarding the maximum and the minimum. My submission is that Government have examined this question. They have studied all available statistics; they have sincerely thought that

LIBRARY ARCHIVES Kerala Legislative Assembly

more justice should be done to landholders and they have adopted a scheme and according to the Government, they will work more equitably. I therefore, request the hon. Members to accept the section.

Sir, there is one amendment moved by Shri T. A. Thomman. Mr. Thomman has explained why the amendment became necessary. That is amendment No. 905. When a man gets married, the couple can be called a married couple and individually the man is a married man and the woman a married woman. Mr. Thomman has pointedly put a question whether a divorcee can be called a married man or woman. I am not sure about the matter. To avoid ambiguity, it may be better to state that apart from the family, and the adult unmarried person, a divorcee, would also be entitled to hold land upto the ceiling area.

Mr. Speaker : Do you press your amendment?

Shri P. M. Kunhiraman Nambiar : Yes, Sir.

Amendment No. 872 moved by Shri P. M. Kunhiraman Nambiar was put and lost.

Amendment Nos. 874 and 886 moved by Shri K. Krishnan were put and lost.

Amendment No. 875 moved by Shri R. Krishnan was put and lost.

Amendment Nos. 885, 890 and 901 moved by Shri O. Koran were put and lost.

Shri K. R. Vijayan : Sir, I do not press my amendment.

Amendment No. 894 moved by Shri K. R. Vijayan was by leave withdrawn.

Amendment No. 905 moved by Shri T. A. Thomman was put and carried namely;

In clause 80 insert the following as Explanation II, after numbering the present Explanation as Explanation I:

"*Explanation II* : For the purposes of this section, an adult unmarried person shall include a divorced husband or divorced wife who has not remarried.

Provided that if such divorced husband or divorced wife is the guardian of any unmarried minor child, he or she together with such unmarried child shall be deemed to be a family.

Amendment No. 1348 moved by Shri T. K. Ramakrishnan was put and lost.

Amendment No. 1350 moved by Shri K. Moideenkutty Hajee was by leave withdrawn.

Amendment No. 1691 moved by Shri P. K. Kunjachan was put and lost.

Amendment No. 1695 moved by Shri K. Anirudhan was put and lost.

Shri E. P. Gopalan : I demand a poll.

LIBRARY ARCHIVES Kerala Legislative Assembly

A poll was taken when the House divided as follows :--

Ayes—33.

1 Shri C. Achutha Menon
2 ,, P. C. Adichan
3 Smt. K. O. Aisha Bai
4 Shri K. Anirudhan
5 ,, Antony D'Cruz
6 ,, P. Balachandra Menon
7 ,, C. K. Balakrishnan
8 ,, K. Bhargavan
9 ,, E. P. Gopalan
10 ,, N. Gopala Kurup
11 Smt K. R. Gouri
12 Shri K. V. John
13 ,, O. Koran
14 ,, K. Krishnan
15 ,, M. Krishnan
16 ,, R. Krishnan
17 ,, V. R. Krishna Iyer
18 ,, K. Krishna Pillai
19 ,, S. Kumaran
20 Shri P. K. Kunjachan
21 ,, P. M. Kunhiraman Nambiar
22 ,, P. K. Narayanan Nambiar
23 ,, K. V. Narayanan
24 ,, N. Neelakantaru Pandarathil
25 ,, P. C. Raghavan Nair
26 ,, A. K. Ramankutty
27 ,, T. K. Ramakrishnan
28 ,, P. Ravindran
29 ,, E. M. Sankaran Namboodiripad
30 ,, P. S. Srinivasan
31 ,, R. Sugathan
32 ,, M. M. Sundaram
33 ,, P. Viswambharan

Noes—42.

1 Shri M. C. Abraham
2 ,, K. T. Achuthan
3 ,, K. Avukadarkutty Naha
4 ,, N. Bhaskaran Nair
5 ,, P. Chacko
6 ,, P. T. Chacko
7 ,, G. Chandrasekhara Pillai
8 ,, P. C. Cherian
9 ,, K. A. Damodara Menon
10 ,, K. M. George
11 ,, Malethu Gopinatha Pillai
12 ,, M. P. Govindan Nair
13 ,, A. L. Jacob
14 ,, Thomas John
15 ,, George Joseph Podipara
16 ,, P. S. Karthikeyan
17 ,, K. G. Karunakara Menon
18 ,, T. Krishnan
19 ,, N. S. Krishna Pillai
20 Shri P. Kumaran
21 ,, K. Kunhambu
22 ,, C. Kunhikrishnan Nair
23 Smt. Kusumam
24 ,, Leela Damodara Menon
25 Shri P. Madhavan
26 ,, V. Madura
27 ,, M. M. Mathai
28 ,, C. A. Mathew
29 ,, Moideenkutty Hajee
30 ,, C. M. Kutty
31 Smt. A. Nafeesath Beevi
32 Shri M. Narayana Kurup
33 ,, E. P. Poulose
34 ,, R. Raghava Menon
35 ,, R. Sankar
36 Smt. O. T. Sarada Krishnan
37 ,, K. R. Saraswathi Amma
38 Shri Shamsuddin
39 ,, K. T. Thomas
40 ,, T. A. Thomman
41 ,, P. P. Ummer Koya
42 ,, K. K. Viswanathan

Neutrals—Nil.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : Those for the Motion : 33

Those against : 42

Neutrals : Nil.

The amendment is lost.

Amendment No. 1696 moved by Shri K. Anirudhan was put and lost.

Amendment No.1697 moved by Shri K. Anirudhan was put and lost.

The question that Clause 80 as amended stand part of the Bill was put and carried.

Clause 80, as amended, was added to the Bill.

New Clause after Clause 80

Shri P. S. Srinivasan : I move my amendment No. 1354.

[11 A.M.] After clause 80, the following shall be inserted as clause 81, namely:—

"81. Any garden land which has been converted into plantation after the 20th day of September 1963 shall not be considered as plantation for the purposes of this Chapter."

സർ, 80-ാമത്തെ വകുപ്പ് കഴിഞ്ഞു് ഒരു പുതിയ ക്ലാസ്സു് ചേർക്കണമെന്നാണു് എന്റെ ഭേദഗതിമൂലം ആവശ്യപ്പെട്ടന്നതു്. 1963 സെപ്റ്റംബർ 20-ാംതീയതിക്കുശേഷം ഏതെങ്കിലും ഭൂമി പ്ലാന്റേഷനാക്കിയിട്ടുണ്ടെങ്കിൽ അതു് പ്ലാന്റേഷനായി പരിഗണിക്കരുതെന്നാണു് ഞാൻ ഈ പുതിയ ക്ലാസ്സുകൊണ്ടു് ഉദ്ദേശിക്കുന്നതു്. സർ, ഇതുപോലെയൊരു ക്ലാസ്സു് അഗ്രേറിയൻ റിലേഷൻസു് ആക്ടിൽ ഉണ്ടായിരുന്നു. അതു് ഈ പുതിയ നിയമത്തിൽ വിട്ടുകളഞ്ഞിരിക്കുകയാണു്. ഈ കാർഷികപരിഷ്ക്കരണബിൽ അസംബ്ലിയിൽ അവതരിപ്പിച്ചതിനുശേഷം പുതിയ പ്ലാന്റേഷനുകൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതൊന്നും പ്ലാന്റേഷന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തരുതെന്നാണു് എനിക്കു് പറയുവാനുള്ളതു്. പരിധിനിർണ്ണയത്തെ സംബന്ധിച്ചു് ഇവിടെ ദീർഘമായ ചർച്ചകൾ നടക്കുകയുണ്ടായി. ഇന്നലെയും ഇന്നും അതിനെ സംബന്ധിച്ചു് പലതരത്തിലുള്ള വാദഗതികൾ ഇവിടെ ഉണ്ടായി. അതുകൊണ്ടു് അക്കാര്യത്തിലേയ്ക്കു് ഇനി ആവർത്തനരൂപത്തിൽ കടക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല. ഏതായാലും ഇനി പുതിയതായി പ്ലാന്റേഷനുകൾ വികസിപ്പിക്കാതെതന്നെ പരിധി കഴിച്ചു് മിച്ചഭൂമിയില്ലാതാവത്തക്കവിധത്തിലുള്ള വകുപ്പുകളെല്ലാം ഈ ബില്ലിൽ ഇപ്പോൾത്തന്നെയുണ്ടു്. അതുകൊണ്ടു് ഇന്നുള്ളതിനേക്കാൾ കൂടുതൽ പ്ലാന്റേഷനുകൾ ഉണ്ടാക്കേണ്ട ആവശ്യമില്ലെന്നുള്ള ഒരു ധാരണ ഭൂഉടമസ്ഥന്മാർക്കു് കൊടുക്കണമെന്നാണു് എന്റെ അഭിപ്രായം. ഭൂപരിഷ്ക്കരണത്തെക്കുറിച്ചും പ്ലാന്റേഷനെക്കുറിച്ചും ഇവിടെ സംസാരിച്ചപ്പോൾ അഞ്ചേക്കറിൽ കൂടുതൽ ഉള്ള കുരുമുളകിൻതോട്ടങ്ങളേയും, അടയ്ക്കാത്തോട്ടങ്ങളേയും പ്ലാന്റേഷന്റെ കൂട്ടത്തിൽ ഉൾപ്പെടുത്താനുള്ള കാരണങ്ങൾ ആഭ്യന്തരവകുപ്പുമന്ത്രി പറയുകയുണ്ടായി. വടക്കുനിന്നു വന്ന ചില ജനപ്രതിനിധികൾ ആവശ്യപ്പെട്ടതിന്റെ ഫലമായിട്ടാണു് അഞ്ചേക്കറിൽ കൂടുതലുള്ള കുരുമുളകുതോട്ടങ്ങളേയും അടയ്ക്കാ തോട്ടങ്ങളേയും പ്ലാന്റേഷന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തിയതെന്നു പറഞ്ഞു. വടക്കുനിന്നു വന്നവർ എന്നു പറഞ്ഞിട്ടുള്ളതു് മലബാറിൽനിന്നും വന്നിട്ടുള്ള കോൺഗ്രസ്സു് എം. എൽ. എ. മാരെ ഉദ്ദേശിച്ചാണെന്നു തോന്നുന്നു. പക്ഷെ കുരുമുളകു് കൃഷിയെ സംബന്ധിച്ചും, അടയ്ക്കാ കൃഷിയെ സംബന്ധിച്ചും അദ്ദേഹം പറഞ്ഞ ന്യായങ്ങളൊന്നുംതന്നെ എനിക്കു ബോദ്ധ്യപ്പെട്ടിട്ടില്ല. ഈ രണ്ടുതരം കൃഷികളും ഒരു പ്രത്യേകരീതിയിൽ നമ്മുടെ രാജ്യത്തു് എല്ലായിടത്തും കണ്ടുവരുന്നതാണു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എസ്. ശ്രീനിവാസൻ]

ഏതു് മുക്കിലും മൂലയിലും നട്ടുപിടിപ്പിക്കാൻ കഴിയുന്ന കൃഷികളാണു് ഇവ രണ്ടും. കരുമുളകുവള്ളി നടാനോ പടത്താനോ സാധിക്കാത്ത ഒരൊറ്റ സ്ഥലവും നമ്മുടെ സംസ്ഥാനത്തില്ല. അതുപോലെതന്നെ അടയ്ക്കും കൃഷിയും. എല്ലായിടത്തും അടയ്ക്കാ നട്ടുനനയ്ക്കുന്നതിനു് സാധിക്കും. എല്ലായിടത്തും ഈ കൃഷികളും ഉണ്ടാകുകയും ചെയ്യും. അങ്ങനെ ഈ കൃഷികളെ പ്രോത്സാഹിപ്പിക്കാനാണു് ഉദ്ദേശമെങ്കിൽ അഞ്ചേക്കറിനു് മുകളിലുള്ള സ്ഥലങ്ങളെ പ്ലാന്റേഷനായി മാറ്റേണ്ട ആവശ്യമില്ലായിരുന്നു. അപ്പോഴും ഇതൊന്നുമായിരുന്നില്ല ഇതിന്റെ പ്രധാന ഉദ്ദേശം. മറ്റൊന്നു് അദ്ദേഹം പറഞ്ഞതു്. കോട്ടയം മണ്ണിന്റേയും തിരുവനന്തപുരം മണ്ണിന്റെയും വ്യത്യാസമാണു്. മലബാറിലുള്ള മണ്ണിനും തിരുവിതാംകൂറിലുള്ള മണ്ണിനും വ്യത്യാസമുണ്ടു്. തൃശ്ശൂരിലുള്ള മണ്ണിനും കുട്ടനാട്ടിലുള്ള മണ്ണിനും തമ്മിൽ വ്യത്യാസമുണ്ടെന്നു് എനിക്കു് മനസ്സിലായി. കുട്ടനാട്ടിലുള്ള കായൽനിലങ്ങളെ പരിധിയിൽനിന്നും ഒഴിവാക്കിയിരിക്കുകയാണു്. എന്നാൽ അതേപോലെയുള്ള ഏറണാകുളത്തേയും കോട്ടയത്തേയും ആലപ്പുഴയിലേയും കരിനിലങ്ങളെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടില്ല. തൃശ്ശൂരുള്ള കോൾനിലങ്ങളെയും ഒഴിവാക്കിയിട്ടില്ല. ഇതിൽനിന്നും മണ്ണിന്റെ വ്യത്യാസം വളരെ വ്യക്തമായി കാണാൻ കഴിയും. മാത്രമല്ല കൊച്ചിയിൽനിന്നും വന്നിട്ടുള്ള കാൺഗ്രസ്സു് എം. എൽ. എ. മാർ ഈ ബില്ലിനോടു് എടുത്തിട്ടുള്ള നിലപാടും, തിരുവിതാംകൂർ ഭാഗത്തുള്ള കാൺഗ്രസ്സു് എം. എൽ. എ. മാർ ഈ ബില്ലിനോടെടുത്തിട്ടുള്ള നിലപാടും മണ്ണിന്റെ വ്യത്യാസവും വളരെ വ്യക്തമായി കാണാൻ കഴിയും. മണ്ണിനെപ്പറ്റി പറഞ്ഞിട്ടുള്ളതിൽ ഞാൻ തെറ്റിദ്ധരിക്കുകയല്ല ചെയ്യുന്നതു്. ഇതിനകത്തു പ്ലാന്റേഷനു കൊടുത്തിട്ടുള്ള നിവ്വചനത്തിന്റെ അടിസ്ഥാനത്തിൽ ഇനിയും പ്ലാന്റേഷനുകളെ കൂടുതൽ വികസിപ്പിക്കാനാണു് ഇടയുള്ളതു്.

ശ്രീ. കെ. ടി. തോമസ്സു് : ഈ രാജ്യത്തു് ഇനി പ്ലാന്റേഷൻ കൂടുതൽ വികസിപ്പിക്കേണ്ടായെന്നാണോ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം. അങ്ങനെ പറയുന്നതു് രാജ്യത്തിന്റെ താൽപര്യത്തെ ഉദ്ദേശിച്ചാണോ, പാർട്ടിയുടെ താൽപര്യത്തെ ഉദ്ദേശിച്ചാണോ ?

ശ്രീ. പി. എസ്സു്. ശ്രീനിവാസൻ : ഞാൻ പറയുന്നതു് ആദ്യം ശ്രദ്ധിക്കണം. ഞാൻ ഇവിടെ പറയുന്നതു് കുരുമുളകും, അടയ്ക്കായും എല്ലാ സ്ഥലങ്ങളിലും എല്ലാ വീട്ടുകളിലും വെച്ചുപിടിപ്പിക്കാൻ കഴിയുന്ന ഒരു കൃഷിയാണു്. എല്ലാ സ്ഥലങ്ങളിലും അതു് വളരുകയും ചെയ്യും. അതുകൊണ്ടു് അഞ്ചേക്കറുള്ള കുരുമുളകു് തോട്ടങ്ങളേയും കമുകിൻ തോട്ടങ്ങളേയും എന്തിനുവേണ്ടി ഒഴിവാക്കണമെന്നാണു് ഞാൻ ചോദിക്കുന്നതു്. നമ്മുടെ രാജ്യത്തു് ഈ കൃഷികളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പ്ലാന്റേഷന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തേണ്ട ആവശ്യമില്ല.

പാർട്ടിയെ വളർത്തുന്ന കാര്യം ശ്രീ. തോമസ്സു് പറഞ്ഞു. എനിക്കു് പറയുവാനുള്ളതു് ഈ കാർഷികപരിഷ്ക്കരണത്തിൽ സോഷ്യലിസ്റ്റു് പരിപാടിയോ, കമ്മ്യൂണിസ്റ്റു് പരിപാടിയോ ഒന്നുമില്ലെന്നാണു്. ഇന്നു നാം അംഗീകരിച്ചിട്ടുള്ള ഭൂപരിഷ്ക്കരണനിയമങ്ങൾ നിങ്ങളുടേതാണു്; ഞങ്ങളുടേതല്ല. അതു് ഒരു മുതലാളിത്ത പരിപാടിയാണു്. കാൺഗ്രസ്സുപാർട്ടി കൊണ്ടുവന്ന പരിപാടിയാണു്. ആ പരിപാടി ഒരു മുതലാളിത്ത പരിപാടിയാണെങ്കിലും നമ്മുടേതുപോലുള്ള ഒരു പിന്നണി രാജ്യത്തിന്റെ മുന്നോട്ടുള്ള ഗതിയിൽ, ആ പരിപാടിക്കു പുരോഗമനപരമായ ഒരു പങ്കുണ്ടെന്നുള്ളതുകൊണ്ടാണു്, അതു പഴകിയ ഫ്യൂഡൽ അവശിഷ്ടങ്ങളെ തുടച്ചുമാറ്റാൻ സഹായിക്കുമെന്നുള്ളതുകൊണ്ടാണു് ഞങ്ങളതിനെ അനുകൂലിക്കുന്നതു്. ഇവിടെ ക്യാപിറ്റലിസ്റ്റു് പാർട്ടിയെക്കുറിച്ചും നോൺ-ക്യാപിറ്റലിസ്റ്റു് പാർട്ടിയെക്കുറിച്ചുമെല്ലാം സംസാരിച്ചുകേട്ടു. സർ, ഇപ്പോഴും ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനു് സമീപനം നോൺ-ക്യാപിറ്റലിസ്റ്റോ ക്യാപിറ്റലിസ്റ്റോ ഒന്നുമല്ല. നാടുവാഴിത്തം അവസാനിപ്പിക്കാനും,

LIBRARY ARCHIVES Kerala Legislative Assembly

ഭൂമിയിലെ കുത്തക അവസാനിപ്പിക്കാനും മുതലാളിമാർ ആഗ്രഹിക്കുന്നു. ഭൂമിയിൽ അനാവശ്യമായി മൂലധനം കെട്ടിക്കിടക്കുന്നതും, കൃഷിക്കാർ അധികമായ പാട്ടവും വാരവുംകൊടുത്തു ക്രയശക്തി നശിച്ചവരായി കഴിഞ്ഞുകൂടുന്നതും മുതലാളിമാരുടെ താൽപര്യത്തിനെതിരാണു്. മുതലാളിമാരുടെ വ്യാവസായികാവശ്യത്തിനുവേണ്ട അസംസ്കൃത സാധനങ്ങൾ ഉത്സാഹപൂർവ്വമുണ്ടാക്കുന്ന കൃഷിക്കാരെയാണു് അവർക്കു് വേണ്ടതു്. അതുപോലെ വികസിച്ച ഒരു ആഭ്യന്തരമാർക്കറ്റു് വേണം. ഇതിനെല്ലാം കാർഷികരംഗത്തെ ഫ്യൂഡൽ ബന്ധങ്ങൾ അവസാനിപ്പിക്കണം. കോൺഗ്രസ്സിനുള്ള ഭൂപരിഷ്കരണ പരിപാടികളിൽ പ്രധാനമായും ഈ ബൂർഷ്വാ ആവശ്യങ്ങളാണു് ഉൾക്കൊണ്ടിരിക്കുന്നതു്. എന്നാൽ ഇന്നത്തെ നിലയിൽ അതു പുരോഗമനപരമാണെന്നതുകൊണ്ടാണു് ഞങ്ങളും ആ പരിപാടിക്കു പിൻതുണ നൽകുന്നതു്. പക്ഷെ, ഇവിടെ ശ്രീ. ചാക്കോയും അദ്ദേഹത്തിന്റെ പാർട്ടിയിലുള്ളവരും സ്വീകരിച്ചിട്ടുള്ളതു് ഈ ക്യാപിറ്റലിസ്റ്റു് പാത്തു് പോലുമല്ല, പിന്നെയോ പ്രീ–ക്യാപിറ്റലിസ്റ്റു്പാത്തു് ആണു്. സർ, മഹത്തായ ഫ്രഞ്ചുവിപ്ലവത്തിൽ ദേശീയ ബൂർഷ്വാസി—അവിടത്തെ മുതലാളിവർഗ്ഗം—ആണു് ഭൂമി ദേശസാൽക്കരിക്കുക എന്ന മുദ്രാവാക്യം ആദ്യമായുയർത്തിയതു്. സ്വന്തം പാർട്ടിയുടെ തന്നെ നയവും പരിപാടിയുമെന്താണെന്നു ശരിക്കറിഞ്ഞുകൂടാത്തവരാണു് ഇക്കാര്യത്തിൽ ഞങ്ങളുടെമേൽ പഴിചാരുന്നതു്. 1957–നുശേഷം നമ്മുടെ നാട്ടിൽ ഒരു പ്രവണത വളർന്നുവന്നിട്ടുണ്ടു്. അതായതു് എല്ലാ സ്ഥലങ്ങളിലും റബ്ബർ വെച്ചുപിടിപ്പിക്കുകയെന്നുള്ളതു്. തെങ്ങുകളും മറ്റു വൃക്ഷങ്ങളുമെല്ലാം വെട്ടിക്കളഞ്ഞിട്ടു് എല്ലായിടത്തും റബ്ബർ വെച്ചുപിടിപ്പിച്ചു. അങ്ങനെ വെച്ചുപിടിപ്പിച്ചതിന്റെ കാരണം ഭൂമികളെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിനുവേണ്ടിയാണു്. ഈ ബില്ലിലെ പ്രാന്റേഷന്റെ നിർവ്വചനവും മറ്റു വ്യവസ്ഥകളുംകൊണ്ടു് പരിധിക്കപ്പുറം ഭൂമിയില്ലാതായിട്ടുണ്ടു്. ഇതിനു പുറമേ, കുരുമുളകു് കൃഷിയേയും കുമുകുകൃഷിയേയും തോട്ടങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി പരിധിയിൽനിന്നും ഒഴിവാക്കുകയാണെങ്കിൽ, എല്ലാവരും പരിധിയിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടി കുരുമുളകും കുമുകും വെച്ചുപിടിപ്പിക്കും. എന്നാൽ ഈ തോട്ടങ്ങളെ വികസിപ്പിക്കേണ്ട ആവശ്യവുമില്ല. എന്തായാലും ഈ ബില്ലു് അവതരിപ്പിച്ചതിനുശേഷമുള്ള തോട്ടങ്ങളെയെങ്കിലും ഈ പരിരക്ഷകളിൽനിന്നൊഴിവാക്കുമെന്നുവന്നാൽ കൃത്രിമമായ ഈ പ്രവണത തടയാൻ കഴിയും. അതുകൊണ്ടാണു് 1963 സെപ്റ്റംബർ 20-ാംതീയതിക്കു ശേഷമുള്ള പ്ലാന്റേഷനുകൾക്കു് ഇതു ബാധകമല്ലെന്നുള്ള ഭേദഗതി ഞാൻ കൊണ്ടുവന്നിട്ടുള്ളതു്. ഇതു സ്വീകരിക്കുമെന്നു ഞാൻ ആശിക്കുന്നു.

Shri P. T. Chacko : Sir, I do not want to say much on this The plantations were given the same benefits even in the Agrarian Relations Act. It may be said, Sir, that some changes were made when it was considered again consequent on the directions of the President.

The Planning Comission, and those who are concerned with the economic progress of India, are also concerned about the protection to be given to these plantations. That is why the necessary protection is given. I do not find my way to accept this amendment.

Amendment No. 1354 moved by Shri P. S. Srinivasan was put and lost.

Clause 81

Mr. Speaker : Amendment Nos. 906 and 907 may be moved by Shri T. A. Thomman and Shri K. Hassan Gani respectively.

Shri T. A. Thomman : Sir, I move amendment No. 906.

In clause 81 (1), for the words "it shall not be lawful for any family or adult unmarried person to own", the following shall be substituted, viz,

"no family or any adult unmarried person shall be entitled to own'

LIBRARY ARCHIVES Kerala Legislative Assembly

(Deputy Speaker in the Chair)

Sir, this is only a simple amendment and I hope the hon. Minister will accept it.

Shri P. T. Chacko : Sir, I am accepting the amendment moved by Shri T. A. Thomman.

The question that Amendment No. 906 moved by Shri T. A. Thomman be accepted was put and carried.

The question that Clause 81, as amended, stand part of the Bill was put and carried.

Clause 81, as amended, was added to the Bill.

New Clause after Clause 81

Deputy Speaker : Amendment Nos. 1356 and 1357 may be moved by Shri P. S. Srinivasan and Shri K. Bhargavan respectively. Shri P. S. Srinivasan is not in his seat.

Amendment No. 1692 is the same as 1356.

Shri K. Bhargavan : I move my amendment No. 1357 after clause 81, add the following new clause 82 and renumber :

"82. Notwithstanding anything contained in sections 79 and 80 any person who owns or holds any plantation which is above the ceiling area in extent shall be entitled to own or hold land only to an extent of six standard acres."

സർ, സീലിംഗ് ഏരിയായിൽ അധികം പ്ലാന്റേഷൻ ഭൂമിയുള്ളവർക്ക് ഇപ്പോൾ വച്ചിട്ടുള്ള സീലിംഗിൽ പകുതി ഭൂമി കൈവശം വയ്ക്കാൻ അനുവദിക്കുകയെന്നുള്ളതാണ് എന്റെ ഭേദഗതി. ഇതംഗീകരിക്കാൻ വിഷമമുണ്ടാകുമെന്നു തോന്നുന്നില്ല. കാർഷികബന്ധനിയമത്തിലും ഇങ്ങനെ ഒരു വകുപ്പ് ഉണ്ടായിരുന്നു. അതിലും പ്ലാന്റേഷനെ എക്സംപ്റ്റ് ചെയ്തിരുന്നതു് ശരിയാണെങ്കിലും അതിന്റെ കൂട്ടത്തിൽ ഒരു കാര്യംകൂടി ചെയ്തിരുന്നു, പ്ലാന്റേഷൻ ഭൂമി കൈവശമുള്ളവർക്ക് പതിനഞ്ചേക്കർ ഇരുപ്പുനിലമുണ്ടെങ്കിൽ അതിൽ ഏഴര ഏക്കർ മാത്രമേ കൈവശം വയ്ക്കാൻ സാധിച്ചിരുന്നുള്ളു. അങ്ങനെ ഒരു വകുപ്പുംപ്പെടുത്തുന്നതിൽ ആക്ഷേപം വലിയ എതിർപ്പുണ്ടാകുമെന്നു തോന്നുന്നില്ല. ഈ ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്ന പ്രകാരം ഒരു സെന്റ് ഭൂമിയിൽ റബ്ബർ ഉണ്ടായിരുന്നാൽ അതിനെയും പ്ലാന്റേഷന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണു്. പതിനഞ്ചു് ഏക്കറിൽ അധികം പ്ലാന്റേഷൻ ഏരിയാ ഉള്ള ഒരു ഉടമസ്ഥനു് ഇരുപതു് ഏക്കറോളം ഭൂമി കൈവശം വച്ചുകൊണ്ടിരിക്കാമെന്നാണു് ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. കാരണം ഇതിൽ സ്റ്റാന്റേർഡ് ഏക്കർ എന്നാണു് വച്ചിരിക്കുന്നതു്. അതുപോലെ ഭൂമി കൈവശം വയ്ക്കാൻ അനുവദിച്ചുകൂടാ. കാരണം പതിനഞ്ചു് ഏക്കർ തോട്ടമുള്ള ഒരാളിനു് ഇന്നത്തെ നിലയിൽ മാന്യമായി ജീവിക്കാനുള്ള വരുമാനമുണ്ടാകും. അതുകൊണ്ടു് പതിനഞ്ചേക്കർ ഭൂമിവരെ കൈവശം വെയ്ക്കാമെന്നും ബാക്കിയുള്ളതു് ഒഴിപ്പിച്ചെടുക്കേണ്ടതാണെന്നും വ്യവസ്ഥ എഴുതി ചേർക്കണം. ഇങ്ങനെ ഒരു വ്യവസ്ഥ എഴുതിച്ചേർത്താൽ സാങ്കേതികമായോ, മൗലികമായോ യാതൊരു വിധത്തിലുള്ള എതിർപ്പും ഉണ്ടാകുകയില്ല. പിന്നെ ഇങ്ങനെയൊരു വകുപ്പു് എഴുതിച്ചേർക്കാത്തതിന്റെ കാരണം എന്താണെന്നു് എത്ര ആലോചിച്ചിട്ടും എനിക്കു് മനസ്സിലാകുന്നില്ല. കാർഷികബന്ധനിയമത്തിലെ പല വകുപ്പുകളും പല തത്വങ്ങളും ഈ ബില്ലിൽ സ്വീകരിച്ചിട്ടുണ്ടെന്നു് കൂടെക്കൂടെ ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നതു് കേൾക്കാം. എന്നാൽ വളരെ പ്രധാനപ്പെട്ടതും ആവശ്യമായതും സ്വീകരിക്കേണ്ടതുമായ വകുപ്പുകളൊന്നുംതന്നെ ഇതിൽ സ്വീകരിച്ചിട്ടില്ല. കുറെച്ചെങ്കിലും മിച്ചഭൂമി കിട്ടുന്നതിനുള്ള ഒരു വ്യവസ്ഥയും ഇതിലില്ല. നമ്മുടെ കേരളത്തിൽ ഭൂമിയിൽ

LIBRARY ARCHIVES Kerala Legislative Assembly

പണം ഇൻവെസ്റ്റു ചെയ്യുന്നതാണ് പ്രധാന മാർഗ്ഗമായി എല്ലാവരും സ്വീകരിച്ചിരിക്കുന്നത്. ഈ സ്റ്റേറ്റിലുള്ള ഒരൊറ്റ ആളുപോലും വ്യവസായത്തിനു വേണ്ടി പണം മുടക്കാറില്ല. ഭൂമിയിൽത്തന്നെ പണം ഇൻവെസ്റ്റു ചെയ്യാൻ ഒന്നുകൂടി സഹായിക്കുന്നതിനുള്ള വ്യവസ്ഥകളാണ് ഇതിൽ എഴുതിവച്ചിരിക്കുന്നത്. ഇത് നമ്മുടെ സംസ്ഥാനത്തിലെ വ്യവസായങ്ങളെ കൂടുതൽ തടസ്സപ്പെടുത്താനേ സഹായിക്കൂ. കൃഷിചെയ്യ ഭൂമി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാൻ അല്ലാതെ വെറുതേ പണം ഭൂമിയിൽ മുടക്കുന്നതിനുള്ള സൗകര്യം കൊടുക്കരുത്. അത് കഴിയുന്നതും നിയന്ത്രിക്കേണ്ടതാണ്. വീട് വെയ്ക്കുന്നതിൽ അധികം ഭൂമി ഒരുത്തർക്കും കൊടുക്കേണ്ട ആവശ്യമില്ലെന്നുള്ള വാദഗതിവരെ ഈ സഭാതലത്തിൽ ഉണ്ടായിട്ടുണ്ട്. ഇതിലെ വ്യവസ്ഥകളനുസരിച്ച് എത്ര ഏക്കർ ഭൂമി വേണമെങ്കിലും ഒരാളിനു കൈവശം വയ്ക്കാവുന്നതാണ്. ഇതിനെപ്പറ്റി ഓരോ ഡിസ്ട്രിക്റ്റുകാർക്കും അഭിപ്രായവ്യത്യാസം ഉണ്ടെന്നു പറഞ്ഞു. അതൊക്കെ സ്റ്റാൻഡേർഡ് ഏക്കറിന്റെ കളികൊണ്ടുവന്നതാണ്. ഈ ബില്ലിൽ എഴുതിയിരിക്കുന്ന സീലിംഗിന്റെ ഓരോ വകുപ്പ് എടുത്തുനോക്കിയാലും ഇത്ര വളരെ അബദ്ധം പേറെ കാണുകയില്ല. ചേത്തല ഒരു സ്റ്റാൻഡേർഡ് ഏക്കർ എന്നു പറഞ്ഞാൽ രണ്ട് ഏക്കർ വരും.

അപ്പോഴും ഈ സ്റ്റാൻഡേർഡ് ഏക്കർ കണക്കാക്കുമ്പോഴും ഓരോ ഡിസ്ട്രിക്റ്റിലും വ്യത്യാസം വരുന്നു. ഡബിൾ ക്രോപ്പ് നിലവും സിംഗിൾ ക്രോപ്പ് നിലവും എല്ലാ ഡിസ്ട്രിക്റ്റിലും ഈക്വിവലന്റ് ആണെന്നു പറയുന്നത് എങ്ങനെയാണ് പൊരുത്തപ്പെടുന്നത്. എട്ട് സ്റ്റാൻഡേർഡ് ഏക്കർ തിരുവനന്തപുരത്തു എന്നു പറഞ്ഞാൽ 32 ഏക്കർ ഡ്രൈലാൻഡ് ആണ്. അപ്പോൾ മുൻപ് സ്റ്റാൻഡേർഡ് ഏക്കർ കണക്കാക്കിയിരുന്നതു അബദ്ധമല്ല. അതു സംബന്ധിച്ച് കൺഫ്യൂഷൻ ഉണ്ടാകാനും കാര്യമില്ല. ഇവിടെ ശ്രീ. പി. ചാക്കോതന്നെ ഗവണ്മെന്റ് കുടികിടപ്പുകാരെ വഞ്ചിച്ചു എന്നു ആഭ്യന്തരമന്ത്രിയുടെ മുഖത്തുനോക്കി പറഞ്ഞു. അതേപ്പറ്റി കൂടുതൽ ഞാൻ പറയുന്നില്ല. ഇവിടെ പ്ലാന്റേഷൻ ഉടമസ്ഥന്മാർക്ക് കൂടുതൽ ഭൂമി കൈവശം വയ്ക്കാനുള്ള സൗകര്യം ചെയ്തുകൊടുത്തിരിക്കുകയാണ്. അതുകൊണ്ട് അതു കുറയ്ക്കണം. സീലിംഗിന്റെ പകുതിയിലധികം ഭൂമി കൈവശംവച്ചുകൊണ്ടിരിക്കാൻ പാടില്ല. അതിനു സൗകര്യം ചെയ്തുകൊടുക്കുന്നതു നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഭാവിയിൽ അപകടം സൃഷ്ടിക്കും. ഈ രാജ്യത്തു ഒരു തുണ്ടു ഭൂമിപോലും മിച്ചം ഉണ്ടാകുകയില്ല. ആ കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കരുതെന്നുള്ള രീതിയിലാണ് എന്റെ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഇതു സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ടാകുമെന്നു തോന്നുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഇവിടെ അവതരിപ്പിച്ചിരിക്കുന്ന 1356, 1357 ഈ രണ്ടു ഭേദഗതികളും കാർഷികബന്ധനിയമത്തിൽ Plantation ഉടമകൾക്ക് പരിധിനിശ്ചയിക്കുമ്പോൾ Plantation-നു പുറമേ planter-ക്ക് ceiling-നു പകുതി ഭൂമികൂടി മാത്രമേ അനുവദിക്കാവൂ എന്ന തത്വംതന്നെ അനുകരിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് കാർഷികബന്ധനിയമത്തിൽ Planter-ക്ക് കൊടുത്തിരിക്കുന്ന സ്ഥാനം മാത്രമേ ഈ ബില്ലിലും കൊടുത്തിട്ടുള്ളൂ എന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതു ശരിയല്ല. കാർഷികബന്ധനിയമത്തിൽ ഈ വകുപ്പിനു താഴെ പ്ലാന്റേഷനെപ്പറ്റി ഒരു എക്സംപ്ഷൻ കൊടുത്തിട്ടുണ്ടായിരുന്നു. പ്ലാന്റേഷൻ ഉടമകൾക്ക് ഈ പ്ലാന്റേഷൻ കൊണ്ടുതന്നെ ധാരാളം പണം ഉണ്ടാകും. പിന്നെ അവർക്ക് നാട്ടുനെല്ലു കുത്തി അരിയാക്കി കഴിക്കണമെന്നു നിർബന്ധമുണ്ടെങ്കിൽ സീലിംഗിൽ പകുതി ഭൂമി ഇരിക്കട്ടേ എന്നു വിചാരിച്ചു. ചില ആളുകൾ നമ്മുടെ നാട്ടിലെ നെല്ലുകുത്തിയെടുക്കുന്ന അരിയേ ഉപയോഗിക്കുകയുള്ളൂ. അങ്ങനെയുള്ള ആളുകളെ വിചാരിച്ചാണ് പകുതി വച്ചതു. അതു കഴിഞ്ഞതിനുശേഷം അതു മാറ്റി. കാർഷികബന്ധനിയമം പ്ലാന്റേഷനെ ബാധകമാക്കരുതെന്നു പറഞ്ഞാൽ പ്ലാന്റേഷനെ മാത്രം പോരാ, പിന്നെ അവരുടെ സ്വത്തിനേയും കൂടി ബാധകമാക്കരുതെന്നു ഉടമകൾ വാദിക്കും. അതുകൊണ്ടാണ് അതിനൊരു എക്സംപ്ഷൻ കൊടുത്തിരുന്നതു. ആ എക്സംപ്ഷനിൽ കുവിഞ്ഞ ആനുകൂല്യം അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി].

പ്രത്യേക ഗ്രണം ഇവിടെ ചെയ്യുകൊടുക്കേണ്ട എന്നുള്ള വിധത്തിലാണ് ഈ ഭേദഗതി നിൽക്കുന്നത്. ഇതേപ്പറ്റി കൂടുതലൊന്നും പറയണമെന്ന ഞാൻ ആഗ്രഹിക്കുന്നില്ല. സീലിംഗ് ഏരിയായിൽ കവിഞ്ഞ പ്ലാന്റേഷൻ ഭൂമിയുള്ളവർ ഇപ്പോൾ വച്ചിട്ടുള്ള സീലിംഗിൽ പകുതി ഭൂമി കൈവശം വയ്ക്കാൻ അനുവദിക്കുകയെന്നുള്ളതാണ് ഈ ഭേദഗതി. ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

ശ്രീ. പി. ടി. പാക്കോ : മാഡം, അതേപ്പറ്റി വളരെ കൂടുതലൊന്നും പറയേണ്ടതായിട്ടില്ല. ഇവിടത്തെ പ്ലാന്റേഷൻ ഇൻഡസ്ട്രിക്ക് കൊടുക്കുന്ന പ്രാധാന്യം കണക്കിലെടുത്തുകൊണ്ടാണ് ഇങ്ങനെയൊരു മാറ്റം വരുത്തിയിരിക്കുന്നതെന്നുള്ള കാര്യം കേരളത്തിനും അതിനു പുറത്തുമുള്ള എല്ലാ ആളുകൾക്കും അറിയാം. ആ നിലയിൽ കൂടുതൽ പറയേണ്ട ആവശ്യമില്ല. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കുന്നില്ല.

Amendment No. 1357 moved by Shri K. Bhargavan was put and lost.

Clause 82

Shri O. Koran : I move amendment No. 908 tabled by Shri K. Chandrasekharan :

In clause 82, instead of the words "the date of publication of the Kerala Land Reforms Bill, 1963 in the Gazette" insert the words "27th July, 1960".

Shri K. Krishnan : I move amendment No. 912:

In clause 82, delete the words "after the date of publication of the Kerala Land Reforms Bill, 1963 in the Gazette" and insert 'after the 15th of January 1961.

Shri K. Balakrishna Menon : I move amendment No. 913:

In clause 82 after sub-clause (iv) add after the words "an adult unmarried person", the words 'or family,

Shri T. K. Ramakrishnan : I move amendment No. 1358:

For the main clause 82, substitute the following and add the existing proviso for the substituted clause :

"Notwithstanding anything contained in any law for the time being in force, all voluntary transfers effected after 18th December 1957, otherwise than—

(i) By way of partition; or

(ii) On account of natural love and affection; or

(iii) In favour of a person who was a tenant of the holding before the 18th December 1957 and continued to be so till the date of transfer.

By a member of a family or an adult unmarried person owning or holding land in excess of the ceiling area, shall be deemed to be transfers calculated to defeat the provisions of this Act and shall be invalid."

Shri R. Krishnan : I move amendment No. 1363:

In clause 82 (ii), delete the words 'on account of natural love and affection; or'

Shri K. Bhargavan : I move amendments Nos. 1361 and 1364

LIBRARY ARCHIVES Kerala Legislative Assembly

1361. In clause 82, delete the words "the date of....Gazette" and insert the following in its place: "the 18th day of November 1957";

1364. In clause 82, delete sub-clause (iv).

Smt. K. R. Gouri : I move amendments 1457 and 1677:

1457. In clause 82, delete the portion "after the date of the publication of the Kerala Land Reforms Bill, 1963 in the Gazette" and add in its place '18th day of December 1957'.

1677. In Clause 82, delete (ii) and substitute the following:

"(ii) gift to lineal descendents, who will inherit his property on his death, according to the personal law applicable to him or"

Shri P. K Kunjachan : I move amendment 1698:

In clause 82, instead of the words 'the date of the publication of the Kerala Land Reforms Bill, 1963 in the Gazette' insert the words "1st of January 1958".

ശ്രീ. ഒ. കോരൻ: മാഡം, എന്റെ ഭേഗതി ഇതാണ് : In clause 82, instead of the words "the date of publication of the Kerala Land Reforms Bill, 1963 in the Gazette" insert the words "27th July, 1960".

ഈ ബിൽ പ്രസിദ്ധീകരിക്കപ്പെട്ടന്ന തീയതി എന്നുള്ളതിനു പകരം 1960 ജൂലായി 27—ാംതീയതി എന്നാക്കണമെന്നുള്ളതാണ് എന്റെ ഈ ഭേഗതി. ഈ ഭേഗതി അവതരിപ്പിക്കാനുള്ള കാരണം 27-7-1960-ലാണ് മുൻ കാർഷിക ബന്ധനിയമം പ്രസിഡൻറ് അംഗീകരിച്ച് ഈ സഭ മുൻപാകെ അയച്ച് നാം തീരുമാനം എടുത്തത്. ആ തീയതിയെങ്കിലും അംഗീകരിക്കുകയാണെങ്കിൽ അതിനുശേഷമുള്ള കൈമാറ്റങ്ങളെ, ഭൂപരിധിയിൽനിന്ന് മറികടക്കുവാൻ വേണ്ടി ചെയ്തിട്ടുള്ള മാറ്റങ്ങൾക്ക ഒരു പരിഹാരം കാണാൻ സാധിക്കുമെന്നുള്ളതുകൊണ്ടാണ് ഈ തീയതി അംഗീകരിക്കണമെന്ന് പറയുന്നത്. വളരെ പ്രധാനപ്പെട്ട ഈവകുപ്പിലെ ഭൂപരിധിയെക്കുറിച്ചുള്ള പല വകുപ്പുകളും നാം ചർച്ചചെയ്തുകഴിഞ്ഞു. അതോടൊപ്പംതന്നെ ഈ തീയതി അംഗീകരിക്കുകയാണെങ്കിൽ അതിനു ശേഷമുള്ള കൈമാറ്റങ്ങളെ സംബന്ധിച്ച് ഭൂപരിധിയിൽ നിന്ന് രക്ഷപ്പെടാൻ സാദ്ധ്യമല്ല. അതുകൊണ്ട് കാർഷികബന്ധനിയമം പാസ്സാക്കി പ്രസിഡൻറിന്റെ അംഗീകാരം ലഭിച്ചതിനുശേഷം നടന്നിട്ടുള്ള കൈമാറ്റങ്ങളൊന്നും അംഗീകരിക്കാൻ പാടില്ലാത്തതുകൊണ്ടാണ് ഈ ഭേഗതി അവതരിപ്പിച്ചിട്ടുള്ളത്. അതു ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻ : മാഡം, ഈ ബിൽ പാസ്സാക്കുന്ന തീയതി എന്നുള്ളതു മാറ്റിയിട്ട് കാർഷികബന്ധനിയമം പാസ്സാക്കിയ തീയതിക്കുശേഷം ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായ സംഗതികളും പിന്നോട്ടുകൊണ്ടുപോകണമെന്നാണ് എന്റെ ഭേഗതി. ഭൂപരിഷ്കരണനിയമം യഥാർത്ഥത്തിൽ ഇവിടെ വരുമെന്നു കേട്ടപ്പോഴേതന്നെ ഭൂമി വളരെയധികം കൈവശംവച്ചുകൊണ്ട്, പൈതൃകം കിട്ടിയിട്ടുള്ള ഭൂമി ആയിരക്കണക്കിൽ ഏക്കർ കൈവശമുള്ള ആളുകളും ഏതെങ്കിലും വിധത്തിൽ കൈമാറ്റം ചെയ്തുകൊണ്ട് രക്ഷപ്പെടാനുള്ള ശ്രമങ്ങളും തുടങ്ങിയതാണ്. 1957—58 ഈ ഒരൊറ്റ കൊല്ലത്തിനുള്ളിൽ ഒന്നരലക്ഷത്തോളം രജിസ്ട്രേഷൻ ഇത്തരത്തിൽ നടന്നിട്ടുണ്ടെന്നാണ് എനിക്ക് മനസ്സിലായിട്ടുള്ളത്. രജിസ്ട്രാർ ആഫീസുകളിലെ കണക്കുകളും പരിശോധിച്ചാൽ ഇതു മനസ്സിലാകുന്നതാണ്. തുടർന്നുള്ള ഓരോ കൊല്ലത്തിലും 4 ലക്ഷത്തോളം വരെ വരുമെന്നാണ് തോന്നുന്നത്. ഇങ്ങനെ ലക്ഷക്കണക്കിൽ ഭൂമി കൈമാറ്റംചെയ്തുകൊണ്ട് പരിധിയിൽനിന്നു രക്ഷപ്പെടാൻവേണ്ടി വമ്പന്മാരായിട്ടുള്ള ജന്മികളും പരിശ്രമിച്ചുകൊണ്ടിരിക്കുന്ന അവസരത്തിലാണ് ഈ ബില്ലിലെ വകുപ്പുപ്രകാരം ഇതു പാസ്സാകുന്നതുവരെ എന്നു വ്യവസ്ഥചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കൃഷ്ണൻ]

അപ്പോഴും അതു ചെയ്താൽ അതിനെല്ലാം നിയമസാധുത്വം കിട്ടും. അങ്ങനെ നമ്മുടെ രാജ്യത്തിലെ വമ്പന്മാരായിട്ടുള്ള ആളുകൾക്ക്, അവർ ഇതുവരെ സ്വയം പരിഷ്കരണനിയമത്തിൽനിന്ന രക്ഷപ്പെടാൻ പരിധിയിൽ ഒരിക്കലും കടന്നു പോകരുതെന്നുള്ള നിശ്ചയത്തോടുകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കെ ഇപ്പോഴും വളരെയധികം സൗകര്യം ഈ ബില്ലിന്റെ വകുപ്പുപ്രകാരം ലഭിക്കുന്നുണ്ട്. കാർഷികബന്ധനിയമം പാസ്സായതുവരെയുള്ള സൗകര്യംമതി അതിനുശേഷമുള്ള സൗകര്യം അവർക്കുകൊടുക്കാൻ പാടില്ലെന്നാണ് എന്റെ ഭേദഗതിയുടെ ഉദ്ദേശം. ഇങ്ങനെ കൈമാറ്റങ്ങൾ ചെയ്തിട്ടുള്ളതുകൊണ്ട് വളരെയധികം വൻകിടജന്മിമാർ ഇപ്പോൾ ചെറുകിടക്കാരായി തീർന്നിരിക്കുകയാണ്. ഈ ചെറുകിടക്കാർക്ക് കൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾ ഈ ബില്ലിൽ ഇതുവരെ പാസ്സാക്കിയ വകുപ്പുകൾകൊണ്ട് വ്യക്തമാക്കിയിട്ടുണ്ട്. അങ്ങനെ ചെറുകിടക്കാർ എന്ന നിലയ്ക്കുള്ള ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കുക, ഭൂമി കൈമാറ്റം ചെയ്തതിന്റെ ഫലമായിട്ട് ലഭിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും അവർക്ക് ലഭിക്കുക ഇങ്ങനെയുള്ള ഒരു നിലയാണ് ഈ ബില്ലുമൂലം ഉണ്ടാകുന്നത്. മുമ്പ് ഭൂമി പാട്ടത്തിനു കൊടുത്താൽ പാട്ടംമാത്രമേ കിട്ടുകയുള്ളൂ. ഇന്ന് അതിനുപുറമേ അവരുടെ ഭൂമിക്ക് മുഴുവനും സംരക്ഷണം ലഭിക്കുകയും തുടർന്ന് അവരെല്ലാം ചെറുകിടക്കാർ എന്നുള്ള നിലയ്ക്ക് നിൽക്കാനുള്ള സൗകര്യം ലഭിക്കുകയും ചെയ്യുന്നുണ്ട്. ആ നിലയ്ക്കുള്ള സൗകര്യങ്ങളും സൗജന്യങ്ങളും ലഭിക്കേണ്ടവരായിട്ടുള്ളവരല്ല ഈ ജന്മിമാർ. അതുകൊണ്ട് ഇതിലെ കാലാവധി ഈ ബില്ല് പാസ്സായതിനുശേഷം എന്നതിനുപകരം കാർഷികബന്ധനിയമം പാസ്സായ ആ സമയം എന്നാക്കിമാറ്റണമെന്നാണ് എന്റെ ഭേദഗതി. ഈ ഭേദഗതി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

Shri K. Balakrishna Menon: Madam, the provision contained in this clause is to the effect that all voluntary transfers effected after the date of the publication of this Bill, by way of partition, etc. by a member of a family or an adult unmarried person owning land in excess of the ceiling area shall be deemed to be transfers to defeat the provisions of this Act. What is stated is that such transfers would become null and void if it was effected by a member of a family or an adult unmarried person. My amendment is to add the words 'or family' also after the words 'an adult unmarried person'. I hope the hon. Minister will accept the amendment.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്നതുപോലെയുള്ള ഒരു ഭേദഗതിയാണ് എന്റെ ഭേദഗതി. ഈ നാട്ടിൽ പുതിയ ഒരു നിയമം കൊണ്ടു വരുന്നതിനാസ്പദമായി ബഹുമാനപ്പെട്ടമന്ത്രി വിശദീകരിച്ചുകഴിഞ്ഞിട്ടുള്ള കാര്യങ്ങളൊന്നുംതന്നെ ഈ നിയമത്തിൽ ഇന്നു കൊണ്ടുവന്നതുപോലെയുള്ള വകുപ്പുകൾ കൊണ്ടുവരുന്നതിനു കാരണമായി പറയാൻ നിവൃത്തിയില്ല. ഹൈക്കോർട്ടുവിധി വന്നതിനെത്തുടർന്ന് ആ നിയമം നടപ്പിൽ വരുത്താൻ ബുദ്ധിമുട്ടുണ്ടെന്നും, സാങ്കേതികമായിത്തന്നെ മറ്റുചില വിഷമതകൾ പണ്ടത്തെ നിയമത്തിൽതന്നെ ഉണ്ടെന്നുമൊക്കെയാണ് പുതിയ നിയമം കൊണ്ടുവരുന്നതിനു കാരണമായി പറഞ്ഞത്. ഈ വക കാര്യങ്ങളൊന്നുംതന്നെ ഈ നിയമത്തിൽ, ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള നിയമം പബ്ലിഷ് ചെയ്യുന്ന തീയതിക്കുശേഷമുള്ള കൈമാറ്റങ്ങൾ മാത്രം അസാധുവാക്കിയാൽ മതിയെന്നതിനു കാരണമായി പറയാൻവഴിയില്ല. ഈ നിയമം മുമ്പവതരിപ്പിച്ച സമയത്തും അതിനുശേഷം നടന്നിട്ടുള്ള കൈമാറ്റങ്ങൾ എല്ലാം അസാധുവാണെന്നുള്ള ഒരു വകുപ്പാണ് 1957-ൽ അവതരിപ്പിച്ച നിയമത്തിൽ ഉണ്ടായിരുന്നത്. ഹൈക്കോർട്ടുവിധിയിലൊന്നും ഈ വകുപ്പിനെ സംബന്ധിച്ച് അസാധുത്വം കൽപ്പിക്കുന്ന ഒന്നും ഉണ്ടായിരുന്നില്ല. ഈ വകുപ്പിനെ നിലനിറുത്തുന്ന കാര്യത്തിൽ യാതൊരു തടസ്സവും പറഞ്ഞിട്ടില്ല. അങ്ങനെതന്നെ പരിധിനിർണ്ണ

LIBRARY ARCHIVES Kerala Legislative Assembly

യത്തിനുശേഷം നടന്നിട്ടുള്ള കൈമാറ്റങ്ങളെ തടഞ്ഞു് മിച്ചഭൂമി ഉണ്ടാക്കണമെന്നുള്ള താൽപ്പര്യം ആത്മാർത്ഥമായിട്ടു് ഉണ്ടായിരുന്നെങ്കിൽ ഒരു ഓഡിനൻസു മൂലം ഈ വകുപ്പു് സാധുവാക്കികൊണ്ടു് നടപടി എടുക്കുമായിരുന്നു. ബില്ലാകെ റദ്ദ്ചെയ്യേണ്ട കാര്യം ഉണ്ടായിരുന്നില്ല. ബില്ലാകെ റദ്ദ്ചെയ്യാൽ തന്നെയും ഒഴിപ്പിക്കൽ തടഞ്ഞുകൊണ്ടുള്ള ഓർഡിനൻസു് കൊണ്ടുവന്നതു പോലെ ഇക്കാര്യത്തിലും നടപടിയെടുക്കാമായിരുന്നു. 1957—ൽ കൊണ്ടുവന്നിട്ടുള്ള കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്നതു് 1957 ഡിസംബർ 18-ാം തീയതിക്കുശേഷം നടന്നിട്ടുള്ള കൈമാറ്റങ്ങളും അല്ലെങ്കിൽ പിന്നെ പ്രസിഡൻറിന്റെ ഭേദഗതി നിർദ്ദേശിച്ചതിനുശേഷം ഈ ഗവണ്മെൻറു സ്വീകരിച്ച ആ തീയതിക്കു ശേഷം നടന്നിട്ടുള്ള കൈമാറ്റങ്ങളും അസാധുവാണെന്നുള്ള നിലയിൽ ഒരു നിയമനിർമ്മാണം കൊണ്ടുവരുമായിരുന്നു. അതൊന്നും കൊണ്ടുവന്നിരുന്നില്ല. അതു കൊണ്ടുവരാതിരുന്നതു് കേന്ദ്രഗവണ്മെൻറിന്റെ നിർദ്ദേശമോ, പ്ലാനിംഗ്കമ്മിഷന്റെ നിർദ്ദേശമോ ഹൈക്കോർട്ടിന്റെ വിധിയോ കൊണ്ടൊന്നുമായിരുന്നില്ല. അപ്പോഴും യഥാർത്ഥത്തിൽ മിച്ചഭൂമി ഉണ്ടാക്കണമെന്ന ആഗ്രഹം തീരെ ഈ ഗവണ്മെൻറിനില്ലെന്നു് വ്യക്തമാക്കുന്നതാണു്. അതുകൊണ്ടാണു് ഇത്തരം ഒരു ഓർഡിനൻസു് പുറപ്പെടുവിക്കുന്ന കാര്യത്തിൽ അമാന്തം വരുത്തിയതു്. എന്തു പുതുതായ കാര്യം വന്നതുകൊണ്ടാണു് ഈ നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ, ഹൈക്കോർട്ട വിധിയെത്തുടർന്നു് ഈ ബിൽ കൊണ്ടുവരുന്നതുവരെ നടന്നിട്ടുള്ള എന്തു പ്രത്യേക പരിതഃസ്ഥിതി പരിഗണിച്ചാണു് ഈ ബിൽ കൊണ്ടുവന്ന തീയതിക്കുശേഷം നടന്നിട്ടുള്ള കൈമാറ്റങ്ങളും മാത്രമെ അസാധുവാക്കുന്നുള്ളു എന്നുപറയാൻ കാരണം? ഈ കാര്യത്തിൽ പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശം ഈ ഗവണ്മെൻറിനു പുതുതായി കിട്ടി എന്നൊന്നും പറയാൻ നിവൃത്തിയില്ല. പ്ലാനിംഗ്കമ്മിഷന്റെ നിർദ്ദേശം വളരെ പരസ്യമായി നമ്മുടെ മുമ്പാകെയുണ്ടു്. ഈ കാര്യത്തിൽ പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശം എന്താണെന്നു് പഞ്ചവത്സരപദ്ധതിയെസംബന്ധിച്ചു്, നമുക്കു വിതരണം ചെയ്തിട്ടുള്ള പുസ്തകത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടു്. 3—ാം പദ്ധതി എന്ന ഗ്രന്ഥത്തിൽ land reforms എന്ന അദ്ധ്യായത്തിൽ പ്രസ്താവിക്കുന്ന കാര്യം എന്താണെന്നുവച്ചാൽ ബിൽ അവതരിപ്പിക്കുന്ന സമയത്തു് അതിനുശേഷം നടന്ന കൈമാറ്റങ്ങളെ തടഞ്ഞുകൊണ്ടുള്ള നടപടികളും എടുത്തില്ലെങ്കിൽ മിച്ചഭൂമിയുള്ള ആളുകാരെല്ലാം കൈമാറ്റം നടത്തി മിച്ചഭൂമിഎന്നുള്ള തത്വത്തെ പരാജയപ്പെടുത്തും. ഇതു് തടയണമെന്നുണ്ടെങ്കിൽ ബിൽ ഇൻട്രഡ്യൂസുചെയ്യുന്നതോടെ കൈമാറ്റങ്ങളും അസാധുവാണെന്നു പ്രഖ്യാപിക്കണം. ഈ വിഷയത്തിൽ രണ്ടു കാര്യങ്ങളും ചെയ്യാം. ഒന്നു് ഈ ബിൽ ഇൻട്രഡ്യൂസു് ചെയ്യുന്ന തീയതിക്കുശേഷമുള്ള കൈമാറ്റങ്ങളും അസാധുവാണെന്നു പ്രഖ്യാപിക്കുക. അതല്ലെങ്കിൽ അതിനുമുമ്പുള്ള തീയതിമുതൽക്കു് നടന്നിട്ടുള്ളതു് അസാധുവാണെന്നു പ്രഖ്യാപിക്കുക. ഇതിലേതുവേണമെന്നു പ്രാദേശികപരിതഃസ്ഥിതിനോക്കി നിശ്ചയിക്കാം. ഈ ബിൽ അവതരിപ്പിച്ച തീയതിക്കുമുതൽക്കുള്ള കൈമാറ്റങ്ങളും അസാധുവാണെന്നു പ്രഖ്യാപിക്കേണ്ടതാവശ്യമാണു്. മദ്രാസു്, മഹാരാഷ്ട്ര, യു. പി., പശ്ചിമബംഗാൾ, രാജസ്ഥാൻ ഇത്രയും സംസ്ഥാനങ്ങളിൽ നടന്നിട്ടുള്ള ബില്ലുകളിലൊക്കെത്തന്നെ ബില്ലവതരിപ്പിച്ചതിനുശേഷം നടന്നിട്ടുള്ള കൈമാറ്റങ്ങളെ അസാധുവാക്കുന്നുണ്ടു്. അതിനുമുമ്പു നടന്നിട്ടുള്ള കൈമാറ്റങ്ങളുംപോലും അസാധുവാകുമെന്നാണു് പറയുന്നതു്. പക്ഷേ ഭൂരിപക്ഷം സംസ്ഥാനത്തിലും ബിൽ അവതരിപ്പിച്ചതിനുശേഷം നടന്നിട്ടുള്ള കൈമാറ്റങ്ങളും അസാധുവാണെന്നു് അംഗീകരിച്ചിരിക്കുന്നതു് ശരിയാണെന്നുള്ളതത്വം അംഗരിച്ചുകൊണ്ടു് മിച്ചഭൂമി ഗവണ്മെൻറു് ഉണ്ടാക്കണമെന്നുള്ള ഡയറക്ഷനാണു് പ്ലാനിംഗ് കമ്മിഷൻ കൊടുക്കുന്നതും കേന്ദ്രഗവണ്മെൻറു് അംഗീകരിച്ചിട്ടുള്ളതും. 1957—ലാണു് ബിൽ ഇവിടെ അവതരിപ്പിക്കുന്നതു്. ആദ്യമായി പരിധി നിർണ്ണയതത്വം അംഗീകരിച്ചുകൊണ്ടു് കേരളത്തിൽ നിയമം വരുന്നതു് 1957—ലാണു്. 1957—ൽ വന്നിട്ടുള്ള നിയമത്തിൽതന്നെ വ്യക്തമായി ഒരു തീയതി പറഞ്ഞു, അതിനുശേഷം നടന്നിട്ടുള്ള കൈമാറ്റങ്ങളും അസാധുവെന്നു പ്രഖ്യാപിക്കുന്ന നിലയ്ക്കു് അതിനുമുമ്പു നടന്നിട്ടുള്ള കൈമാറ്റങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

സംബന്ധിച്ച് വാസ്തവത്തിൽ ഇങ്ങനെയൊരു നിയമം വരാൻ പോകുന്നു എന്നു മനസ്സിലാക്കാതെ സാധാരണഗതിയിൽ കൈമാറ്റങ്ങളും നടന്നു. എന്നാൽ ആ തീയതിക്കുശേഷം ആരെങ്കിലും കൈമാറ്റം നടത്തിയിട്ടുണ്ടെങ്കിൽ ആ കൈമാറ്റങ്ങൾക്ക് സാധുത്വം കൊടുക്കുന്നതു് യഥാർത്ഥത്തിൽ പരിപൂർണ്ണ വഞ്ചനയാണു്, ആ നിയമത്തെ തോൽപ്പിക്കുന്ന വിധത്തിലുള്ള ഏർപ്പാടാണു്. പ്രസിഡൻറിന്റെ നിർദ്ദേശം വന്നു, അപ്പോൾ കാലാവധി നീട്ടി, അതിനു ശേഷം നടന്നിട്ടുള്ള ചർച്ചാവേളയിൽ അന്നു് റവന്യൂമന്ത്രി പറഞ്ഞിട്ടുള്ള മറുപടി എന്താണെന്നുവച്ചാൽ വളരെയധികം കൈമാറ്റങ്ങൾ പിന്നീട് നടന്നിട്ടുണ്ടു്, ആ കൈമാറ്റങ്ങളെ സംബന്ധിച്ചു് കുഴപ്പംവരാനിടയുണ്ടെന്നാണു്. ഈ കൈമാറ്റങ്ങൾ മനഃപൂർവ്വം പരിധിനിയന്ത്രണത്തെ തോൽപ്പിക്കുന്നതിനുവേണ്ടി നടന്നിട്ടുള്ളതാണു്. ഇങ്ങനെ എത്രത്തോളമാണു് കൈമാറ്റങ്ങൾ നടന്നിട്ടുള്ളതെന്നുള്ള കണക്കു പരിശോധിച്ചാൽ ഇനി ഈ രാജ്യത്തു് മിച്ചഭൂമി എന്നുള്ള കാര്യംപോലും അവശേഷിക്കാത്ത ഒരുസ്ഥിതി വന്നുചേർന്നിട്ടുണ്ടെന്നു മനസ്സിലാക്കാൻ കഴിയും. ഈയിടെ ശ്രീമതി ഗൗരിയമ്മയുടെ ചോദ്യത്തിനു് മറുപടിയായി പറഞ്ഞിട്ടുള്ളതു് ഞാൻ വായിക്കാം. 1957 ഡിസംബർ 18–ാംതീയതിക്കുശേഷം 12,64,631 ഏക്കർ 53 സെൻറു് ഭൂമി കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടു് എന്നാണു്. ഇതിന്റെ ആധാരം രജിസ്റ്റർചെയ്യപ്പെട്ടിട്ടുണ്ടു്. 15 ഏക്കറിൽക്കൂടുതലുള്ള ഭൂമിയുടെ കൈമാറ്റം എത്രയാണെന്നു് ചോദ്യമുണ്ടായതിനു് അതിന്റെ കണക്കു് പറഞ്ഞിട്ടില്ല. ഏതായാലും ഇത്രത്തോളം കൈമാറ്റങ്ങൾ നടത്തിയിട്ടുള്ളതു് പരിധിയെ തോൽപ്പിക്കുന്നതിനുവേണ്ടി നടന്നിട്ടുള്ള കൈമാറ്റങ്ങളാണു്. ഈ കൈമാറ്റങ്ങൾക്കെല്ലാം തന്നെ നിയമസാധുത്വം കൊടുത്തു് പരിധിനിർണ്ണയത്തെ തോൽപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണു്. രണ്ടാമതൊരു നിയമംകൊണ്ടുവന്നതു മൂലമുണ്ടാകുന്നതു്. ഈ കാര്യം പറഞ്ഞപ്പോൾ മഹാഭാരതത്തിലെ ഒരു കഥയാണു് എനിക്കു ഓർമ്മവരുന്നതു്. അർജ്ജുനന്റെ വില്ലിനെപ്പറ്റി പറയുന്ന കഥ. അർജ്ജുനന്റെ വില്ലു് എങ്ങനെയാണെന്നുവച്ചാൽ എടുത്താൽ ഒന്നു്, തൊടുത്താൽ പത്തു്, പോകുന്നസമയത്താണെങ്കിൽ 100, പിന്നെ ലക്ഷ്യത്തിൽ കൊള്ളുന്ന സമയത്താണെങ്കിൽ ലക്ഷവും അതിലിരട്ടിയും വരെ ആകുമെന്നാണു് പറയുന്നതു്. ഇവിടെ ഈ പരിധിനിർണ്ണയത്തിന്റെ തത്വം എന്താണെന്നുവച്ചാൽ കാർഷികബന്ധ നിയമത്തിൽനിന്നു് പ്രശ്നം അട്ടത്ത പരിധിനിയന്ത്രണത്തിന്റെ കാര്യം ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്റർ ഇപ്പോൾ ആലോചിക്കുമ്പോൾ എത്രയാണു് 100 ഏക്കറാണു് എന്നുവെയ്ക്കുക. ഏക്സംപ്ഷൻ ക്ലാസ് എടുക്കുന്ന സമയത്തു് അതു് 75 ഏക്കറായിപ്പോകും. പിന്നീടു് പരിധിനിയന്ത്രണത്തിന്റെ തത്വം സ്വീകരിക്കുമ്പോൾ ബാക്കി അതിൽ 20 ഏക്കറോളം കാണും. ഇപ്പോൾ ഈ പരിധിനിയന്ത്രണംവഴിയുള്ള ബില്ലിനെ തോൽപ്പിക്കുന്ന ഈ കാര്യങ്ങൾ ആലോചിക്കുമ്പോൾ ബാക്കി വല്ലതുമുണ്ടെങ്കിൽ അതിൽ 5 ഏക്കറും പോയി. അവസാനം ലക്ഷ്യത്തിൽ എത്തുന്ന സമയത്തു് ഒരേക്കർ മിച്ചഭൂമിപോലും കാണുകയില്ല, നമ്മുടെ റവന്യൂമന്ത്രി അവതരിപ്പിച്ചിട്ടുള്ള ബില്ലിൽ. യഥാർത്ഥത്തിൽ ഇതുപോലുള്ള വഞ്ചന മിച്ചഭൂമിയുടെ കാര്യത്തിൽ ഒരിക്കലും ചെയ്യാൻപാടില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. അതുകൊണ്ടു് 1957 ഡിസംബർ 18–ാംതീയതിക്കുശേഷം നടന്നിട്ടുള്ള കൈമാറ്റങ്ങളൊക്കെത്തന്നെ അസാധുവാക്കാനുള്ള ഒരു തത്വമാണു് ഗവണ്മെൻറു് സ്വീകരിക്കേണ്ടതു്. ആ അടിസ്ഥാനത്തിലാണു് ഞാൻ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്.

ശ്രീ. കെ. മാധവൻ: എന്റെ ഭേദഗതി, കാർഷികബന്ധനിയമം പ്രാബല്യീകരിച്ചതിനുശേഷമുള്ള കൈമാറ്റങ്ങൾ നിയമവിരുദ്ധമായി പ്രഖ്യാപിക്കണമെന്നുള്ളതാണു്. പിന്നെ സബ് ക്ലാസ് 4–ഡിലീറ്റു ചെയ്യണം. അതുകഴിഞ്ഞ ബില്ലിൽ ഉണ്ടായിരുന്നതല്ല. ഈ ബില്ലിലെ ഏറ്റവും പ്രധാനപ്പെട്ട ക്ലാസ്സുകളിലൊന്നിതാണു്. വളരെ ചിന്തിച്ചു തയാറാക്കിയതാണു് ഈ ക്ലാസ്സു്. കൂട്ടികൊടുക്കുപോലും അറിയാം ഒരു ഭൂരിപരിഷ്കരണ

LIBRARY ARCHIVES Kerala Legislative Assembly

നിയമം പ്രസിദ്ധീകരിച്ചതിനുശേഷം ഭൂമി ട്രാൻസ്ഫർ ചെയ്യുന്നതു നല്ലതല്ല എന്നുള്ളതു്. പിന്നെ അതുകൊണ്ടു വിശേഷമില്ല. അതാണു്, ഭൂനയം സംബന്ധിച്ചു നമ്മുടെ അനുഭവം. എവിടെയെല്ലാം ഈഭൂനയ പരിഷ്ക്കാരം നടപ്പിൽ വരുത്തിയിട്ടുണ്ടോ അവിടെയെല്ലാം ഈ കൈമാറ്റങ്ങളും നിരോധിച്ചിട്ടുണ്ടു്. ഈഭൂനിയമം ആദ്യമാദ്യം പാസ്സാക്കിയ സംസ്ഥാനങ്ങളിലെല്ലാം അതു ഉണ്ടായിട്ടുള്ള അനുഭവമാണു്. അവിടെയൊക്കെ അവർ വളരെ ഗൗരവമായി ചിന്തിച്ചിട്ടുണ്ടു്. അതിന്റെ ഫലമായി ചില സംസ്ഥാനങ്ങളിൽ അതിനുവേണ്ടി കമ്മറ്റികൂടുന്നതുതന്നെ സംഘടിപ്പിച്ചിട്ടുണ്ടു്. ഈ ബിൽ ഉണ്ടാക്കിയതിനുശേഷമുള്ള കൈമാറ്റങ്ങളും അനുസരിച്ചു പിന്നീടു് നടപടി സ്വീകരിച്ചിട്ടുണ്ടു്. ഭൂപരിധി ക്ലിപ്പപ്പെടുത്തുകയും മിച്ചഭൂമി എടുക്കുകയും ചെയ്യുക എന്നുള്ളതു വളരെ വിഷമകരമായ കാര്യമാണു്. കാരണം; ബുദ്ധിശാലികളായ ഭൂഉടമകളും അതിൽനിന്നു എങ്ങനെയെങ്കിലും പുറത്തുചാടും. അതിനു പ്രധാനമായി സ്വീകരിച്ചിരിക്കുന്ന മാർഗ്ഗം കൈമാറ്റമാണു്. ഭൂനയബിൽ അവതരിപ്പിക്കുന്ന കാലത്തു ഭൂമി കൈമാറുന്നതിന്റെ പ്രളയമായിരുന്നു. ഈ രാജ്യത്തെ രജിസ്റ്റർ ആഫീസുകളിൽ ഒക്കെ ഇത്രയധികം ജോലിയുള്ള സമയം ഉണ്ടായിട്ടില്ല. ഇവിടത്തെ ജനങ്ങളും ഇവിടെ ഒരു ഭൂനയം ഉണ്ടാകുകയില്ല എന്നു ഉറപ്പായി. വിശ്വാസമുള്ളവരായിരുന്നു. ഞങ്ങളും ഭൂനയബിൽ കൊണ്ടുവന്നാപ്പിന്നും അതു പാസ്സാകുകയില്ല എന്നു അവർ വളരെ ഉറപ്പായി വിശ്വസിച്ചു. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഏതെങ്കിലും തരത്തിലുള്ള ഭൂനയപരിഷ്കാരമുണ്ടായിട്ടും തിരുവിതാംകൂറിൽ ഉണ്ടായിട്ടില്ല. 1954-ൽ പട്ടംതാണുപിള്ളയുടെ മന്ത്രിസഭ ഒരുഭൂപരിഷ്ക്കരണ നിയമംകൊണ്ടുവരാൻ ശ്രമിച്ചു. ആ ബിൽ പ്രസിദ്ധീകരിച്ചതിനുശേഷം അധികകാലം ആമന്ത്രിസഭയുണ്ടായിരുന്നില്ല. അതാണു് കാരണം ആ മന്ത്രിസഭ മറിച്ചിടാൻ. അടുത്തുവന്ന മന്ത്രിസഭകളും ഈ ഭൂനയത്തെ കൈവയ്ക്കാൻ തയാറായില്ല.

ഡപ്യൂട്ടി സ്പീക്കർ: ഈ പ്രശ്നം പല തവണയും പ്രസ്താവിച്ചിട്ടുള്ളതാണു് ആവർത്തനം ചുരുക്കിയാൽ കൊള്ളാം.

ശ്രീ. കെ. ഭാസ്കരൻ: വളരെ ശ്വാസം മുട്ടിക്കൊണ്ടു കാര്യങ്ങളും പറയുകയാണു്. കൈമാറ്റങ്ങളും നാം അനുവദിച്ചാൽ പിന്നെ ഭൂമി ഒന്നും കാണുകയില്ല. ഞാൻ പ്രസംഗിക്കണ്ടാ എന്നുണ്ടെങ്കിൽ പ്രസംഗിക്കുന്നില്ല. എന്റെ പ്രസംഗം വളരെ ചുരുക്കാൻ എനിക്കൊക്കുകയില്ല.

ഡപ്യൂട്ടി: സ്പീക്കർ : ഏതായാലും ആവർത്തനം ചുരുക്കണം.

ശ്രീ. കെ. ഭാസ്കരൻ: പല അംഗങ്ങളും പ്രസംഗിച്ചിട്ടുള്ള കാര്യങ്ങളും തന്നെ നിയമസഭയിൽ ആവർത്തിച്ചാവർത്തിച്ചു പറയേണ്ടകാര്യമുണ്ടു്.

ശ്രീ. സി. അച്യുതമേനോൻ: ആവർത്തനം വേണ്ടാ ആവർത്തനം വേണ്ടാ എന്നു പറയുന്നു. ഈ ബിൽതന്നെ ഒരു ആവർത്തനമാണു്. അപ്പോൾ അതിനെ സംബന്ധിച്ചു ആവർത്തിച്ചാവർത്തിച്ചു കാര്യങ്ങളും പറയാതെ നിവൃത്തിയില്ല. ഇതു ട്രാൻസ്ഫേഴ്സ്, കൈമാറ്റങ്ങളും സംബന്ധിച്ചു ഭൂനയബില്ലിൽ പറഞ്ഞിട്ടുള്ള പരിധിയുടെ കാര്യമാണു്. അതു ആവർത്തിച്ചുപറയാതെ നിവൃത്തിയില്ല.

ഡപ്യൂട്ടി സ്പീക്കർ: പട്ടംതാണുപിള്ളയുടെ മന്ത്രിസഭയെപ്പറ്റി പറയുന്നതു ഏതുകൊല്ലത്തെ കാര്യമാണു്. അതൊക്കെ പറയുന്നതു ചുരുക്കണമെന്നേ പറഞ്ഞുള്ളൂ.

ശ്രീ. സി. അച്യുതമേനോൻ: ഗവണ്മെന്റുഭാഗത്തുനിന്നും കൊണ്ടുവന്നിട്ടുള്ള ബില്ലിനു ആത്മാർത്ഥതയില്ലാ എന്നാണു പറഞ്ഞതു്. അതു സ്ഥാപിക്കാൻ ആവശ്യമായ കാര്യങ്ങളും പറയേണ്ടിവരും.

ഡപ്യൂട്ടി സ്പീക്കർ : കഴിയുന്നതും ആവർത്തനം ഒഴിവാക്കാൻ ശ്രമിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഭാർഗ്ഗവൻ: ഈ ബില്ലിന്റെ പൊളിറിക്കൽ ആസ്പെക്റ്റ് സിനെസംബന്ധിച്ചു വേണ്ടവണ്ണം കൈകാര്യം ചെയ്യണം. അതിന്റെ പൊളിറിക്കൽ ബാക്ക്ഗ്രൗണ്ട്കൂടി പറയേണ്ടതായിട്ടുണ്ട്. അതു ആക്കെ കിലും ഫീൽ ചെയ്തിട്ടുണ്ടെങ്കിൽതന്നെയും ഇനിയും പറയേണ്ടിവരും. ഈ ബില്ലിന്റെ ഗുണദോഷങ്ങൾമാത്രം എടുത്തുവച്ച് ഈ ക്ലാസ്സുമാത്രം ഐസൊലേറ്റു ചെയ്തു പറയുന്നതു വിഷമമാണ്.

അതുകൊണ്ട് ഈ കേരളത്തിലെ ഭൂടമകളെ സംബന്ധിച്ചിടത്തോളം 1957-ലെ ബിൽ വളരെ അപ്രതീക്ഷിതമായിരുന്നു. അതു നടപ്പാകുമെന്നു ആരും കരുതിയില്ല. എന്നാൽ അതു പാസ്സായി നടപ്പിലായി. അതിന്റെ ഫലമായി 1957-നുശേഷമുള്ള ഈ കൈമാറ്റങ്ങളെല്ലാം ലാഘവം ആണെന്നു എഴുതിയിരുന്നു എങ്കിൽ രാഷ്ട്രീയമായി ഞങ്ങൾക്കു പരാജയം വരുമായിരുന്നില്ല. കാരണം 12 ലക്ഷത്തോളം ഏക്കർഭൂമി ട്രാൻസ്ഫർ ചെയ്തുകഴിഞ്ഞു. സീലിംഗ് നിശ്ചയിച്ചുകഴിഞ്ഞാൽ പിന്നെ അതിനപ്പുറമുള്ളഭൂമി കൈവശംവയ്ക്കാൻ പാടില്ല. ഭൂമിക്കാണെങ്കിൽ നല്ല വിലയുണ്ട്. അതു മിക്കതും കൈമാറ്റം ചെയ്യാവുന്നതാണ്. അങ്ങനെ കൈമാറ്റം ചെയ്യാൻ അനുവദിച്ചിരുന്ന എങ്കിൽ 1959—ലെ നിയമത്തിൽ ഞങ്ങൾ അംഗീകരിച്ചിരുന്ന എങ്കിൽ കാർഷികനയത്തിന്റെ പേരിൽ ഞങ്ങൾക്കു രാഷ്ട്രീയസമരങ്ങൾ നേരിടേണ്ടിവരുമായിരുന്നില്ല. പക്ഷെ, ഞങ്ങൾ അതിനു തയാറായില്ല. ലാൻറു ലാർഡിസം അവസാനിപ്പിക്കുന്നതിനു ഞങ്ങൾ തയാറായി. അതിന്റെ ഫലമായിട്ടാണ് ഞങ്ങൾക്കു ഗവണ്മെൻറിൽനിന്നും ഇറങ്ങേണ്ടിവന്നതു. ഇതു ഞങ്ങൾ ആലോചിക്കാതെ എടുത്ത തീരുമാനമാണെന്നു ആരും വിശ്വസിക്കണ്ട. തുടർന്നുണ്ടായ രാഷ്ട്രീയസമരത്തിൽ ഞങ്ങളുടെ ഗവണ്മെൻറു ഇല്ലാതായിപോകുമെന്നു ഞങ്ങൾക്കറിയാമായിരുന്നു. എങ്കിൽപോലും ഈ വിട്ടുവീഴ്ചവങ്കത്താൻ ഞങ്ങൾ തയാറായില്ല. അതുകൊണ്ടു ഞങ്ങൾ ബലിയാടുകളായി. കാരണം, ഞങ്ങൾക്കറിയാം, ഈ പ്രശ്നത്തെ ഇനിയും ഇതിലും കർശനമായി നേരിടാൻ സാധിക്കുമെന്നു. ഈ ബില്ലുകൊണ്ടു ഇതു അവസാനിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. ശ്രീമാൻ ഈ. പി. ഗോപാലൻ പറഞ്ഞതുപോലെ ഒരുപക്ഷേ ഒരുകാലത്തു ഇതു അംഗീകരിച്ചുകിട്ടിയേക്കും. ഈ ബിൽ പാസ്സാക്കി അതു നടപ്പാക്കാൻ ശ്രമിച്ച എന്നുവരാം. ഭൂനയപരിഷ്കരണത്തിന്റെ ആവശ്യം ഉണ്ടെങ്കിൽതന്നെ ഭൂമിയുടെ മേലുള്ള കുത്തക മാറുകയില്ല. തീർച്ചയായും ഈ ബില്ലും മാറ്റപ്പെടും. ഭൂനയപരിഷ്ക്കരണത്തെ സംബന്ധിച്ചിടത്തോളം 1959—ലെ കാർഷികബന്ധനിയമം നടപ്പാക്കാനുള്ള അവസരം ഇനിയുമുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ്: ബഹുമാനപ്പെട്ട ഭാർഗ്ഗവൻ ആദ്യന്തികമായിട്ട ഒരുഭൂസമരം ഉണ്ടാകുമെന്നുള്ള രീതിയിലാണോ അതോ പുരോഗമനാത്മകമായിട്ട ഒരു മാറ്റമുണ്ടാകുമെന്നാണോ പറയുന്നതു.

ശ്രീ. കെ. ഭാർഗ്ഗവൻ: ശ്രീമാൻ ജോർജിന്റെ ചോദ്യം എനിക്കു മനസ്സിലായി. അതാണ വാദമെങ്കിൽ ഞാൻ പറയാം. ഞങ്ങൾ പറയുന്നതു ഇൻഡ്യൻ നാഷണൽ കാൺഗ്രസ് അംഗീകരിച്ചിട്ടുള്ള പരിപാടി നടപ്പാക്കണം എന്നുള്ളതാണ്. ഭൂമിയുടെ നാഷണലൈസേഷനും കാളനൈസേഷനും പറഞ്ഞു ഒന്നും പറയുകയില്ല. ഇന്നു ഇൻഡ്യയിൽ ഇൻഡ്യൻനാഷണൽ കാൺഗ്രസ് അംഗീകരിച്ച പരിപാടി ഇവിടെ നടപ്പാക്കാൻ നിങ്ങൾ തയാറുണ്ടോ. ആ പരിപാടി ഭൂനയത്തെ സംബന്ധിച്ചിടത്തോളം കടലാസിൽ മാത്രമേയുള്ളൂ എന്നു പ്രധാനമന്ത്രികൂടി പറഞ്ഞിട്ടുണ്ട്. അതേപ്പറ്റി പഠിച്ചു നടപ്പാക്കാൻ ഒരു ആക്ഷൻ ഇൻഡ്യാ ബോർഡുതന്നെ ഉണ്ടാക്കാൻപോകുന്നുപോലും. കാൺഗ്രസ് പറയുന്നതുതന്നെ നിങ്ങൾ ചെയ്യാൻ തയാറുണ്ടായിരുന്ന എങ്കിൽ, ആ കാൺഗ്രസിന്റെ ഭൂനയപരിഷ്കാരത്തെ സംബന്ധിച്ചുള്ള റസല്യൂഷൻസ് അതൊരു അടിസ്ഥാന തത്വമായി ഇന്നും നിങ്ങൾ സ്വീകരിച്ചിരുന്ന എങ്കിൽ അതിനെസംബന്ധിച്ചു അഭിപ്രായവ്യത്യാസമുണ്ടാകുമായിരുന്നില്ല. അതിനു നിങ്ങൾ തയാറില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാലേത്തുഗോപിനാഥപിള്ള: കോൺഗ്രസിന്റെ ഭൂപരിഷ്കാരങ്ങളും നടപ്പാക്കിയാൽ കമ്മ്യൂണിസ്റ്റുപാർട്ടി തികച്ചും സംതൃപ്തമാകുമോ? വേറെ എന്തെങ്കിലും പരിപാടിയുണ്ടോ?

ശ്രീ. കെ. ഭാർഗ്ഗവൻ: കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഏതെല്ലാം പരിപാടികളാണെന്നു അറിയേണ്ടതു?

ശ്രീ. മാലേത്തുഗോപിനാഥപിള്ള: എന്റെ സ്നേഹിതൻ പറഞ്ഞതു് കോൺഗ്രസിന്റെ പരിപാടികളും നടപ്പാക്കാമെങ്കിൽ ഞങ്ങൾക്കു കേസില്ലാ എന്നാണു്. കോൺഗ്രസ്പാർട്ടിയുടെ പരിപാടികളും നടപ്പാക്കിയാൽ പിന്നെ കമ്മ്യൂണിസ്റ്റുപാർട്ടിക്കു കേസില്ലേ?

ശ്രീ. കെ. ഭാർഗ്ഗവൻ: പ്ലാനിംഗ് കമ്മിഷന്റെ ഭൂനയം സംബന്ധിച്ചുള്ള നിർദ്ദേശവും കോൺഗ്രസ്പാർട്ടി അംഗീകരിച്ചു പരിപാടിയും നടപ്പാക്കിയാൽ മതി.

ശ്രീ. കെ. അനിരുദ്ധൻ: ഈ കോൺഗ്രസിന്റെ ഭൂനയപരിപാടി നടപ്പാക്കുന്നതിനെതിരായി കോൺഗ്രസ്പാർട്ടിക്കകത്തുതന്നെ പ്രത്യേകിച്ചും സ്വതന്ത്രപാർട്ടിയുടെ അഭിപ്രായഗതികളും ഉള്ള ആളുകളും ഉണ്ടെന്നറിയാമോ? അതുകൊണ്ടു കോൺഗ്രസിന്റെ പരിപാടി നടപ്പാക്കാൻ കഴിയുന്നില്ലാ എന്നുള്ളതല്ലേ ഇന്നത്തെ പ്രധാനവിഷമം?

ശ്രീ. കെ. ഭാർഗ്ഗവൻ: കോൺഗ്രസിൽതന്നെ റൈറ്റിസ്റ്റുകളും, ലെഫ്റ്റിസ്റ്റുകളും കൂടാതെ ഇപ്പോൾ സെൻട്രലിസ്റ്റുകളും ഉണ്ടു്. അങ്ങനെ റൈറ്റിസ്റ്റുകളുടെ എന്തു പരിപാടിയുണ്ടെങ്കിലും ലെഫ്റ്റിസ്റ്റുകളുടെ എന്തു പരിപാടിയുണ്ടെങ്കിലും ഭൂനയപരിഷ്കരണംസംബന്ധിച്ചു ഒരു പരിപാടിയും നടപ്പാക്കാൻ കോൺഗ്രസിന്റെ താക്കോൽ സ്ഥാനങ്ങളിലിരിക്കുന്നവർ എല്ലാം എതിരാണു്. അവരാണു് ഗവണ്മെന്റിനെ നിയന്ത്രിക്കുന്നതു്. കോൺഗ്രസിന്റെ ഭൂനയപരിപാടികളും നടപ്പാക്കാൻ സാധിക്കാതെയിരിക്കുന്നതു് കോൺഗ്രസിന്റെ ഒരു വിഭാഗത്തിന്റെ എതിർപ്പുകൊണ്ടാണു്.

ശ്രീ. മാലേത്തുഗോപിനാഥപിള്ള: ഭൂമി നാഷണലൈസ് ചെയ്യണമെന്നുള്ള കമ്മ്യൂണിസ്റ്റുപാർട്ടിയുടെ തത്വത്തിൽനിന്നു എന്റെ സ്നേഹിതൻ മിസ്റ്റർ ഭാർഗ്ഗവൻ പുറകോട്ടു പോകുകയാണെന്നറിയാമോ?

ശ്രീ. കെ. ഭാർഗ്ഗവൻ: ശ്രീമാൻ ഗോപിക്കു കമ്മ്യൂണിസ്റ്റുപാർട്ടിയെപ്പറ്റിയും അറിവില്ല, സ്വതന്ത്രപാർട്ടിയെപ്പറ്റിയും അറിവില്ല. ഭൂമി നാഷണലൈസ് ചെയ്യുകയല്ല കമ്മ്യൂണിസ്റ്റുപാർട്ടി ചെയ്യിട്ടുള്ളതു്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ഭൂമിയെസംബന്ധിച്ചിടത്തോളം പ്രൈവറ്റു ഉടമ നിറുത്തലാക്കണം എന്നു ഇൻഡ്യൻകമ്മ്യൂണിസ്റ്റുപാർട്ടി ആഗ്രഹിക്കുന്നില്ലേ?

ശ്രീ. കെ. ഭാർഗ്ഗവൻ: ഇല്ല, ഇല്ല. ഞാൻ പറയാൻ തുടങ്ങുന്നതു്.

HALF AN HOUR DISCUSSION UNDER RULE 48

Reorganisation of Education in the State

Deputy Speaker: Order, order, we will now pass on to the next item in the agenda Discussion. Shri T. C. Narayanan Nambiar has given notice to raise a discussion on a matter of public
12 noon.] importance arising out of answers to Starred Question No. 18 (1972) dated 4th November 1963 regarding re-organisation of Education.

LIBRARY ARCHIVES Kerala Legislative Assembly